بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 04

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജനുവരി 27/ഹി.ശം. 1400 സ്വുൽഹ് 27/1443 ജമാദുൽ ആഖർ 23

## അല്ലാഹുവിന്റെ വചനം

وَاِنۡ یَّمۡسَسۡکَ اللّٰہُ بِضُرٍّ فَلَا کَاشِفَ لَہٗۤ اِلَّا ہُوَ ؕ وَ اِنۡ یَّمۡسَسۡکَ بِخَیۡرٍ فَہُوَ عَلٰی کُلِّ شَیۡءٍ قَدِیۡرٌ ۝

(سورۃ الانعام:18)

'അല്ലാഹു നിനക്കു വല്ല ദുരിതവുമേല്പിക്കുന്നതായാൽ അവനല്ലാതെ അതിനു നിവാരണമുണ്ടാക്കുന്നവൻ മറ്റാരുമില്ല. അവൻ നിനക്കു വല്ല നന്മയും എത്തിക്കുന്നതായാൽ(മനസ്സിലാക്കുക)അവൻ എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളനത്രെ.'(6:18)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# അഹ്മദിയ്യ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ വിജയകരവും അനുഗ്രഹീതവുമായി നടന്ന 126–ാമത് ജൽസസാലാന

കോവിഡിന്റെ സമ്മർദത്തിലുള്ള മനസ്സുകളുടെ കേട് അകറ്റുകയും അല്ലാഹുവിന്റെ ഈ മുന്നറിയിപ്പിൽനിന്ന് മനുഷ്യൻ പാഠമുൾക്കൊള്ളുകയും ചെയ്യാതെ ഇതേ നടപ്പുതന്നെ തുടരുകയാണെങ്കിൽ വലിയ ഭയാനകമായ ഫലങ്ങളായിരിക്കുമുണ്ടാകുക.

ഇന്നു ഞാൻ ഇസ്ലാം വിഭാവനം ചെയ്യുന്ന സമാധാനാധ്യാപനത്തിന്റെ കുറച്ചുവശങ്ങൾ വിവരിക്കുന്നതായിരിക്കും. അതനുസരിച്ച് കർമങ്ങൾ ചെയ്താൽ ലോകം സമാധാനത്തിന്റേയും ശാന്തിയുടേയും കളിത്തൊട്ടിലായിത്തീരുന്നതാണ്.

- ഇസ്ലാം പറയുന്നു: ഒരു കൂട്ടരും മറ്റൊരു കൂട്ടരുടെ മതസ്ഥാപകനെ ആക്ഷേപിക്കരുത്.
- മറ്റുള്ള മതങ്ങളെല്ലാം കളവാണെന്ന് ഇസ്ലാം പറയുന്നില്ല. എല്ലാ ജനതയിലും നബി വന്നിട്ടുണ്ടെന്ന് ഇസ്ലാം പറയുന്നു. വിശുദ്ധ ഖുർആനിലെ വചനമായ **വ ഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ** ന്റെ വെളിച്ചത്തിൽ ഒരു മുസ്ലിം ഹദ്റത്ത് ഈസായെ അല്ലെങ്കിൽ ഹിന്ദുക്കളുടെ അവതാരങ്ങളെ ആദരദൃഷ്ടിയോടെ നോക്കേണ്ടതാണ്.
- എല്ലാ മതാനുയായികളേയും എല്ലാ മതസ്ഥാപകരേയും ആദരിക്കാൻ ഇസ്ലാം പറയുന്നു.
- ഇസ്ലാമിനെ കുറിച്ച് അത് ഭീകരവാദമതമാണെന്നുള്ള തെറ്റായൊരു സങ്കല്പം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പ്രാരംഭകാലത്ത് ബലാൽക്കാരമായി മുസ്ലിമാക്കപ്പെട്ടു. വാസ്തവത്തിൽ ഇസ്ലാം അത് നിഷേധിക്കുന്നു.
- ഈ ലോകത്ത് വിശ്വസിക്കാത്ത കാരണത്താൽ ആർക്കും ഇസ്ലാം ശിക്ഷ വിധിച്ചിട്ടില്ല. ഇന്നും മുസ്ലിമീങ്ങളുടെ പ്രവൃത്തി ഈ അധ്യാപനമനുസരിച്ചാകുകയാണെങ്കിൽ ലോകർ ഇസ്ലാമിലേക്ക് ശ്രദ്ധിക്കുന്നതാണ്.
- ജനങ്ങളുടെ പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്. ശിക്ഷ കൊടുക്കുന്നതുകൊണ്ട് നന്നാകുമോ എന്ന് നോക്കേണ്ടതാണ്; അല്ലെങ്കിൽ മാപ്പുകൊടുക്കുന്നതുകൊണ്ട്! എന്തായാലും ഉദ്ദേശ്യം നന്നാക്കലായിരിക്കണം.
- എല്ലാതരത്തിലുള്ള കൊടുക്കൽ വാങ്ങലിലും ഇതരന്റെ അവകാശങ്ങൾ ശ്രദ്ധിക്കണമെന്ന് ഇസ്ലാം പറയുന്നു. അഹങ്കരിക്കരുതെന്നും ജനങ്ങളെ നിന്ദിതരും അപകൃഷ്ടരുമായി കാണരുതെന്നും ഇസ്ലാം പറയുന്നു. അഹങ്കരിച്ചുകൊണ്ട് യഥാർഥമായ ഒരു സ്ഥാനവും ലഭിക്കുകയില്ല. വിനയംതന്നെയാണ് യഥാർഥമായ നായകത്വം തരുന്നത്. ഇതേ നായകത്വമാണ് അനശ്വരമായ സമാധാനം സ്ഥാപിക്കുന്നതായി തീരുന്നത്.

പങ്കെടുക്കുന്നവർ ജൽസയുടെ ബർക്കത്തുകളും ഒപ്പം കൊണ്ടുപോകുന്നവരായിത്തീരണം. ലോകത്ത് എവിടെയൊക്കെ ഈ ജൽസാ പരിപാടി കേൾക്കുന്നവരുണ്ടോ അവർ ഒരു ആവേശവും വികാരവും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുന്നവരാകണം. തങ്ങളുടെ പ്രദേശത്ത് ഇസ്ലാമിന്റെ പരിശുദ്ധമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ഒരു വിപ്ലവമുണ്ടാക്കുന്നവരായിത്തീരുക.

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുൽതആലാ ബിനസ്രിഹിൽഅസീസ് ജൽസയിൽ പങ്കെടുത്തവരോടുചെയ്ത സമാപന പ്രഭാഷണം.**

❖കോവിഡു കാരണത്താൽ ഹുദൂറിന്റെ നിർദേശവും സർക്കാറിന്റെ നിയമങ്ങളുമനുസരിച്ച് പരിമിതമായ നിലയിൽ ജൽസ സംഘടിപ്പിച്ചു. ❖പക്ഷേ, തൽസമയ സ്ട്രീമിംഗ് മുഖേന വിശാലമായ നിലയിൽ ഫലങ്ങൾകൊയ്തു. തൽസമയ സ്ട്രീമിംഗ് മുഖേന ഒരു ലക്ഷത്തി ആറായിരത്തി നാല്പത്തിയാറാളുകൾ ജൽസാ പരിപാടി കാണുകയും കേൾക്കുകയും ചെയ്തു. ❖എട്ടു രാജ്യങ്ങളുടെ പ്രാതിനിധ്യം. ❖തഹജ്ജുദ് നമസ്കാരം. ❖ഖുർആനിക ദറസുകൾകൊണ്ടും ദൈവസ്മരണകൊണ്ടും നിറഞ്ഞ അന്തരീക്ഷം. ❖ആദരണീയരായ പണ്ഡിതന്മാരുടെ കടഞ്ഞെടുത്ത പ്രസംഗങ്ങൾ ❖ദേശീയഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ. ❖ജമാഅത്തംഗങ്ങളുടെ അറിവുകളിൽ വർധനയുണ്ടാക്കുന്നതിന് തർബിയ്യത്തുപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററികൾ. വിവിധ പ്രദർശനങ്ങൾ. ❖നിക്കാഹുകളുടെ വിളംബരം. ❖പ്രിന്റ് & ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ❖സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ പരിപാടികളുടെ പൂർണത.

റിപ്പോർട്ട്: ***മൻസ്വൂർ അഹ്മദ് മസ്റൂർ*** *(മുൻതളിം റിപ്പോർട്ടിംഗ്)*

അൽഹംദുലില്ലാഹ് 'ബുസ്താനെ അഹ്മദി'ന്റെ വിശാലമായ അങ്കണത്തിൽ ഖാദിയാൻ ജൽസസാലാന 2021 ഡിസംബർ 24, 25, 25 വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ സംഘടിപ്പിക്കുകയും വിജയകരമായ നിലയിൽ സമാപിക്കുകയും ചെയ്തു. കോവിഡിന്റെ നിലവിലെ അവസ്ഥകൾ പരിഗണിച്ച് ഹുദൂർ അൻവറിന്റെ മാർഗദർശനത്തിന്റേയും ഉപദേശത്തിന്റേയും വെളിച്ചത്തിൽ ഖാദിയാനിൽവന്ന് ജൽസകേൾക്കുന്നവരുടെ ഹാജർനില പരിമിതമായിരുന്നെങ്കിലും ലൈവ് സ്ട്രീമിംങ് മുഖേന ഇന്ത്യയൊട്ടുക്കുമുള്ള അഹ്മദികൾ ജൽസ നല്ലവണ്ണം പ്രയോജനപ്പെടുത്തുകയുണ്ടായി. എന്നല്ല വിദേശ രാജ്യങ്ങളും ജൽസ കാണുകയും കേൾക്കുകയും ചെയ്തു. അപ്രകാരം അല്ലാഹു ദുഷ്കരമായ അവസ്ഥകളിലും നമുക്കുവേണ്ടി തബ്ലീഗ് - തർബിയ്യത്തിന്റെ പുതിയവഴികൾ ലഭ്യമാക്കി. രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം ഹുദൂർ അയ്യദഹുല്ലായുടെ പ്രത്യേകമായ മാർഗനിർദേശങ്ങളുടേയും ദുആകളുടേയും

ശേഷം പേജ് 15ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

ഖുറയ്ശികൾ നബി(സ)തിരുമേനിയെ ഉപദ്രവിക്കാൻ സംഘടിക്കുകയും ഇടപാടുകൾ സംബന്ധിച്ച രേഖ തയ്യാറാക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് സിദ്ദീഖ്(റ) ഈ ദുഷ്കരമായ ഘട്ടത്തിലും നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു.

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

അഫ്ഗാനിസ്താനിലേയും പാക്കിസ്താനിലേയും അഹ്മദികൾക്കു ദുആ ചെയ്യാൻ പ്രത്യേക ആഹ്വാനം. അൽഹാജ് അബ്ദുർറഹ്മാൻ എന്നിൻ(Ennin) സാഹിബ്, അദ്‌യാബ് അലി മുഹമ്മദ് അൽജബാലി സാഹിബ്, റിട്ടയേർഡ് മുറബ്ബിയായിരുന്ന ദീൻ മുഹമ്മദ് സാഹിബ്, മിയ റഫീഖ് അഹ്മദ് സാഹിബ്, മുൻ അമീർ ഇഹ്സാനുല്ലാഹ് സഫർ സാഹിബിന്റെഭാര്യ ഖാനിത്താ സഫർ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും **ജനാസഗാഇബും.**

**ഖുത്ബ ജുമുഅ 2021 ഡിസംബർ 17/1400 ഫതഹ് 17, മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹദ്റത്ത് അബുബക്ർ(റ)നെ സംബന്ധിച്ച് അദ്ദേഹം അടിമകളെ സ്വാതന്ത്രരാക്കിയ കാര്യങ്ങളാണ് പറഞ്ഞു വന്നിരുന്നത്. അതിൽ കുറെ കൂടി സംഭവങ്ങളുണ്ട്. ഹദ്റത്ത് അബൂബക്ർ (റ) നഹ്ദിയയേയും അവരുടെ മകളെയും സ്വാതന്ത്രരാക്കി. ഇവർ രണ്ടുപേരും ബനൂ അബ്ദുദ്ദാറിലെ ഒരു സ്ത്രീയുടെ അടിമകളായിരുന്നു. ഹദ്റത്ത് അബൂബക്ർ (റ) അവരുടെ രണ്ടു പേരുടെയും അടുത്തുകൂടെ പോകാനിടയായി. അവരുടെ യജമാനത്തി അവരെ ധാന്യം പൊടിപ്പിക്കാൻ അയച്ചതായിരുന്നു. ആ യജമാനത്തി ഇങ്ങനെ പറയുന്നുണ്ടായിരുന്നു. അല്ലാഹുവാണ! ഞാൻ നിങ്ങളെ ഒരിക്കലും സ്വാതന്ത്രരാക്കുന്നതല്ല. അതല്ല, അവർ ആരെയോ സത്യം ചെയ്തു പറയുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ, അങ്ങ് പോകുക. നിങ്ങൾ തന്നെയാണ് ഇവർ രണ്ടു പേരെയും വഷളാക്കുന്നത്. നിങ്ങൾക്ക് ഇവരെ സംബന്ധിച്ച് ഇത്രയധികം ശ്രദ്ധയുണ്ടെങ്കിൽ നിങ്ങളിവരിരുവരേയും സ്വാതന്ത്രരാക്കിക്കൊള്ളൂ. ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: ഞാൻ ഇവർക്ക് രണ്ടു പേർക്കും പകരമായി എത്ര തുകയാണ് നൽകേണ്ടത്. അവർ പറഞ്ഞു: ഇത്ര ഇത്ര തരണം. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു ഞാൻ ഇവർ രണ്ടു പേരെയും ഏറ്റെടുക്കുന്നു. ഇവർ രണ്ടുപേരും സ്വാതന്ത്രരാണ്. പിന്നെ ഹദ്റത്ത് അബൂബക്ർ(റ) അവരോട് പറഞ്ഞു: ആ സ്ത്രീയുടെ പൊടിച്ചപൊടി അവർക്ക് തിരിച്ചുകൊടുക്കൂ. അതായത് ഇവർ ഇരുവരുടെയും യജമാനത്തി ആയിരുന്ന ആ സ്ത്രീക്ക് പൊടിക്കാൻ തന്ന മാവ് തിരിച്ച് കൊടുക്കൂ. അവരിരുവരും പറഞ്ഞു: അബൂബക്കറേ! ഞങ്ങൾ ഈ ജോലി ചെയ്തു തീർക്കട്ടെ. അതായത് മാവാക്കി തിരിച്ചു കൊടുക്കട്ടെ. ഞങ്ങൾക്ക് തന്നിട്ടുള്ള കടമ പൂർത്തിയാക്കട്ടെ. മാവ് പൊടിച്ച് കൊടുത്തിട്ട് വരാം. ഹദ്റത്ത് അബൂബക്ർ (റ) പറഞ്ഞു: 'ശരി നിങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ ആയിക്കൊള്ളട്ടെ.'

ഹദ്റത്ത് അബൂബക്ർ(റ) ഒരിക്കൽ ബനൂ മഅമലിലെ ഒരു അടിമസ്ത്രീയുടെ അടുത്തൂടെ പോകാൻ ഇടവന്നു. ബനൂമഅമൽ ബനൂ അദീ ഇബ്നു കഅ്ബിന്റെ ഒരു ഗോത്രമായിരുന്നു. ആ അടിമസ്ത്രീ മുസ്ലിമായിട്ടുണ്ടായിരുന്നു. ഉമർ ബിൻ ഖത്ത്വാബ്(റ) അവർ ഇസ്ലാം ഉപേക്ഷിക്കുന്നതിന് വേണ്ടി അവരെ ഉപദ്രവിച്ച് കൊണ്ടിരുന്നു. ഹദ്റത്ത് ഉമർ(റ) ആ കാലത്ത് ബിംബാരാധകനായിരുന്നു. ഇസ്ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. അവരെ മർദിക്കുമായിരുന്നു. ഞാൻ ക്ഷീണിച്ചതുകൊണ്ടാണ് നിന്നെ ഇപ്പോൾ വിടുന്നതെന്ന് ഉമർ പറയുമായിരുന്നു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'അല്ലാഹു നിന്നോടും ഇങ്ങനെതന്നെ പെരുമാറുന്നതായിരിക്കും.' പിന്നെ ഹദ്റത്ത് അബൂബക്ർ(റ) അവരെ വിലക്കുവാങ്ങി സ്വാതന്ത്രയാക്കി.

ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബൂബക്ർ(റ)ന്റെ പിതാവ് അബൂഖുഹാഫ അദ്ദേഹത്തോട് പറഞ്ഞു: 'എന്റെ മകനേ!നീ ദുർബലരായ ആളുകളെ സ്വാതന്ത്രരാക്കുന്നത് ഞാൻ കാണുന്നു. നീ ചെയ്യുന്നത് തന്നെയാണ് തുടരാനാഗ്രഹിക്കുന്നതെങ്കിൽ ശക്തരായ പുരുഷന്മാരെ സ്വത്രരാക്കുക. അങ്ങനെയായാൽ അവർ നിനക്ക് സംരക്ഷണം നൽകുന്നതായിരിക്കും. അവർ നിന്നോടൊപ്പം നില്ക്കുന്നതുമാണ്.' നിവേദകൻ പറയുന്നു. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'എന്റെ പിതാവേ! ഞാൻ അല്ലാഹുവിന്റെ പ്രീതി മാത്രമാണ് ആഗ്രഹിക്കുന്നത്.'*(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 236, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ചില ഖുർആൻ വ്യാഖ്യാതാക്കൾ അല്ലാമാ ഖുർതുബി, അല്ലാമാ ആലൂസി തുടങ്ങിയവർ താഴെ ചേർക്കുന്ന ആയത്തുകൾ ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഈ പ്രവൃത്തി കാരണം അദ്ദേഹത്തെ പ്രകീർത്തിച്ചുകൊണ്ടാണ് ഇറങ്ങിയതെന്ന് എഴുതുന്നു:

فَاَمَّا مَنْ اَعْطٰی وَاتَّقٰی ○ وَصَدَّقَ بِالْحُسْنٰی ○ فَسَنُیَسِّرُہٗ لِلْیُسْرٰی ○ وَاَمَّا مَنْۢ بَخِلَ وَاسْتَغْنٰی ○ وَکَذَّبَ بِالْحُسْنٰی ○ فَسَنُیَسِّرُہٗ لِلْعُسْرٰی ○ وَمَا یُغْنِیْ عَنْہُ مَالُہٗۤ اِذَا تَرَدّٰی ○ اِنَّ عَلَیْنَا لَلْھُدٰی ○ وَاِنَّ لَنَا لَلْاٰخِرَۃَ وَالْاُوْلٰی ○ فَاَنْذَرْتُکُمْ نَارًا تَلَظّٰی ○ لَا یَصْلٰھَاۤ اِلَّا الْاَشْقَی ○ الَّذِیْ کَذَّبَ وَتَوَلّٰی ○ وَسَیُجَنَّبُھَا الْاَتْقَی ○ الَّذِیْ یُؤْتِیْ مَالَہٗ یَتَزَکّٰی ○ وَمَا لِاَحَدٍ عِنْدَہٗ مِنْ نِّعْمَۃٍ تُجْزٰۤی ○ اِلَّا ابْتِغَآءَ وَجْہِ رَبِّہِ الْاَعْلٰی ○ وَلَسَوْفَ یَرْضٰی ○

(സൂറലയ്ൽ 92:6-22)

'അപ്പോൾ ആര് (അല്ലാഹുവിന്റെ മാർഗത്തിൽ) നല്കുകയും സൂക്ഷ്മതപാലിക്കുകയും, ഏറ്റവും വിശിഷ്ടമായതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നുവോ, അവന് തീർച്ചയായും ഏറ്റവും സുഗമമായമാർഗം നാം സൗകര്യപ്പെടുത്തിക്കൊടുക്കും. എന്നാൽ, ആര് പിശുക്ക് കാണിക്കുകയും സ്വാശ്രയത്വം നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിക്കുകയും ചെയ്യുന്നുവോ അവന് ഏറ്റവും ദുഷ്കരമായ മാർഗത്തെ നാം ഏർപ്പെടുത്തിക്കൊടുക്കും. അവൻ നാശമടയുമ്പോൾ അവന്റെ ധനം അവന് പ്രയോജനപ്പെടുകയില്ല. നിസംശയം മാർഗദർശനം നമ്മുടെ ബാധ്യതയത്രെ. (ഓരോ കാര്യത്തിന്റേയും) അന്ത്യവും ആദ്യവും നമ്മുടേതു തന്നെയാണ്. അതിനാൽ കത്തിക്കാളുന്ന അഗ്നിയെ കുറിച്ച് ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നല്കുന്നു. നിഷേധിക്കുകയും പിന്തിരിഞ്ഞു കളയുകയും ചെയ്യുന്ന പരമദുർഭഗനല്ലാതെ അതിൽ കടക്കുകയില്ല. എന്നാൽ, പരിശുദ്ധിയാർജിച്ചുകൊണ്ട് തന്റെ ധനം(അല്ലാഹുവിന്റെ മാർഗത്തിൽ)നല്കുന്ന ഉത്തമഭക്തൻ അതിൽനിന്ന് അകറ്റപ്പെടുന്നതാണ്. പ്രത്യുപകാരം ചെയ്യാൻ കടപ്പെട്ട ഒരു ഔദാര്യവും അവന്റെയടുക്കൽ ആർക്കുമില്ല. പരമോന്നതനായ തന്റെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടല്ലാതെ (അവനത് നല്കിയിട്ടില്ല) (അവനെപ്പറ്റി) അവൻ(അല്ലാഹു)തീർച്ചയായും തൃപ്തനാകും.(92:6-22)

*(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഉർദു തർജമ, പേജ് 74)(അൽജാമിഉൽഅഹ്കാമുൽ ഖുർആൻ ലി ഇമാമുൽഖുർത്വബീ, വാല്യം 2, പേജ് 3330, സൂറത്തുല്ലയ്ൽ ദാറു ഇബ്നു ഹസ്മ, ബെയ്റൂത്ത് 2004)*

ഹദ്റത്ത് അബൂബക്ർ(റ)സ്വാതന്ത്രരാക്കിയ അടിമകളിൽ ഒരാൾ ഹദ്റത്ത് ഖബ്ബാബ് ബിൻ അറത്ത് ആയിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഹദ്റത്ത് ഖബ്ബാബിനെ അനുസ്മരിച്ചുകൊണ്ട് പറയുന്നു: 'ഒരു സ്വഹാബി, അദ്ദേഹം അടിമയായിരുന്നു. അദ്ദേഹമൊരിക്കൽ കുളിക്കുന്നതിനുവേണ്ടി കുപ്പായം ഊരിയപ്പോൾ അദ്ദേഹത്തിന്റെ അടുത്ത് ഒരാൾ നിൽക്കുന്നുണ്ടായിരുന്നു. അയാൾ അദ്ദേഹത്തിന്റെ പുറം വളരെ പരുപരുത്ത് ഇരിക്കുന്നതായി കണ്ടു: പോത്തിന്റെയൊക്കെ തോലുപോലെ. ഇതു കണ്ട അയാൾ അത്ഭുതപ്പെട്ടുപോയി. അയാൾ അദ്ദേഹത്തോട് ചോദിച്ചു: 'നിനക്ക് എപ്പോൾ മുതലാണ് ഈ രോഗം പിടിപെട്ടത്? നിന്റെ പുറത്തുള്ള തൊലി മൃഗങ്ങളുടെ തൊലിപോലെ പരുപരുത്തിരിക്കുക യാണല്ലോ?' ഇതു കേട്ടപ്പോൾ അദ്ദേഹം ചിരിച്ചു. അതായത് ഹദ്റത്ത് ഖബ്ബാബ്(റ) ചിരിച്ചുകൊണ്ട് പറഞ്ഞു: 'രോഗമൊന്നുമില്ല. ഞങ്ങൾ ഇസ്ലാം സ്വീകരിച്ചപ്പോൾ മുതൽ ഞങ്ങളുടെ യജമാനൻ തീരുമാനിച്ചത് ഞങ്ങൾക്ക് ശിക്ഷ നൽകണമെന്നാണ്. അങ്ങനെ കഠിനമായ വെയിലിൽ ഞങ്ങളെ കിടത്തി മർദിക്കാൻ തുടങ്ങുകയും മുഹമ്മദ്(സ)യെ ഞങ്ങൾ അംഗീകരിക്കുന്നില്ലെന്ന് പറയാൻ ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്തു. ഞങ്ങൾ അതിനു മറുപടിയായി 'ശഹാദത്തുകലിമ' ചൊല്ലുമായിരുന്നു. അപ്പോൾ അയാൾ വീണ്ടും മർദിക്കും. അങ്ങനെ അയാൾക്ക് കോപം ശമിക്കാതെ വരുമ്പോൾ ഞങ്ങളെ കല്ലുകളിലൂടെ വലിച്ചിഴച്ചിരുന്നു.' എഴുതുന്നു: 'അറേബ്യയിൽ മണ്ണുകൊണ്ടുള്ള വീടുകളെ വെള്ളത്തിൽ നിന്ന് സുരക്ഷിതമാക്കുന്നതിനുവേണ്ടി വീടുകളുടെ അടുത്ത് ഒരു തരം കല്ലുകൊണ്ടിടുമായിരുന്നു. അതിന് പഞ്ചാബിയിൽ 'കങ്കർ' എന്നാണ് പറയുക. ഇതു വളരെ പരുപരുത്തതും കൂർത്ത മുനയുള്ളതുമായ കല്ലുകളാണ്. ജനങ്ങൾ ഇത് വീടുകൾക്കടുത്ത് ഇടുന്നത് വെള്ളത്തിന്റെ ഒഴുക്കു കാരണം വീടുകൾക്ക് കേടുപാടുകൾ പറ്റാതിരിക്കാനാണ്. അതായത് ചുമരുകൾക്ക് കേടു പറ്റാതിരിക്കാൻ.' ആ സ്വഹാബി തുടർന്ന് പറയുന്നു: 'ഞങ്ങൾ ഇസ്ലാമിനെ എതിർക്കാതെ വരുകയും ജനങ്ങൾ ഞങ്ങളെ മർദിച്ച് ക്ഷീണിക്കുകയും ചെയ്യുമ്പോൾ അവർ ഞങ്ങളെ കാലുകളിൽ കയറുകെട്ടി ഈ കല്ലുകളിലൂടെ വലിച്ചിഴയ്ക്കുമായിരുന്നു. നിങ്ങൾ ഇപ്പോൾ ഈ കാണുന്നത് ആ മർദ്ദനത്തിന്റേയും ആ വലിച്ചിഴച്ചതിന്റേയും ഫലമാണ്.' ചുരുക്കത്തിൽ വർഷം മുഴുവൻ അവർക്കുമേൽ ആക്രമണങ്ങളുണ്ടായി. അവസാനം ഹദ്റത്ത് അബൂബക്ർ(റ)ന് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം തന്റെ സ്വത്തിന്റെ വലിയൊരു ഭാഗം വിറ്റ് അവരെ മോചിപ്പിക്കുകയുണ്ടായി.' *(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 22, പേജ് 546-547, ജുമുഅ ഖുത്ബ 31-10-1941)*

ഹദ്റത്ത് അബൂബക്ർ(റ) അടിമകളെ മോചിപ്പിച്ച സംഭവം അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ, അൽമുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ) തിരുമേനിയെ വിശ്വസിച്ച ഈ അടിമവംശജർ വ്യത്യസ്ത സമൂഹങ്ങളിൽ പെട്ടവരായിരുന്നു. അതിൽ ബിലാലിനെപോലുള്ള നീഗ്രോയുമുണ്ടായിരുന്നു. സ്വുഹയ്ലിനെ പോലുള്ള റോമക്കാരനുമുണ്ടായിരുന്നു. ജുബയ്റിനെ(റ) പോലെയും സ്വുഹയ്ബിനെ പോലെയുമുള്ള ക്രിസ്ത്യാനികളുമുണ്ടായിരുന്നു. ബിലാലിനെയും അമ്മാറിനെയും പോലെയുള്ള അന്യാരാധകരുമുണ്ടായിരുന്നു. ബിലാലിനെ അദ്ദേഹത്തിന്റെ യജമാനൻ ചുട്ടുപഴുത്ത മണലിൽ കിടത്തുകയും അദ്ദേഹത്തിന്റെ പുറത്ത് കല്ലെടുത്തു വെക്കുകയോ യുവാക്കളെ അദ്ദേഹത്തിന്റെ നെഞ്ചത്ത് ചാടികളിക്കാൻ വിടുകയോ ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഈ അക്രമങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിന്റെ യജമാനന് അദ്ദേഹത്തിന്റെ വില കൊടുത്ത് അദ്ദേഹത്തെ മോചിപ്പിക്കുകയുണ്ടായി.' *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 193-194)*

ഹദ്റത്ത് അബൂബക്ർ(റ) ഒരിക്കൽ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് ഇങ്ങനെ പറയപ്പെടുന്നു: 'മുസ്ലിമീങ്ങൾ വർധിക്കുകയും ഇസ്ലാം വെളിപ്പെടുകയും ചെയ്തപ്പോൾ നിഷേധികളായ ഖുറയ്ശികൾ താന്താങ്ങളുടെ ഗോത്രങ്ങളിൽ ഈ വിശ്വാസികളായവരുടെമേൽ കഠിനമായ ബുദ്ധിമുട്ടുകളും ശക്തമായ പ്രയാസങ്ങളും ഉണ്ടാക്കിത്തുടങ്ങി. അവരുടെ ലക്ഷ്യം ഇവരെ ദീനിൽനിന്ന് പിന്തിരിപ്പിക്കുക എന്നതായിരുന്നു. അപ്പോൾ നബി(സ)തിരുമേനി വിശ്വാസികളോട് പറഞ്ഞു: 'നിങ്ങൾ ഭൂമിയിൽ പരക്കുവിൻ, തീർച്ചയായും അല്ലാഹു നിങ്ങളെല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതാണ്.' സ്വഹാബാക്കൾ ചോദിച്ചു: 'ഞങ്ങൾ എങ്ങോട്ടാണ് പോകേണ്ടത്?' നബി(സ) തിരുമേനി ഹബ്ശയുടെ(അബീസീനിയ) ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു: 'അവിടേക്ക്.' ഇത് നബ്വി അഞ്ചാം വർഷം റജബ് മാസത്തിലെ കാര്യമാണ്. നബി(സ) തിരുമേനിയുടെ നിർദേശാനുസരണം പതിനൊന്ന് പുരുഷന്മാരും നാലു സ്ത്രീകളും ഹബ്ശയിലേക്ക് പലായനം ചെയ്തു. *(ശറഹ് അസ്സുർഖാനി അലൽമവാഹിബുല്ലദുന്നീ, വാല്യം 1, പേജ് 503 -504, അൽഹിജ്റത്തുൽഊലാ ഇലൽ ഹബ്ശ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

മുസ്ലിമീങ്ങൾ ഹബ്ശയിലേക്ക് പലായനം ചെയ്തതിനുശേഷം ശത്രുക്കൾ ഹദ്റത്ത് അബൂബക്ർ(റ)നെയും ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹവും ഹബ്ശയിലേക്ക് പാലായനം ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് ബുഖാരിയിൽ ഒരു നിവേദനമുണ്ട്. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: 'മുസ്ലിമീങ്ങൾക്ക് പ്രയാസങ്ങൾ നൽകി തുടങ്ങിയപ്പോൾ ഹദ്റത്ത് അബൂബക്ർ പാലായനം ചെയ്യാനുള്ള ഉദ്ദേശ്യത്തോടുകൂടി ഹബ്ശയുടെ ഭാഗത്തേക്ക് പുറപ്പെട്ടു. അങ്ങനെ അദ്ദേഹം 'ബർക്കുൽഗിമാദ്' എന്ന സ്ഥലത്തെത്തി. 'ബർക്കുൽഗിമാദ്' യമനിലുള്ള ഒരു പട്ടണമാണ്. അത് മക്കയിൽ നിന്നു അഞ്ചു ദിവസത്തെ യാത്രക്കുശേഷമെത്തുന്ന സമുദ്ര തീരത്തുള്ള ഒരു സ്ഥലമാണ്. അവിടെ ഇബ്നു ദഗിന അദ്ദേഹത്തെ കണ്ടു. ഇയാൾ'ഖാറഹ്' ഗോത്രത്തലവനായിരുന്നു. അയാൾ ചോദിച്ചു: 'അബൂബക്ർ എവിടെ പോകാനാണ് ഉദ്ദേശിക്കുന്നത്?' ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: എന്റെ സമൂഹം എന്നെ പുറത്താക്കിയിരുന്നു. ഞാൻ ഭൂമിയിൽ ചുറ്റി സഞ്ചരിക്കാനും എന്റെ റബ്ബിനെ ആരാധിക്കാനുമാണ് ആഗ്രഹിക്കുന്നത്.' ഇബ്നു ദഗിന പറഞ്ഞു: 'താങ്കളെ പോലുള്ളവർ നാട്ടിൽനിന്നു സ്വയം പുറത്ത് പോകുകയോ പുറത്താക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല. താങ്കൾ നഷ്ടപ്പെട്ടുപോയ നന്മകൾ നില നിറുത്തുകയും കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുകയും അവരുടെ ഭാരം വഹിക്കുകയും അതിഥി സൽക്കാരം ചെയ്യുകയും പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്നു.' മറ്റൊരു തർജമയിൽ ഇങ്ങനെ വന്നിരിക്കുന്നു: 'ഒന്നുമില്ലാത്തവർക്ക് താങ്കൾ നൽകുന്നയാളാണ്. ബന്ധുക്കളോട് താങ്കൾ നല്ല രീതിയിൽ പെരുമാറുന്നു, നിസ്സഹായരായവരെ സഹായിക്കുന്നു. അതിഥികളെ സൽകരിക്കുന്നു. യഥാർഥ പ്രയാസങ്ങളിൽ ഉള്ളവരെ സഹായിക്കുകയും ചെയ്യുന്നു.' തുടർന്ന് അയാൾ പറഞ്ഞു: 'ഞാൻ താങ്കളെ എന്റെ അഭയത്തിൽ ഏറ്റെടുക്കുന്നു. താങ്കൾ തിരിച്ച് പോകുക. സ്വന്തം നാട്ടിൽ താങ്കളുടെ റബ്ബിനെ ആരാധിച്ചുകൊള്ളുക.' ഇബ്നു ദഗിന ഹദ്റത്ത് അബൂബക്റിനെയും കൂട്ടി മക്കയിലെത്തി. നിഷേധികളായ ഖുറയ്ശി മൂപ്പന്മാരെ കണ്ടുമുട്ടി. അവരോട് പറഞ്ഞു: 'അബൂബക്ർ(റ)നെ പോലുള്ള വ്യക്തി നാട്ടിൽനിന്ന് പുറത്ത് പോകുകയോ പുറത്താക്കപ്പെടുകയോ ചെയ്യാവതല്ല. നഷ്ടപ്പെട്ടുപോയ നന്മകൾ സ്ഥാപിക്കുകയും കുടുംബ ബന്ധങ്ങൾ നിലനിറുത്തുകയും അവശരുടെ ഭാരം ഏറ്റെടുക്കുകയും അതിഥി സൽക്കാരം നടത്തുകയും പ്രയാസങ്ങളിൽ സഹായിക്കുകയും ചെയ്യുന്ന ഒരാളെയാണോ നിങ്ങൾ പുറത്താക്കുന്നത്?' അപ്പോൾ ഖുറയ്ശികൾ ഇബ്നു ദഗിനയുടെ അഭയം അംഗീകരിക്കുകയും ഹദ്റത്ത് അബൂബക്ർ(റ)ന് അഭയം നൽകുകയും ചെയ്തു. അബൂബക്ർ സ്വന്തം വീട്ടിൽ അയാളുടെ റബ്ബിനെ ആരാധിക്കേണ്ടതാണെന്നും അവിടെ നമസ്കരിക്കുകയോ എന്തോ ചെയ്തു കൊള്ളട്ടെ, പക്ഷേ, തങ്ങൾക്ക് അയാളുടെ ഇബാദത്തും ഖുർആൻ പാരായണവും പ്രയാസം ഉണ്ടാക്കരുതെന്നും ഉച്ചത്തിൽ അത് പാരായണംചെയ്യരുതെന്നുംകാരണംതങ്ങളുടെ സ്ത്രീകളും കുട്ടികളും വഴിതെറ്റി പോകുമോ എന്ന് തങ്ങൾ ഭയപ്പെടുന്നുവെന്നുമുള്ള കാര്യം അബൂബക്റിനോട് പറയാൻ ഇബ്നു ദഗിനയോട് അവർ പറയുകയും ചെയ്തു. ഇബ്നു ദഗിന ഇതു ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) തന്റെ വീട്ടിനുള്ളിൽത്തന്നെ തന്റെ റബ്ബിനെ ആരാധിക്കാൻ തുടങ്ങി. വീടിനു പുറത്ത് പരസ്യമായനിലയിൽ നമസ്കരിക്കികയോ ഖുർആൻ പാരായണം ചെയ്യുകയോ ചെയ്തില്ല. പിന്നെ കുറച്ചുകാലശേഷം ഹദ്റത്ത് അബൂബക്ർ(റ) വീടിനു പുറത്ത് മുറ്റത്ത് ഒരു മസ്ജിദ് അതായത് നമസ്കരിക്കാനുള്ള സ്ഥലം ഉണ്ടാക്കാനും തുറന്ന സ്ഥലത്തേക്ക് ഇറങ്ങാനും ആഗ്രഹിച്ചു. അവിടെ അദ്ദേഹം നമസ്കരിക്കുകയും ഖുർആൻ പാരായണ ചെയ്യുകയും ചെയ്തു പോന്നു. അദ്ദേഹത്തിനടുത്ത് അന്യാരാധകരുടെ സ്ത്രീകളും കുട്ടികളും തടിച്ചു കൂടാൻ തുടങ്ങി. അവർ അത്ഭുതപ്പെട്ടു. അതായത് ഹദ്റത്ത് അബൂബക്ർ(റ)നെ കണ്ട അവർ അത്ഭുതം

കൂറി. ഹദ്റത്ത് അബൂബക്ർ(റ) വളരെയധികം കരയുന്ന ആളായി അവർ കണ്ടു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ അദ്ദേഹത്തിന് കണ്ണുനീർ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല.

ഈ അവസ്ഥകളെല്ലാം ഖുറയ്ശികളിലെ അന്യാരാധകരായ മൂപ്പന്മാരെ അസ്വസ്ഥരാക്കി. അവർ ഇബ്നു ദഗിനയെ വിളിച്ചുവരുത്തി. അദ്ദേഹം അവർക്കടുത്തെത്തിയപ്പോൾ അവർ അയാളോട് പറഞ്ഞു: 'ഞങ്ങൾ അബൂബക്റിന് അഭയം നൽകിയത് അദ്ദേഹം തന്റെ വീട്ടിൽ മാത്രം ആരാധനകൾ നടത്തുമെന്ന നിബന്ധനയിലാണ്. പക്ഷേ, അദ്ദേഹം ഈ നിബന്ധന ഗൗനിക്കുന്നില്ല. വീടിന്റെ മുറ്റത്ത് മസ്ജിദ് ഉണ്ടാക്കിയിരിക്കുന്നു. പരസ്യമായ നിലയിൽ നമസ്കരിക്കാനും ഖുർആൻ പാരായണം ചെയ്യാനും തുടങ്ങിയിരിക്കുന്നു. ഞങ്ങളുടെ ആൺകുട്ടികളും സ്ത്രീകളും പരീക്ഷണത്തിൽ അകപ്പെട്ടു പോകുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. നിങ്ങൾ അദ്ദേഹത്തിനടുത്ത് പോകുക, അദ്ദേഹം വീടിനുള്ളിൽത്തന്നെ തന്റെ ആരാധനകൾ ചെയുകയാണെങ്കിൽ ചെയ്തു കൊള്ളട്ടെ. പരസ്യമായി അങ്ങനെ ചെയ്യാൻ ശാഠ്യം പിടിക്കുകയാണെങ്കിൽ നിങ്ങൾ നൽകിയ അഭയം തിരിച്ചേൽപ്പിക്കാൻ അയാളോട് പറയുക. നിങ്ങൾ നൽകിയ ഉത്തരവാദിത്വം ലംഘിക്കുന്നത് ഞങ്ങൾ മോശമായി കരുതുന്നു. ഞങ്ങളൊരിക്കലുംതന്നെ അബൂബക്റിന് പരസ്യമായി ഇബാദത്ത് ചെയ്യാൻ അനുമതി നൽകുന്നതല്ല.' ഹദ്റത്ത് ആഇശ(റ) പറയുന്നു: ഇബ്നു ദഗിന അബൂബക്റിന്റെ അടുത്തെത്തി പറഞ്ഞു: 'ഞാൻ താങ്കൾക്കുവേണ്ടി ഏത് നിബന്ധനയിലാണ് ഉടമ്പടി ചെയ്തതെന്ന് താങ്കൾക്കറിയാം. അതുകൊണ്ട് താങ്കൾ ആ പരിധിയിൽതന്നെ നിൽക്കണം. അല്ലെങ്കിൽ എന്റെ അഭയം എന്നെ തിരിച്ചേൽപ്പിക്കുക. കാരണം ഞാൻ ഒരാൾക്ക് അഭയം നൽകുകയും അയാൾ ഉടമ്പടി ലംഘിച്ചുവെന്നും പറയുന്നത് അറബികൾ കേൾക്കുന്നത് എനിക്കിഷ്ടമല്ല.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ താങ്കളുടെ അഭയം താങ്കളെ തിരിച്ചേൽപ്പിക്കുന്നു. അല്ലാഹുവിന്റെ അഭയത്തിൽ ഞാൻ തൃപ്തനാണ്.' *(സ്വഹീഹ് ബുഖാരി, കിതാബുൽകഫാല, ബാബു ജിവാരി അബൂബക്റിൻ ഫീ അഹ്ദിന്നബിയ്യി(സ) വ അഖ്ദിഹീ, ഹദീഥ് നമ്പർ 2297)*

ഹദ്റത്ത് അബൂബക്ർ(റ) തന്റെ മുറ്റത്തുണ്ടാക്കിയ മസ്ജിദിനെ സംബന്ധിച്ച് സ്വഹീഹ് ബുഖാരിയുടെ വിശദീകരണമായ ഉംദത്തുൽ ഖാരിയിൽ ഇപ്രകാരം പറയുന്നു: 'ഈ മസ്ജിദ് വീടിന്റെ ചുമരുകൾവരെ പരന്നതായിരുന്നു. ഇസ്ലാമിൽ ഉണ്ടാക്കിയ ആദ്യത്തെ മസ്ജിദുമായിരുന്നു.' *(ഉംദത്തുൽ ഖാരി, കിതാബുൽകഫാല, വാള്യം 12, പേജ് 185, ബാബു ജിവാരി അബൂബക്റിൻ ഫീ അഹ്ദിന്നബിയ്യി(സ) ഹദീഥ് നമ്പർ 2297)*

ഹദ്റത്ത് മുസ്‌ലിഹ് മസ്ഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്റിനോടു മുഴുവൻ മക്കയും കടപ്പെട്ടിരിക്കുന്നു. അദ്ദേഹം സമ്പാദിച്ചിരുന്നതുമുഴുവൻ അടിമകളെ മോചിപ്പിക്കുന്നതിൽ ചെലവഴിച്ചു കൊണ്ടിരുന്നു. അദ്ദേഹം ഒരിക്കൽ മക്ക ഉപേക്ഷിച്ച് പോകുകയായിരുന്നു. ഒരു നേതാവ് അദ്ദേഹത്തെ വഴിയിൽ കണ്ടുമുട്ടി. അയാൾ ചോദിച്ചു: 'അബൂബക്ർ! താങ്കൾ എങ്ങോട്ടാണ് പോകുന്നത്?' അദ്ദേഹം പറഞ്ഞു: 'ഈ നഗരത്തിൽ എനിക്കിപ്പോൾ സമാധാനമില്ല. ഞാൻ ഇനി എവിടേക്കെങ്കിലും പോകുകയാണ്.' ആ നേതാവ് പറഞ്ഞു: 'താങ്കളെ പോലുള്ള ഒരു നല്ല മനുഷ്യൻ നഗരത്തിൽ നിന്നു പുറത്ത് പോയാൽ ഈ പട്ടണം നശിക്കുന്നതാണ്. ഞാൻ താങ്കൾക്ക് അഭയം നൽകാം. താങ്കൾ ഈ പട്ടണം ഉപേക്ഷിക്കരുത്.' അങ്ങനെ അദ്ദേഹം ആ നേതാവിന്റെ അഭയത്തിൽ തിരിച്ചുവന്നു. അദ്ദേഹം രാവിലെ എഴുന്നേറ്റ് വിശുദ്ധ ഖുർആൻ പറയണം ചെയ്തിരുന്നു. അപ്പോൾ സ്ത്രീകളും കുട്ടികളും ചുമരിനോട് ചെവിചേർത്തുവെച്ച് ഖുർആൻ കേൾക്കുമായിരുന്നു. കാരണം അദ്ദേഹത്തിന്റെ ശബ്ദത്തിൽ വളരെ ആർദ്രതയും വേദനയുമു ണ്ടായിരുന്നു. വിശുദ്ധ ഖുർആൻ അറബിയിൽ ആയിരുന്നതുകൊണ്ട് എല്ലാ സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും അതിന്റെ അർഥം മനസ്സിലായിരുന്നു. കേൾക്കുന്നവർ അതിൽ പ്രഭാവിതാരായിക്കൊണ്ടിരുന്നു. ഇങ്ങനെയായാൽ എല്ലാവരും ദീനിൽനിന്ന് പുറത്ത് പോകുമെന്ന് മക്കയിൽ ചർച്ചയായിത്തുടങ്ങി. അതായാത് വിശുദ്ധ ഖുർആൻ കേൾക്കുകയും അദ്ദേഹത്തിന്റെ വേദനയൂറുന്ന ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ അവരെല്ലാം തങ്ങളുടെ ദീനിൽനിന്ന് പുറത്തുപോകും.'

ഈ അവസ്ഥ തന്നെയാണ് ഇന്ന് അഹ്മദികളോടുമുള്ളത്. ചില രാജ്യങ്ങളിൽ അതുതന്നെയാണ് നടക്കുന്നത്. പ്രത്യേകിച്ചും പാകിസ്താനിൽ. അഹ്മദികൾ ഖുർആൻ പാരായണം ചെയ്യുകയോ നമസ്കരിക്കുകയോ ചെയ്യുന്നതു കണ്ടാൽ അവർ ദീനിൽനിന്നു പുറത്തുപോകുമത്രേ! അതുകൊണ്ട് നമസ്കരിക്കുന്നതിനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിനും അഹ്മദികൾക്ക് കഠിനമായ ശിക്ഷയാണുള്ളത്. ഏതായാലും തുടർന്നെഴുതുന്നു: 'അവസാനം ജനങ്ങൾ ആ നേതാവിന്റെയടുക്കൽ എത്തി. അയാളോട് പറഞ്ഞു: 'താങ്കൾ എന്തിനാണ് അയാൾക്കു താങ്കളുടെ അഭയം നൽകിയിരിക്കുന്നത്? അങ്ങനെ ആ നേതാവ് ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽലെത്തി പറഞ്ഞു: 'താങ്കൾ ഇങ്ങനെ ഖുർആൻ ഓതാൻ പാടില്ല. അതുകാരണം മക്കക്കാർ വളരെ നീരസത്തിലാണ്' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'താങ്കൾ താങ്കളുടെ അഭയം തിരിച്ചെടുത്തുകൊള്ളുക. എനിക്ക് ഇതിൽ നിന്നു പിന്മാറാൻ സാദ്ധ്യമല്ല.' അങ്ങനെ ആ നേതാവ് തന്റെ അഭയം തിരിച്ചെടുത്തു. *(തഫ്സീറെ കബീർ വാള്യം 10, പേജ് 327)*

ശിഅബ് അബി ത്വാലിബിലും ഹദ്റത്ത് അബൂബക്ർ(റ), നബി(സ) തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. മക്കയിലെ ഖുറയ്ശികൾ തൗഹീദിന്റെ സന്ദേശത്തെ തടഞ്ഞുനിറത്താൻ പരമാവധി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ, അവർക്ക് എല്ലാ നിലക്കും പരാജയം രുചിക്കേണ്ടി വന്നപ്പോൾ അവർ കർമപരമായിത്തന്നെ ചുവടു വെക്കുകയും ബനൂ ഹാശിമും ബനൂ മുത്ത്വലിബുമായുള്ള ബന്ധം വിച്ഛേദിക്കാൻ തീരമുമാനിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എഴുതുന്നു: 'ഖുറയ്ശികൾ പരസ്പരം ആലോചിച്ചശേഷം എടുത്ത തീരുമാനം നബി(സ)തിരുമേനിയുമായും ബനൂഹാശിമുമായും ബനൂമുത്ത്വലിബുമായുമുള്ള ബന്ധം പൂർണമായും വിച്ഛേദിക്കുക എന്നതായിരുന്നു. നബി(സ)തിരുമേനിയുടെ അഭയത്തിൽനിന്ന് ഇവർ പിൻവാങ്ങുന്നില്ലെങ്കിൽ അവരെ ഒരു സ്ഥലത്ത് ബന്ധനസ്ഥരാക്കി നശിപ്പിക്കാമെന്നും അവർ തീരുമാനിച്ചു. അങ്ങനെ നബ്വി ഏഴാം വർഷം മുഹർറമാസത്തിൽ ഒരു കരാർ തയ്യാറാക്കി. അതായത് 'ബനൂ ഹാശിമിലെയും ബനൂ മുത്ത്വലിബിലെയും ആരുമായും വിവാഹ ബന്ധമുണ്ടാകുന്നതല്ല. അവർക്ക് ഒരു സാധനങ്ങളും വിൽക്കുന്നതല്ല. അവരിൽനിന്ന് വാങ്ങുന്നതുമല്ല. അവർക്ക് അന്നപാനീയങ്ങൾ ഒന്നും എത്താൻ സമ്മതിക്കുന്നതല്ല. അവരുമായി ഒരു ബന്ധവും തുടരുന്നതുമല്ല.' ഇതുതന്നെയാണ് ഇന്ന് അഹ്മദികളോടും പല സ്ഥലങ്ങളിലും അനുവർത്തിച്ച് വരുന്നത്. അദ്ദേഹം തുടർന്ന് എഴുതുന്നു: 'നബി(സ)തിരുമേനിയെ അവരിൽനിന്നു അകറ്റി ഇവരെ ഏൽപിക്കേണ്ടതാണ്. ഈ കരാർ, ഇതിൽ ഖുറയ്ശികളോടൊപ്പം ബനൂ കിനാനയും ഉൾപ്പെട്ടിരുന്നു. ഈ കരാറെഴുതി തയ്യാറാക്കി. എല്ലാ വലിയ വലിയ മൂപ്പന്മാരും അതിൽ ഒപ്പ് വെച്ചു. പിന്നെ അതിനെ ഒരു സുപ്രധാന സാമൂഹിക കരാർ എന്ന നിലക്ക് കഅ്ബയുടെ ചുമരിൽ പതിച്ചു. അങ്ങനെ നബി(സ) തിരുമേനിയും മുഴുവൻ ബനൂഹാശിമും ബനൂമുത്ത്വലിബും എന്നല്ല, കുടുംബാംഗങ്ങളും, അതിൽ മുസ്‌ലിമീങ്ങളും കാഫിരീങ്ങളുമെല്ലാം (തന്റെ ശത്രുത കാരണം ഖുറയ്ശികളോടൊപ്പം നിന്ന നബി തിരുമേനിയുടെ പിതൃവ്യൻ അബൂലഹബ് ഒഴികെ) ഉൾപ്പെട്ടിരുന്നു. അവർ എല്ലാവരും ശിഅബ് അബി താലിബിൽ, അത് ഒരു പർവ്വത വിടവിനിടയിലുള്ള സ്ഥലമായിരുന്നു, ബന്ധനസ്ഥരാക്കപ്പെട്ടു. അങ്ങനെ ഖുറയ്ശികളുടെ രണ്ടു വലിയ ഗോത്രങ്ങൾ മക്കക്കാരുടെ സാമൂഹിക ജീവിതത്തിൽ നിന്നു തികച്ചും ഒറ്റപ്പെട്ടു. ശിഅബ് അബി താലിബിൽ, അത് ബനൂ ഹാശിമിന്റെ കുടുംബകേന്ദ്രംകൂടിയായിരുന്നു. അവരവിടെ ബന്ധനസ്ഥരെ പോലെ വീട്ടു തടങ്കലിലായി. മക്കയിലുണ്ടായിരുന്ന ഏതാനും മറ്റു മുസ്‌ലിമീങ്ങളും ഇവരോടൊപ്പം ചേർന്നു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 166)*

ഈ പ്രയാസകരമായ ഘട്ടത്തിലും ഹദ്റത്ത് അബൂബക്ർ(റ), നബി(സ) തിരുമേനിയുടെ സഹവാസം ഉപേക്ഷിച്ചില്ല. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് റഹ്മത്തുല്ലാഹി അലയ്ഹി പറയുന്നു: 'ഖുറയ്ശികൾ നബി(സ) തിരുമേനിയെ ഉപദ്രവിക്കാൻ സംഘടിക്കുകയും ഇടപാടുകൾ സംബന്ധിച്ച രേഖ തയ്യാറാക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് സിദ്ദീഖ്(റ) ഈ ദുഷ്കരമായ ഘട്ടത്തിലും നബി(സ) തിരുമേനിയോടൊപ്പമുണ്ടായിരുന്നു. ഈ സംഭവത്തെ കുറിച്ച് അബൂത്വാലിബ് ഒരു കവിതയിൽ പറയുന്നു:

**ഹും റജഊ സഹ്‌ലബ്ന**
**ബയ്ളാഅ റാളിയൻ**
**ഫസുർറ അബൂബക്റിൻ**
**ബിഹാ വ മുഹമ്മദു**

അതായത് അവർ സഹ്ൽ ഇബ്നു ബയ്ളാഅ്നെ സന്തോഷിപ്പിച്ച് തിരിച്ചയച്ചപ്പോൾ അതിൽ അബൂബക്റും മുഹമ്മദും(സ)സന്തുഷ്ടരായി. *(ഇസാലത്തുൽഅഖ്ഫാഅ്, ഹദ്റത്ത് ശാഹ്*

*വലിയുല്ലാഹ്, ഉർദു തർജമ ഇശ്തിയാഖ് അഹ്മദ് ദേവ്ബന്തി, വാള്യം 3, പേജ് 39-40, ഖദീമി കുതുബു ഖാന ആരാംബാഗ്, കറാച്ചി) (സയ്യിദുനാ സിദ്ദീഖെ അക്ബർ കെ ശബ് വറോസ്, പേജ് 30)*

അതായത് മക്കയിലെ ഖുറയ്ശികൾ അവസാനം ഉപരോധത്തന്റെ ഈ ഉടമ്പടി അവസാനിപ്പിച്ചപ്പോൾ അതെക്കുറിച്ച് അബൂത്വാലിബ് ചൊല്ലിയ ഈരടികളിൽ നിന്നാണ് മേൽ വരികൾ പറഞ്ഞത്. അതിൽ ബോയ്കോട്ട് അവസാനിച്ചപ്പോൾ നബി(സ)തിരുമേനിയും അബൂബക്റും സന്തുഷ്ടരായെന്നാണ് പറഞ്ഞത്.

'ഗുലിബത്തിർറൂം' ന്റെ പ്രവചനവും അതെപറ്റി ഹദ്റത്ത് അബൂബക്ർ വെച്ച പന്തയവും: ഇത് സംബന്ധിച്ച് പറയുന്നു: 'ഹദ്റത്ത് ഇബ്നു അബ്ബാസ് ഗുലിബത്തിർറൂം ഫീ അദ്നൽ അർളി എന്ന ആയത്തിനെ കുറിച്ച് നിവേദനം. അദ്ദേഹം പറയുന്നു: **ഗുലിബത്തും ഗലബത്തും.** അദ്ദേഹം പറയുന്നു: 'അന്യാരാധകർ ആഗ്രഹിച്ചിരുന്നത് പേർഷ്യക്കാർ റോമക്കാർക്കുമേൽ വിജയം വരിക്കണമെന്നാണ്. കാരണം അവർ രണ്ടു കൂട്ടരും വിഗ്രഹാരാധകരായിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങളാകട്ടെ റോമക്കാർ പേർഷ്യക്കാർക്കുമേൽ വിജയം വരിക്കണമെന്ന് ആഗ്രഹിക്കുന്നവരായിരുന്നു. കാരണം അവർ ഗ്രന്ഥാനുസാരികളായിരുന്നു. അവർ ഇതേ കുറിച്ച് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു. ഹദ്റത്ത് അബൂബക്ർ അത് സംബന്ധിച്ച് നബി(സ)തിരുമേനിയോട് പറഞ്ഞപ്പോൾ നബി(സ)തിരുമേനി തീർച്ചയായും റോമക്കാർ വിജയിക്കുക തന്നെ ചെയ്യുമെന്ന് പറഞ്ഞു. അബൂബക്ർ ഇക്കാര്യം അവരോട് (നിഷേധികളോട്) പറഞ്ഞപ്പോൾ അവർ പറഞ്ഞു: നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ ഒരു കാലാവധി നിശ്ചയിക്കാം. അതായത് എതിരാളികൾ(അന്യാരാധകരുമായി) അഥവാ തങ്ങളാണ് വിജയിക്കുന്നതെ ങ്കിൽ ഇന്ന ഇന്ന കാര്യങ്ങളൊക്കെ തങ്ങൾക്കുള്ളതായിരിക്കും. ഇനി നിങ്ങളാണ് വിജയിക്കുന്നതെങ്കിൽ ഇന്ന ഇന്ന കാര്യങ്ങളൊക്കെ നിങ്ങൾക്കുള്ളതായിരിക്കും. അതായത് പന്തയം വെച്ചു. അങ്ങനെ അവർ അഞ്ചു വർഷമാണ് കാലാവധി നിശ്ചയിച്ചത്. അവർ വിജയിക്കുക ഉണ്ടായില്ല. അവർ ഇതേ കുറിച്ച് നബി(സ)തിരുമേനിയോടു പറഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ ഇതിനേക്കാൾ കൂടുതൽ സമയം എന്തുകൊണ്ട് വെച്ചില്ല.' നിവേദകൻ പറയുന്നു: ഞാൻ ധരിക്കുന്നത് നബി(സ)തിരുമേനി പത്ത് വർഷമാണ് ഉദ്ദേശിച്ചതെന്നാണ്. ഇത് തിർമുദിയിലുള്ള അബ്വാബുത്തഫ്സീറിലെ നിവേദനമാണ്.*(സുനൻ തിർമുദി, അബ്വാബുൽത്തഫ്സീർ, ബാബു വമിൻ സൂറത്തിർറൂം ഹദീഥ് നമ്പർ 3193)*

സ്വഹീഹ് ബുഖാരിയിലെ ഒരു നിവേദനത്തിൽ നബി(സ)തിരുമേനിയുടെ വളരെ ഉന്നതമായ നിലയിൽ പൂർത്തിയായ നാലു പ്രവചനങ്ങളെ കുറിച്ച് പരാമർശമുണ്ട്. ഈ പ്രവചനങ്ങളിൽ റോമാ വിജയത്തെ കുറിച്ചുള്ള പ്രവചനവും ഉൾപ്പെടുന്നു. മസ്റൂഖ് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ അടുക്കലായിരുന്നു. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി ജനങ്ങൾ പിന്തിരിയുന്നത് കണ്ടപ്പോൾ പറഞ്ഞു: 'അല്ലാഹുവേ! ഹദ്റത്ത് യൂസുഫിന്റെ കാലത്ത് ഏഴു വർഷത്തെ പട്ടിണി അവർക്കുണ്ടായതുപോലെ ഇവർക്കുമേലും ക്ഷാമത്തെ ഇറക്കേണമേ.' അങ്ങനെ ആ ക്ഷാമകാലം വന്നപ്പോൾ അത് ഓരോ വസ്തുവിനെയും നശിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. എത്രത്തോളമെന്നാൽ അവിടെയുള്ള ആളുകൾ തൊലിയും ശവങ്ങളും ദുർഗന്ധം വമിക്കുന്ന മൃദദേഹങ്ങളും ഭക്ഷിക്കാൻ തുടങ്ങി. അവരിലാരെങ്കിലും ആകാശത്തേക്ക് നോക്കിയാൽ പട്ടിണി കാരണം അവർക്ക് പുകപടലം മാത്രമാണ് കാണാൻ കഴിഞ്ഞത്. ഇത് ആ നാലു പ്രവചനങ്ങളിലുള്ള പരാമർശമാണ്. അതിലൊരു സംഭവം ഇങ്ങനെ വരുന്നു: 'അബൂസുഫിയാൻ നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: മുഹമ്മദേ! അങ്ങ് അല്ലാഹുവിനെ അനുസരിക്കാനും കുടുംബ ബന്ധങ്ങൾ നിലനിറുത്താനും കൽപിക്കുന്നു. നോക്കുവിൻ! നിങ്ങളുടെ സമുദായം നശിപ്പിക്കപ്പെടുന്നു. അല്ലാഹുവിനോട് ഇവർക്കുവേണ്ടി പ്രാർഥിച്ചാലും. അല്ലാഹു പറഞ്ഞിരുന്നു: കാത്തിരിക്കുക, ആകാശം വളരെ വ്യക്തമായ പുകപടലം കൊണ്ടുവരുന്ന ദിവസംവരെ നിങ്ങൾ തീർച്ചയായും ഈ ദിവസം ആവർത്തിക്കുക തന്നെ ചെയ്യും. അന്ന് നാം വലിയൊരു പിടിത്തം പിടിക്കുന്നതാണ്. അങ്ങനെ ആ പിടിത്തം ബദ്ർ ദിവസമാണു ണ്ടായത്. അങ്ങനെ പുകപടലത്തിന്റെ ശിക്ഷ, ശക്തമായ പിടിത്തം, 'ലിസാമൻ' എന്ന പ്രവചനം റോമക്കാരെ സംബന്ധിച്ച പ്രവചനമെല്ലാം പൂർത്തിയായി. ഇത് ബുഖാരിയിലുള്ള നിവേദനമാണ്. *(സ്വഹീഹുൽബുഖാരി, കിതാബുൽഇസ്തിസ്ഖാ, ബാബു ദുആഇന്നബിയ്യി(സ)ഇജ്അൽഹാ അലയ്ഹിം സിനീന......ഹദീഥ് 1007)*

ഈ ഹദീഥിന്റെ വിശദീകരണത്തിൽ അല്ലാമാ ബദ്റുദ്ദീൻ അയ്നി റോമൻ വിജയത്തെ കുറിച്ചുള്ള പ്രവചനത്തെ പരാമർശിച്ചുകൊണ്ടെഴുതുന്നു: 'പേർഷ്യക്കാരും റോമക്കാരും തമ്മിൽ യുദ്ധമുണ്ടായപ്പോൾ മുസ്‌ലിമീങ്ങൾ പേർഷ്യക്കാർക്കുമേൽ റോമക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം റോമക്കാർ ഗ്രന്ഥാനുസാരികളായിരുന്നു. നിഷേധികളായ ഖുറയ്ശികളാകട്ടെ പേർഷ്യക്കാരുടെ വിജയമാണ് ഇഷ്ടപെട്ടത്. കാരണം പേർഷ്യക്കാർ മജൂസികൾ(അഗ്നി ആരാധകർ)ആയിരുന്നു. നിഷേധികളായ ഖുറയ്ശികളും വിഗ്രഹാരാധകരായിരുന്നു. ചുരുക്കത്തിൽ ഇത് സംബന്ധിച്ച് ഹദ്റത്ത് അബൂബക്റും അബുജഹ്ലും തമ്മിൽ പന്തയം വെച്ചു. അതായത് അവർ ഏതാനും വർഷം നിശ്ചയിച്ചുകൊണ്ട് എന്തൊ ഒരു കാര്യത്തിൽ പന്തയം വെച്ചു . നബി(സ)തിരുമേനി പറഞ്ഞു: ബിള്ഉൻ എന്ന പദമാണുള്ളത്. ബിള്ഉൻ ഒമ്പതു വർഷം അല്ലെങ്കിൽ ഏഴു വർഷത്തിനാണ് പറയുക. അതുകൊണ്ട് കാലാവധി നീട്ടി. ഹദ്റത്ത് അബൂബക്ർ അങ്ങനെ തന്നെ ചെയ്തു. അവസാനം റോമക്കാർ വിജയിച്ചു. അല്ലാഹു പറയുന്നു:

അലിഫ് ലാം മീം. ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻ ബഅ്ദി ഗലബിഹിം സയഗ്ലബൂന. ഫീ ബിള്യി സിനീന ലില്ലാഹിൽ അംറു മിൻ ഖബ്‌ലു വമിൻ ബഅ്ദു വ യൗമഇദിൻ യ്യഫ്റഉൽമുഅ്മിനൂന ബിനസ്‌രില്ലാഹി(30:2-6)

തർജമ ഇങ്ങനെയാണ്: അലിഫ് ലാം മീം. അനല്ലാഹു അഅ്ലമു അതായത് ഞാൻ അല്ലാഹു എല്ലാം നന്നായി അറിയുന്നവനാകുന്നു. റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്തുകിടക്കുന്ന ഒരു ദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ. അതിന്റെ മുമ്പേയും പിമ്പേയും ആധിപത്യം അല്ലാഹുവിനു മാത്രമുള്ളതാണ്. അന്നാളിൽ അല്ലാഹുവിന്റെ സഹായംകൊണ്ട് സത്യവിശ്വാസികൾ സന്തുഷ്ടരാകും. ശഅബി പറയുന്നു: അക്കാലത്ത് പന്തയം വെക്കൽ അനുവദനീയമായിരുന്നു. (ഉംദത്തുൽഖാരി, ശറഹ് സ്വഹീഹുൽബുഖാരി, വാള്യം 7, പേജ് 46, കിതാബുൽഇസ്തിസ്ഖാ ഹദീഥ് 1007, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി, 2003)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതു സംബന്ധിച്ച് എഴുതുന്നു: 'ഇസ്‌ലാമിന് മുമ്പേയും ഇസ്‌ലാമിന്റെ ആദ്യകാലഘട്ടത്തിലും ലോകത്തിലെ സംസ്കാര സമ്പന്നരിൽ ഏറ്റവും ശക്തിയും വിശാലതയും ഉണ്ടായിരുന്നത് രണ്ടു സാമ്രാജ്യങ്ങൾക്കായിരുന്നു; പേർഷ്യൻ സാമ്രാജ്യവും റോമൻ സാമ്രാജ്യവും. ഈ രണ്ടു സാമ്രാജ്യങ്ങളും അറേബ്യയോടു അടുത്താണ് സ്ഥിതിചെയ്തിരുന്നത്. പേർഷ്യൻ സാമ്രാജ്യം അറേബ്യയുടെ വടക്കുകിഴക്കായിരുന്നു. റോമൻ സാമ്രാജ്യം ആകട്ടെ വടക്കു പടിഞ്ഞാറു ഭാഗത്തുമായിരുന്നു. ഈ രണ്ടു സാമ്രാജ്യങ്ങളുടെയും അതിർത്തികൾ പരസ്പരം കൂടിച്ചേർന്നിരുന്നു. അതുകൊണ്ടുതന്നെ പലപ്പോഴും ഇവർ പരസ്പരം പോരടിക്കുമായിരുന്നു. ഈ പ്രവചനമുണ്ടായ കാലഘ

ശേഷം പേജ് 12 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

അല്ലാഹുവാണ! അല്ലയോ മക്കാ! അല്ലാഹുവിന്റെ ഭൂമിയിൽ നീ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. അല്ലാഹുവിന്റെ ഭൂമിയിൽ നീ അല്ലാഹുവിനും ഏറെ പ്രിയപ്പെട്ടതാകുന്നു. നിന്റെ നിവാസികൾ എന്നെ നിർബന്ധിച്ച് പുറത്താക്കിയിരുന്നില്ലെങ്കിൽ ഞാനൊരിക്കലും ഇവിടെനിന്നു പോകുമായിരുന്നില്ല.

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

നബി(സ)തിരുമേനി പറഞ്ഞു: 'അബുബക്റേ! എനിക്ക് ഹിജ്റത്തിനുള്ള അനുമതി കിട്ടിയിരിക്കുന്നു.' അബുബക്ർ അനിയന്ത്രിതമായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയുടെ കൂടെ, അതായത് ഞാനും അങ്ങയുടെ കൂടെയുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു: അതെ!

**ഖുത്ബ ജുമുഅ 2021 ഡിസംബർ 24/1400 ഫതഹ് 24, മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ايده الله تعالى بنصره العزيز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۝ الرَّحْمٰنِ الرَّحِيمِ ۝ مٰلِكِ يَوْمِ الدِّينِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۝

ഹദ്റത്ത് അബുബക്ർ(റ)നെ കുറിച്ചുള്ള പരാമർശമാണ് നടന്നു കൊണ്ടിരിക്കുന്നത്. രണ്ടാം അഖബാ ബയ്അത്തിനെ(ഉടമ്പടിയെ)കുറിച്ചുള്ള പരാമർശത്തിൽ എഴുതുന്നു: രണ്ടാം അഖബാ ബയ്അത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനിയുടെ കൂടെ ഹദ്റത്ത് അബുബക്റും ഹദ്റത്ത് അലിയും നബ(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസുമുണ്ടായിരുന്നു. ഹദ്റത്ത് അബ്ബാസ്(റ) ഈ പരിപാടിയുടെ പ്രധാന സംഘാടകനായിരുന്നു. അദ്ദേഹം ഹദ്റത്ത് അലിയെ ഒരു താഴ്വരയിൽ കാവൽക്കാരനായി നിറുത്തി. മറ്റൊരു താഴ്വരയിൽ കാവലിനും സംരക്ഷണത്തിനുമായി നിറുത്തിയത് ഹദ്റത്ത് അബുബക്റിനെയാണ്. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 21, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് പോകുമ്പോൾ ഹദ്റത്ത് അബുബക്ർ സിദ്ദീഖിന്റെ സഹവാസത്തെ കുറിച്ചും പരാമർശമുണ്ട്. എഴുതുന്നു: കാഫിരീങ്ങൾ മക്ക നിവാസികളായ മുസ്ലിമീങ്ങൾക്കുമേൽ അതിക്രമങ്ങൾ നിരന്തരം വർധിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ നബി(സ)തിരുമേനിക്കു ഒരു സ്വപ്നം കാണിക്കപ്പെട്ടു. അതിൽ മുസ്ലിമീങ്ങളുടെ രണ്ട് സ്ഥലങ്ങളാണ് കാണപ്പെട്ടത്. അവിടേക്കായിരുന്നു നബി(സ)തിരുമേനി ഹിജ്റത്ത് പോകേണ്ടിയിരുന്നത്. ആ സ്ഥലം ഈന്തപ്പനകളാൽ മൂടപ്പെട്ടതായിരുന്നു, പക്ഷേ, ആ സ്ഥലം കാണിക്കപ്പെടുകയോ പറയപ്പെടുകയോ ചെയ്തിരുന്നില്ല. പക്ഷേ, അതിന്റെ ഭൂമിശാസ്ത്രവും ഭൂപ്രകൃതിയും കണ്ടുകൊണ്ട് നബി(സ)തിരുമേനി സ്വയം ഗവേഷണത്തിലൂടെ മനസ്സിലാക്കിയത് അത് 'ഹജ്റോ യമാമ'യോ ആണെന്നാണ്. അതെ കുറിച്ച് സ്വഹീഹ് ബുഖാരിയിലുള്ള ഒരു നിവേദനത്തിൽ പറയുന്നുണ്ട്. അതായത് നബി(സ)തിരുമേനി പറഞ്ഞു: **ഫദഹബ വഹലീ ഇലാ അന്നഹൽയമാമത്തു അവിൽ ഹജറു ഫഇദാ ഹിയൽമദീനത്തു യഥ്രിബു***(സ്വഹീഹുൽ ബുഖാരി കിതാബുൽമനാഖിബു, ബാബു അലാമാത്തുന്നുബുവ്വത്തി ഫിൽഇസ്ലാം, നിവേദനം 3622)*

അതായത് ഞാൻ മനസ്സിലാക്കുന്നത് ഈ ഭാഗത്തേക്ക് പോയെന്നാണ്. അതായത് യമാമയിലേക്കോ ഹജ്റിലേക്കോ! പക്ഷേ, ഞാൻ കാണുന്നത് എന്താണ്. അത് യഥ്രിബ് നഗരമാണ്. യമാമയും യമനിലുള്ള സുപ്രസിദ്ധ പട്ടണമാണ്.*(ഫർഹങ്കെ സീറത്ത്, പേജ് 321. സവാൽ അക്കാഡമി പബ്ലിക്കേഷൻസ്, ഉർദു ബാസാർ കറാച്ചി, 2003)*

ഹജർ എന്ന പേരിൽ ഒന്നിലധികം ആവാസകേന്ദ്രങ്ങൾ അറേബ്യൻ നാട്ടിൽ കാണപ്പെടുന്നുണ്ട്. ബഹ്റയ്നിലെ ഒരു പട്ടണവും ബഹ്റയ്ന്റെ ഒരു ഭാഗവും ഹജർ എന്ന് പറയപ്പെടുന്നു. ഏതായിരുന്നാലും ഏതാനും കാലത്തിനുശേഷം കാര്യങ്ങളെല്ലാം ഒരേ അവസ്ഥയിലേക്ക് എത്തിത്തുടങ്ങി, മദീനയിലുള്ള സൗഭാഗ്യരായ അൻസ്വാർ ഇസ്ലാം സ്വീകരിച്ച് തുടങ്ങിയപ്പോൾ ദൈവിക സന്ദേശങ്ങളുടെ വെളിച്ചത്തിൽ ആ പറയപ്പെട്ട സ്ഥലം യഥ്രിബ് തന്നെയാണെന്ന് വെളിപ്പെടുകയുണ്ടായി. പിന്നീട് ഇതാണ് മദീന എന്നപേരിൽ സുപ്രസിദ്ധമായിത്തീർന്നത്. നബി(സ) തിരുമേനിയുടെ ഈ ഗവേഷണത്തെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)പറയുന്നു: **ഫദഹബ വഹലീ ഇലാ അന്നഹൽയമാമത്തു അവിൽഹജറു ഫഇദാ ഹിയൽമദീനത്തു യഥ്രിബു** എന്ന ഹദീഥ് വളരെ വ്യക്തമായും പറഞ്ഞുകൊണ്ടിരിക്കുന്നത് നബി(സ)തിരുമേനി തന്റെ ഗവേഷണം കൊണ്ട് പ്രവചനത്തിന്റെ പുലർച്ചയുടെ സ്ഥാനവും സാക്ഷ്യവുമായി മനസ്സിലാക്കിയിരുന്നത് തെറ്റായി പുലർന്നുവെന്നാണ്. *(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 472)*

നബി(സ)തിരുമേനി മക്കയിലെ മർദിതരും പ്രയാസമനുഭവിക്കുന്നവരുമായ സ്വഹാബാക്കൾക്കും മുസ്ലിമീങ്ങൾക്കും മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ അനുമതി നൽകുകയും നിർദേശം നൽകുകയും ചെയ്തിരുന്നു. അതെ തുടർന്ന് മുസ്ലിമീങ്ങൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ തുടങ്ങി. മറുഭാഗത്ത് രണ്ടാം അഖബ ഉടമ്പടിക്കുശേഷം ഹിജ്റത്തും ത്വരിതഗതിയിലായി. വീടുകളും നാടുകളും കാലിയായി കൊണ്ടിരുന്നു. ഈ അവസരത്തിൽ മക്കയിലുള്ള ദുഷ്ടപ്രമാണികൾ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. അവർ കോപാന്ധരായിത്തീർന്നു. അങ്ങനെ അവർ മറ്റൊരു ചുവടുവെച്ചു. അതായത് അവർ ഈ മർദിതരെ ഹിജ്റത്തിൽ നിന്നു തടയുകയും ആക്രമണങ്ങൾക്കു പുതിയ രീതികൾ സ്വീകരിക്കുകയും ചെയ്തു.

ഭർത്താവിനെ പറഞ്ഞു വിടുകയും എന്നാൽ, ഭാര്യയേയും മക്കളേയും അവരിൽനിന്ന് തടയുകയും ചെയ്തു. ചിലപ്പോൾ സാമ്പത്തിക കാര്യങ്ങൾ തടസ്സമാക്കിക്കൊണ്ട് അത് അവരിൽനിന്ന് പിടിച്ചെടുത്തു. ഇതെല്ലാം ഞങ്ങളുടെ പട്ടണത്തിൽനിന്നാണ് നിങ്ങൾ സമ്പാദിച്ചതെന്ന് അവർ അവകാശപ്പെടുകയും ഇവിടം വിട്ടുപോകണമെങ്കിൽ ഈ സമ്പത്തെല്ലാം ഞങ്ങൾക്ക് നൽകണമെന്നവർ പറഞ്ഞു തുടങ്ങുകയും ചെയ്തു. ചിലപ്പോൾ മാതാവിനോടുള്ള സ്നേഹത്തെ മുൻനിറുത്തിക്കൊണ്ട് അവരെ തടയുകയും മാതാവിനെ സന്ദർശിച്ചുപോകാൻ ആവശ്യപ്പെടുകയും അങ്ങനെ വഴിയിൽ വെച്ചുതന്നെ അവരെ കയറു കൊണ്ട് ബന്ധനസ്ഥരാക്കി കൽത്തുറുങ്കുകളിൽ അടയ്ക്കുകയും ചെയ്തു. *(സുബുലുൽഹുദാ വർറശാദ് വാല്യം 3, പേജ് 224-227, ജമാഉ അബ് വാബുൽ ഹിജ്റത്ത് ഇലൽമദീനത്തി പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

എന്നാൽ, വിശ്വാസത്തിന്റെ സമ്പത്തുകൊണ്ട് ധനാഢ്യരും ഇസ്ലാം ദീനിനോടുള്ള സ്നേഹത്തിൽ ഉന്മത്തരുമായ വിശ്വാസികളുടെ ക്ഷമയും സഹനവും മദീനയിൽനിന്ന് തുടർച്ചയായി ഹിജ്റത്തു ചെയ്യാൻ അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഏതായിരുന്നാലും ഹിജ്റത്ത് ചെയ്യാൻ സാധ്യമായിരുന്ന ഏറെക്കുറെ എല്ലാ ഓരോ മുസ്ലിമും മക്കയെ ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. ഇനി വളരെ ദുർബലരും നിസ്സഹായരുമായ ഏതാനും മുസ്ലിമീങ്ങൾ മാത്രമേ പിന്നിലായിട്ടുള്ളൂ. അവരെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഇങ്ങനെ പറയുന്നു: **ഇല്ലൽമുസ്തള്അഫീന മിനർരി**

**ജാലി വന്നിസാഇ വൽവിൽദാനി ലാ യസ്തത്വീഊന ഹീലത്തൻ വ്വലാ യഹ്ത്തദൂന സബീലൻ**(4:99) (സ്വദേശം വിട്ടുപോകുന്നതിന്) ഉപായം അനുവർത്തിക്കാൻ കഴിവില്ലാത്തവരും (അതിന്)ഒരു മാർഗവും കണ്ടെത്താത്ത ബലഹീനരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമൊഴിച്ച്!

ഇവർക്ക് പുറമെ നബി(സ)തിരുമേനിയും മക്കയിൽത്തന്നെ അല്ലാഹുവിന്റെ കല്പനയും പ്രതീക്ഷിച്ച് കഴിയുകയായിരുന്നു. ഹദ്റത്ത് അലിയും മക്കയിൽത്തന്നെ ഉണ്ടായിരുന്നു. പക്ഷേ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഹിജ്റത്തിന് അനുമതി ചോദിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായപ്പോൾ അവിടന്ന് പറഞ്ഞു: 'നിൽക്കുക! എനിക്കും അനുമതി കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു!' മറ്റൊരു നിവേദനം അനുസരിച്ച് നബി(സ) തിരുമേനി പറയുന്നു: 'നിങ്ങൾ ധിറുതി കാണിക്കേണ്ടതില്ല. ഒരുപക്ഷേ, അല്ലാഹു നിങ്ങളോടൊപ്പം ഒരു സുഹൃത്തിനുള്ള സംവിധാനവും ചെയ്യുന്നതായിരിക്കും.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങയ്ക്കും ഹിജ്റത്തിനുള്ള അനുമതി ലഭിക്കുമോ?' അതായത് ഹിജ്റത്ത് കാരണം നബി(സ) തിരുമേനിയുടെ അഭാവം കൊണ്ടുണ്ടാകുന്ന ദുഃഖം മാറുമോ? ഹദ്റത്ത് അബൂബക്ർ(റ) നബി(സ) തിരുമേനിയുടെ സുവാർത്ത കേട്ട് സന്തോഷത്തോടെ തിരിച്ചുവന്നു. അദ്ദേഹം ഹിജ്റത്തിനുള്ള തീരുമാനം മാറ്റിവെച്ചു. എങ്കിലും അദ്ദേഹം ബുദ്ധിപൂർവം രണ്ടു ഒട്ടകങ്ങൾ വാങ്ങിയിരുന്നു. അതിനെ പ്രത്യേകമായ രീതിയിൽ ഭക്ഷണം കൊടുത്ത് ഹിജ്റത്ത് എന്ന അറിയപ്പെടാത്ത യാത്രയ്ക്ക് വേണ്ടി തയ്യാറാക്കിക്കൊണ്ടിരുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുൽകഫാല, ഹദീഥ് 2297) (അൽഖലീഫത്തുൽഅവ്വൽ അബൂബക്ർ സിദ്ദീഖ്, അസ്സലാബീ, പേജ് 45, ദാറുൽമഅ്രിഫ ബെയ്റത്ത് 2006)*

ഈ കാര്യങ്ങൾ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: നബി(സ) തിരുമേനിയും അവിടത്തെ സുഹൃത്തുക്കളും ഹിജ്റത്തിന് തയ്യാറായി. ഒന്നിനുശേഷം മറ്റൊന്നായി കുടുംബങ്ങൾ മക്കയിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. ദൈവിക സിംഹാസനത്തെ പ്രതീക്ഷിച്ച് കഴിഞ്ഞിരുന്ന അവർ കൂടുതൽ ധൈര്യവാന്മാരായി തീർന്നു. ചില സന്ദർഭങ്ങളിൽ ഒരൊറ്റ രാത്രികൊണ്ട് തന്നെ മക്കയിലുള്ള ഒരു പ്രദേശത്തിലെ മുഴുവൻ വീടുകളും താഴിട്ടുപൂട്ടിയ നിലയിലായി. രാവിലെ നാട്ടുകാർ പ്രസ്തുത ഇടവഴികൾ നിശബ്ദമായി കണ്ടപ്പോൾ അന്വേഷിച്ച് തുടങ്ങി. ആ പ്രദേശത്തുള്ള മുഴുവനാളുകളും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു എന്നവർ മനസ്സിലാക്കി. ഇസ്‌ലാമിന്റെ ഈ ആഴത്തിലുള്ള പ്രഭാവം കണ്ടപ്പോൾ, മക്കയിലുള്ള ആളുകളുടെ ഉള്ളിലേക്ക് അതെ കുറിച്ചുള്ള വിവരങ്ങൾ പരന്നു തുടങ്ങിയപ്പോൾ അവർ അത്ഭുതപരതന്ത്രരായിത്തീർന്നു. അവസാനം മക്ക, മുസ്‌ലിമീങ്ങളിൽ നിന്നു തികച്ചും കാലിയായിക്കൊണ്ടിരുന്നു. കേവലം ഏതാനും അടിമകളും നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഹദ്റത്ത് അലിയും മാത്രം മക്കയിൽ അവശേഷിച്ചു.'*(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 222)*

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'മക്കയിലെ നിഷേധികൾക്കു മറ്റുള്ളവരെ അപേക്ഷിച്ച് നബി(സ) തിരുമേനിയുമായി സ്വതവേ കൂടുതൽ വിദ്വേഷവും വൈരാഗ്യവുമുണ്ടായിരുന്നു. കാരണം നബി(സ) തിരുമേനിയുടെ അധ്യാപനം കൊണ്ടാണ് ജനങ്ങളിൽ ശിർക്കിനെതിരെ എതിർപ്പ് പരക്കുന്നതെന്നവർ കണ്ടിരുന്നു. നബി(സ)തിരുമേനിയെ വധിക്കുകയാണെങ്കിൽ സമൂഹത്തിലെ മറ്റുള്ളവർ സ്വയം ഛിന്നഭിന്നമായി പോകുമെന്നും അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് മറ്റുള്ളവരെ അപേക്ഷിച്ച് നബി(സ) തിരുമേനിയെയാണ് അവർ ശ്രദ്ധിച്ചിരുന്നത്. എങ്ങനെയെങ്കിലും നബി(സ) തിരുമേനി തന്റെ വാദഗതികളിൽനിന്ന് പിന്മാറണമെന്ന് അവരാഗ്രഹിച്ചു. എന്നാൽ, പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി നബി(സ)തിരുമേനി സ്വഹാബാക്കൾക്ക് പലായനത്തിനുള്ള കല്പന നൽകി. പക്ഷേ, ദുഖങ്ങളും പ്രയാസങ്ങളും എല്ലാമുണ്ടായിട്ടും സ്വയം മക്കയിൽ നിന്നു ഹിജ്റത്ത് ചെയ്തില്ല. കാരണം അല്ലാഹുവിൽനിന്നു കല്പനയൊന്നും വന്നിട്ടുണ്ടായിരുന്നില്ല. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) താൻ ഹിജ്റത്ത് ചെയ്യട്ടെ എന്ന് നബി(സ) തിരുമേനിയോട് ചോദിച്ചപ്പോൾ നബി(സ) തിരുമേനി ഇങ്ങനെ പ്രതിവചിച്ചു: 'താങ്കൾ നിൽക്കുക! എനിക്കും അനുമതി കിട്ടുമെന്ന് പ്രതീക്ഷയുണ്ട്.' *(സീറത്തുന്നബി(സ), അൻവാറുൽഉലൂം വാള്യം 1, പേജ് 489)*

ദാറുന്നദ്‌വയിൽ നിഷേധികൾ നബി(സ) തിരുമേനിയ്ക്കെതിരിൽ ഗൂഢാലോചനയ്ക്കു വേണ്ടി ഒത്തുകൂടി. അതെ കുറിച്ച് എഴുതുന്നു: 'മക്കയിലെ മൂപ്പന്മാർ മുസ്‌ലിമീങ്ങൾ അവരുടെ കൈയിൽനിന്ന് രക്ഷപെട്ടുവെന്ന കാരണത്താൽ അവർ വളരെയധികം കോപാകുലരും അസ്വസ്ഥരുമായിരുന്നു. അതെ തുടർന്ന് അവർ ദാറുന്നദ്‌വയിൽ ഒത്തുകൂടി. അല്ലാമാ ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി(സ) തിരുമേനിയുടെകൂടെ കുറച്ചാളുകൾ കൂടിയെന്നും അവർ മക്കക്കാരോ ആ നാട്ടുകാരോ അല്ലെന്നും ഖുറയ്ശികൾ കാണ്ടു. മാത്രമല്ല നബി(സ) തിരുമേനിയുടെ സഹചരന്മാർ അവരുടെ അടുത്തേക്ക് പലായനം ചെയ്യുന്നത് അവർ കണ്ടു. മുസ്‌ലിമീങ്ങൾ ഒരു സമാധാന സ്ഥലത്ത് തമ്പടിക്കുകയാണെന്നും ഖുറയ്ശികൾ മനസ്സിലാക്കി. അവർക്ക് അതായത്, മദീനക്കാരിൽനിന്നു പരിപൂർണമായ രീതിയിൽ സംരക്ഷണം കിട്ടിയപ്പോൾ നബി(സ)തിരുമേനിയും ഹിജ്റത്ത് ചെയ്തു അവരിലേക്ക് പോകുമോ എന്നും ഖുറയ്ശികളുമായി യുദ്ധത്തിന് വരുമോ എന്നും മക്കക്കാർക്ക് ആശങ്കയായി. അങ്ങനെ നബി(സ) തിരുമേനിയുടെ കാര്യത്തിനുവേണ്ടി അവർ ദാറുന്നദ്‌വയിൽ ഒത്തുകൂടി. ഇത് ഖുസ്സയ്യ് ബിൻ കിലാബിന്റെ തറവാടുവീട്ടിലായിരുന്നു. ഖുറയ്ശികൾ അവരുടെ എല്ലാ തീരുമാനങ്ങളും എടുത്തിരുന്നത് ഇവിടെ വെച്ചായിരുന്നു. അവർക്ക് നബി(സ) തിരുമേനിയെ സംബന്ധിച്ച് ആശങ്ക ഉണ്ടാകുമ്പോഴെല്ലാം അവർ അതെ കുറിച്ച് കൂടിയാലോചന നടത്താൻ ഇവിടെ എത്തിയിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) നിവേദനം. അവർ ഈ കാര്യത്തിനുവേണ്ടി ഒത്തുകൂടിയപ്പോൾ അവർ പരസ്പരം ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. അവർ ദാറുന്നദ്‌വയിലെത്തി നബി(സ)തിരുമേനിയെ സംബന്ധിച്ച് കൂടിയാലോചന നടത്തുന്നതാണ്. അവർ ശപഥം ചെയ്യാൻ ഒരുമിച്ചു കൂടിയിരുന്ന ദിവസം 'യൗമുസഹ്മത്ത്' എന്നാണ് പറയപ്പെടുന്നത്. അവർക്ക് മുന്നിൽ ഒരു വൃദ്ധനായ വ്യക്തി ഇബ്‌ലീസിനെ പോലെ പ്രത്യക്ഷപെട്ടു. അതായത് ഇബ്‌ലീസിന്റെ സ്വാഭാവമുള്ള ഒരു മനുഷ്യൻ. അയാൾ ഒരു പുതപ്പ് പുതച്ചിരുന്നു. ദാറുന്നദ്‌വയുടെ കവാടത്തിൽ അയാൾ നിന്നു. ആളുകൾക്ക് അയാളെ അറിയില്ലായിരുന്നു. അവർ വഴിയിൽ അയാളെ കണ്ടപ്പോൾ ഈ കിഴവൻ ആരാണെന്നു ചോദിച്ചു. അയാൾ പറഞ്ഞു: ഞാൻ നജ്ദിലെ ഒരു വൃദ്ധനാകുന്നു. നിങ്ങൾ ഉടമ്പടിചെയ്ത കാര്യം ഞാൻ കേട്ടു. നിങ്ങളുടെ അടുത്ത് ഞാൻ വന്നത് നിങ്ങൾ എന്താണ് പറയുന്നതെന്ന് കേൾക്കാനാണ്. നിങ്ങൾക്ക് ഇതിൽനിന്ന് എന്തെങ്കിലും അഭിപ്രായമോ നന്മയോ കിട്ടുമെന്ന് ഞാൻ കരുതുന്നു. അയാൾ, തന്നെ സംബന്ധിച്ച് ഇങ്ങനെ അവരോടു പറഞ്ഞു. ശരി താങ്കൾ അകത്തേക്ക് വരിക എന്ന് അവർ പറഞ്ഞു. അങ്ങനെ അയാൾ അവരോടൊപ്പം അകത്തേക്ക് പോയി. അവിടെ ഖുറയ്ശി മൂപ്പന്മാരുടെ ഒരു വലിയ സംഘം ഒത്തുകൂടിയിരുന്നു. അവരിൽ ഉത്ബ ബിൻ റബീഅ, ശയ്ബ ബിൻ റബീഅ, അബു സുഫിയാൻ ബിൻ ഹറബ്, ത്വുഅയ്മ ബിൻ അദിയ്യ് തുടങ്ങിയവരുടെ പേരുകൾ ശ്രദ്ധേയമാണ്. മറ്റു പലരുമുണ്ടായിരുന്നു. അബു ജഹ്ൽ ബിൻ ഹിശാം, ഹജ്ജാജിന്റെ രണ്ടു ആൺമക്കളും വേറെ കുറെ പേരും കൂടാതെ ഖുറയ്ശിൽ പെടാത്ത കുറച്ചു മൂപ്പന്മാരും ഉണ്ടായിരുന്നു. എല്ലാവരും സംഘടിച്ചു. അഭിപ്രായം പറയേണ്ട ഘട്ടമെത്തിയപ്പോൾ ഒരാൾ ഇങ്ങനെ പറഞ്ഞു: അയാൾ അതായത് മുഹമ്മദിനെ ചങ്ങലക്കിടണം. പുറത്തുനിന്ന് വാതിലുകൾ താഴിട്ട് പൂട്ടണം. പിന്നെ അങ്ങനെ അയാൾ മരണം കാത്തിരിക്കുകതന്നെ; അതായത് ഇയാൾക്കു മുമ്പേ രണ്ടു കവികൾക്ക് ഉണ്ടായതുപോലെ. സുഹയ്റിന്റേയും നാബിഗയുടേയുംമേൽ വന്നു ഭാവിച്ചതുപോലെ. ഇതിനു മുമ്പേ സുഹയ്ർ, നാബിഗ് മുതലായവർക്ക് ഉണ്ടായതുപോലുള്ള പര്യവസാനം കാത്തിരിക്കാം. അങ്ങനെ മരണം അവരെ അവസാനിപ്പിക്കും; മറ്റുള്ളവർക്ക് മരണം വന്ന അതേ രീതിയിൽ. നബി(സ) തിരുമേനിക്ക് വേണ്ടിയും അവരുടെ പദ്ധതി അതുതന്നെയായിരുന്നു. അപ്പോൾ നജ്ദുകാരനായ ആ വൃദ്ധൻ പറഞ്ഞു: 'അല്ലാഹുവാണ! എന്റെ നോട്ടത്തിൽ നിങ്ങളുടെ ഈ അഭിപ്രായം ഉചിതമാണെന്നു തോന്നുന്നില്ല. വല്ലാഹി! നിങ്ങൾ അയാളെ ബന്ധനസ്ഥനാക്കിയാൽ, അതിന്റെ ഒരു കവാടത്തിലൂടെ അയാൾ പുറത്തു വന്നു തന്റെ സുഹൃത്തുക്കളെ തീർച്ചയായും കണ്ടുമുട്ടുന്നതാണ്. പിന്നെ നിങ്ങൾക്കുമേൽ സമ്മർദ്ദം ചെലുത്തി അയാളെ നിങ്ങളുടെ നിയന്ത്രണത്തിൽ നിന്നു മാറ്റുകയും ചെയ്യും. അയാൾ പിന്നീട് അവരുടെ സഹായം കൊണ്ട് തങ്ങളുടെ എണ്ണം വർധിപ്പിക്കുകയും നിങ്ങളെ പരാജിതരാക്കുകയും ചെയ്യും. അതുകൊണ്ട് മറ്റെന്തെങ്കിലും കാര്യം ആലോചിച്ചു നോ

ക്കുക. അപ്പോൾ മറ്റൊരാൾ ഇങ്ങനെ അഭിപ്രായം പറഞ്ഞു; അയാളെ നമുക്ക് നമ്മുടെ ഇടയിൽ നിന്നു പുറത്താക്കാം. നമ്മുടെ നാട്ടിൽനിന്നു നാടുകടത്താം. പിന്നെ അയാൾ എവിടെ പോകുന്നു, എവിടെ താമസിക്കുന്നു എന്നതിനെ കുറിച്ച് നിങ്ങൾക്കൊരു പ്രശ്നവും ഉണ്ടാകുന്നതല്ല. അയാൾ നമ്മളിൽ നിന്ന് അപ്രത്യക്ഷമാകുകയും നമ്മൾ അയാളിൽ നിന്ന് സൈര്യത്തിലാവുകയും ചെയ്യും. നമുക്ക് പഴയ അവസ്ഥയിൽത്തന്നെ കഴിയുകയും ചെയ്യാം. അപ്പോൾ ആ നജ്ദി വൃദ്ധൻ പറഞ്ഞു: 'അല്ല ഈ അഭിപ്രായവും ശരിയല്ല. നിങ്ങൾക്കറിയില്ലേ? അയാൾ എത്ര നല്ല കാര്യമാണ് സംസാരിക്കുന്നത്? എത്ര മധുരമായാണ് സംസാരിക്കുന്നത്? അയാൾ തന്റെ കാര്യങ്ങൾകൊണ്ട് എങ്ങനെയാണ് ജനങ്ങളെ തന്റെ വരുതിയിൽ വരുത്തുന്നത്? അല്ലാഹുവാണ! നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ സമാധാനത്തിൽ ആയിരിക്കുകയില്ല. അയാൾ ഏതെങ്കിലും അറേബ്യൻ ഗോത്രത്തിലേക്ക് ഇറങ്ങുകയും തന്റെ കാര്യങ്ങൾ മുഖേന അവർക്കുമേൽ ആധിപത്യം സ്ഥാപിക്കുകയും അവർ അയാളെ പിന്തുണയ്ക്കുകയും ചെയ്യും. പിന്നെ നിങ്ങൾക്കെതിരെ മുന്നേറും. നിങ്ങളെ നിങ്ങളുടെ പട്ടണത്തിൽത്തന്നെ ചവിട്ടി മെതിക്കും. കാര്യങ്ങളെല്ലാം നിങ്ങൾക്കു കൈവിട്ടു പോകും. പിന്നെ അയാൾ തോന്നുന്നതുപോലെയായിരിക്കും നിങ്ങളോട് പെരുമാറുക! അതുകൊണ്ട് ഇതല്ലാതെ മറ്റെന്തെങ്കിലും കാര്യം ആലോചിക്കുക. അപ്പോൾ അബൂജഹ്ൽ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഖുറയ്ശി ഗോത്രത്തിലെ ആഢ്യത്തവും കുലീനതയുമുള്ള ഓരോരോ യുവാവിനേയും തിരഞ്ഞെടുക്കുകയും അവരുടെ ഓരോരുത്തരുടെയും കൈയിൽ മൂർച്ചയേറിയ വാൾ നൽകുകയും വേണം. പിന്നെ അവർ മുഹമ്മദിനെ വധിക്കാൻ പുറപ്പെടണം. ഒരാൾ ആക്രമിക്കുന്നതുപോലെ എല്ലാവരും ഒരുമിച്ചുകൂടി അയാളെ ആക്രമിക്കണം. അങ്ങനെ അയാളെ വധിക്കണം. ഇത്തരത്തിൽ നമുക്ക് അയാളിൽനിന്ന് സ്വസ്ഥത ലഭിക്കുന്നതായിരിക്കും. ഇങ്ങനെ വധിക്കുകയാണെങ്കിൽ അയാളുടെ രക്തത്തിന്റെ പങ്കു എല്ലാ ഗോത്രങ്ങളിലും വിഭജിക്കപ്പെടും. ബനൂ അബ്ദുമനാഫിന് എല്ലാ ഗോത്രങ്ങളോടും പൊരുതാൻ കെല്പുണ്ടാകുകയില്ല. അങ്ങനെയാകുമ്പോൾ അവർ 'രക്തപരിഹാര ധനത്തിൽ' തൃപ്തരാകുന്നതാണ്. നമ്മെ സംബന്ധിച്ചിടത്തോളം അത് കൊടുത്താൽ മതി. അപ്പോൾ ആ നജ്ദി വൃദ്ധൻ പറഞ്ഞു: ഇതാണ് ശരിയായ അഭിപ്രായം. ബാക്കിയൊക്കെ വ്യർഥമായ വർത്തമാനങ്ങളാണ്. ചുരുക്കത്തിൽ എല്ലാവരും ഈ അഭിപ്രായത്തിൽ യോജിച്ചുകൊണ്ടു പിരിഞ്ഞുപോയി. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 340-342, ദിക്റു ഹിജ്‌റത്തുർറസൂൽ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

മറുഭാഗത്ത് അല്ലാഹു നബി(സ)തിരുമേനിക്ക് ഈ എല്ലാ കാര്യങ്ങളും അറിയിച്ചു കൊടുത്തുകൊണ്ട് പറഞ്ഞു: **വ ഇദ് യംകുറു ബിക്കല്ലാദീന കഫറൂ ലിയുഥ്ബിത്തൂക്ക ഔ യഖ്ത്തുലൂക്ക ഔ യുഖ്‌രിജൂക്ക വ യംകുറൂന വ യംകുറുല്ലാഹു വല്ലാഹു ഖയ്റുൽമാക്കിരീൻ**(8:31)

നിന്നെ ബന്ധനസ്ഥനാക്കുകയോ വധിക്കുകയോ(നാട്ടിൽനിന്ന്)പുറത്താക്കുകയോ ചെയ്യുന്നതിന് സത്യനിഷേധികൾ നിനക്കെതിരിൽ തന്ത്രം പ്രയോഗിക്കുകയായിരുന്ന സന്ദർഭം(സ്മരിക്കുക).അവർ തന്ത്രം പ്രയോഗിക്കുകയായിരുന്നു. അല്ലാഹു (അവരുടെ തന്ത്രത്തിനുള്ള)മറുതന്ത്രം പ്രയോഗിക്കുകയുമായിരുന്നു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് അല്ലാഹു. അതോടപ്പം തന്നെ ജിബിരീൽ മുഖേന നബി(സ)തിരുമേനിക്ക് പലായനത്തിനുള്ള അനുമതിയും നകുകയുണ്ടായി. *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 232, ഫീ സബബി ഹിജ്‌റത്തുന്നബി(സ), പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു: മക്കയിലെ നിഷേധികൾ നബി(സ) തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടപ്പോൾ അല്ലാഹു തന്റെ ഈ വിശുദ്ധ നബിക്ക് ആ ദുരുദ്ദേശ്യത്തെ സംബന്ധിച്ച് അറിയിപ്പ് നൽകുകയും മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ കൽപന കൊടുക്കുകയും ചെയ്തു. മാത്രമല്ല പിന്നീട് വിജയശ്രീലാളിതനായി ദൈവിക സഹായത്തോടൊപ്പം തിരികെ വരുമെന്ന സുവാർത്തയും നൽകി. ബുധനാഴ്ച ദിവസം ഉച്ച സമയത്ത് നല്ല വെയിലുണ്ടായിരുന്നപ്പോൾ ഈ പരീക്ഷണം അല്ലാഹുവിൽനിന്ന് വെളിപ്പെടുമാറായി. *(സുർമചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 64 അടിക്കുറിപ്പ്)*

ഹിജ്‌റത്തിനുള്ള അനുമതി കിട്ടിയപ്പോൾ നബി(സ) തിരുമേനി എല്ലാവിധ മുൻകരുതലുകളുമായി ഹദ്റത്ത് അബുബക്റിന്റെ വീട്ടിൽ നട്ടുച്ചക്ക് എത്തുകയുണ്ടായി. ഈ സമയത്ത് മക്കയിലെ ജനങ്ങൾ പൊതുവിൽ തങ്ങളുടെ വീടുകളിൽത്തന്നെയാണ് കഴിയാറുള്ളത്. പരസ്പരം വീടുകളിൽ പോകുമായിരുന്നില്ല. മാത്രമല്ല നല്ല ചൂടുമായിരുന്നു. അതുകൊണ്ടുതന്നെ മുൻകരുതൽ എന്ന നിലയ്ക്ക് മുഖവും തലയും തുണികൊണ്ട് മറയ്ക്കുമായിരുന്നു. അങ്ങനെ നബി(സ) തിരുമേനി അബുബക്റിന്റെ വീടിനടുത്തെത്തിയപ്പോൾ ആരോ അതെ പറ്റി പറയുകയുണ്ടായി. ത്വബ്റാനിയുടെയും ഫത്ഹുൽബാരിയുടെയും നിവേദനമനുസരിച്ച് ഹദ്റത്ത് അസ്മാ പറയുന്നു: 'നബി(സ) തിരുമേനി വന്നുവെന്നാണ് തോന്നുന്നത്. ഹദ്റത്ത് അബുബക്ർ പറഞ്ഞു. എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. അല്ലാഹുവാണ! ഈ സമയത്ത് നബി(സ)തിരുമേനി നമ്മുടെയടുക്കൽ വന്നുവെങ്കിലും എന്തോ സുപ്രധാന സംഭവമുണ്ടായിരിക്കുന്നു. അബൂബക്ർ വളരെ പരിഭ്രാന്തനായി അതിശീഘ്രം എല്ലാം ത്യജിക്കുന്ന ഭാവത്തിൽ പുറത്തേക്കിറങ്ങി. നബി(സ) തിരുമേനി വന്നപ്പോൾ ഹദ്റത്ത് ആഇശയും ഹദ്റത്ത് അസ്മായും വീട്ടിലുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: നിങ്ങളുടെ വീട്ടിലുള്ളവരെ പുറത്തേക്ക് അയക്കുക. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ ഈ രണ്ടു പെൺമക്കൾ മാത്രമേ ഇവിടെയുള്ളു. മറ്റാരുമില്ല.' മറ്റൊരു നിവേദനത്തിൽ പറയുന്നു: 'യാ റസൂലല്ലാഹ്! അങ്ങയുടെ കുടുംബക്കാർ മാത്രമാണ് ഇവിടെയുള്ളത്. മറ്റാരുമില്ല. നബി(സ)തിരുമേനി പറഞ്ഞു:'അബൂബക്റേ! എനിക്ക് ഹിജ്‌റത്തിനുള്ള അനുമതി കിട്ടിയിരിക്കുന്നു.' അബൂബക്ർ അനിയന്ത്രിതമായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയുടെ കൂടെ, അതായത് ഞാനും അങ്ങയുടെ കൂടെയുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു: അതെ! ഇത് ബുഖാരിയിലുള്ള നിവേദനമാണ്. *(സ്വഹീഹ് ബുഖാരി കിതാബുൽബുയൂഅ് ബാബു ഇദശ്തറൽ മത്താഅൻ ഔ ദാബ്ബത്തൻ ഫവള അഹു യിൻദൽ ബാഇയി, നിവേദനം 2138) (സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബു ഹിജ്‌റത്തുന്നബിയ്യി(സ) വ അസ്ഹാബിഹി ഇലൽ മദീനത്തി, നിവേദനം 3905)(ഫത്ഹുൽബാരി ബിശറഹി സ്വഹീഹുൽബുഖാരി, വാല്യം 7, പേജ് 277, ദാറുർറയ്യാൻ ലുത്തുറാഥ് അൽഖാഹിറ 1986)*

ഇതു കേട്ട് ഹദ്റത്ത് അബുബക്ർ സന്തോഷംകൊണ്ട് കരഞ്ഞുപോയി. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു. സന്തോഷംകൊണ്ട് കരച്ചിൽ വരുമെന്ന് അന്നാണ് എനിക്ക് മനസ്സിലായത്. അതിനു ശേഷം ഹിജ്‌റത്തിനുള്ള പദ്ധതികളും രൂപരേഖയും തയ്യാറാക്കപ്പെട്ട. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഈ ആവശ്യത്തിനുവേണ്ടി ഞാൻ രണ്ടു ഒട്ടകങ്ങളെ വാങ്ങി വെച്ചിട്ടുണ്ട്. അതിലൊന്ന് അങ്ങ് എടുത്താലും.' നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ വിലയ്ക്കെടുക്കുന്നതായിരിക്കും.' നബി(സ) തിരുമേനി വില കൊടുക്കുമെന്ന് ശഠിച്ചപ്പോൾ ഹദ്റത്ത് അബൂബക്റിന് മറ്റൊരു വഴിയുമുണ്ടായില്ല. ഹദ്റത്ത് അബുബക്ർ 800 ദിർഹമിനാണ് രണ്ടു ഒട്ടകങ്ങളെ വാങ്ങിയിരുന്നത്. നാനൂറു ദിർഹമിന് നബി(സ) തിരുമേനി ഒട്ടകത്തെ വാങ്ങി. മറ്റൊരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഈ ഒട്ടകം എണ്ണൂറു ദിർഹമിനാണ് വാങ്ങിയത്.*(സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബു ഹിജ്‌റത്തുന്നബിയ്യി(സ)വ അസ്ഹാബിഹി ഇലൽ മദീനത്തി, നിവേദനം 3905) (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 1, പേജ് 82, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(ശറഹു അസ്സുർഖാനീ അലൽ മവാഹിബില്ലദുന്നീ, ഭാഗം 2, പേജ് 105-106, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

പിന്നീട് അവരുടെ തീരുമാന പ്രകാരം ആദ്യം ഥൗർ ഗുഹയിൽ തമ്പടിക്കുന്നതാണ്. മൂന്നു ദിവസം അവിടെ താമസിക്കേണ്ടതായി വരും. അതുപോലെതന്നെ മക്കയുടെ ചുറ്റുപാടുമുള്ള പരിചിതവും അപരിചിതവുമായ മണലാരണ്യ വഴികളെ സംബന്ധിച്ച് നല്ല പരിജ്ഞാനമുള്ള ഒരാളെയും കൂടെ കൂട്ടണമെന്ന് തീരുമാനിച്ചു. അതെ കുറിച്ച് അബ്ദുല്ലാഹ് ബിൻ ഉറയ്ഖിത്വുമായി സംസാരിച്ചിരുന്നു. ഇയാൾ അന്യാരാധകനായിരുന്നെങ്കിലും ശുദ്ധമനസ്കനും ഉത്തരവാദിത്വത്തമുള്ളയാളും വിശ്വസ്തനുമായ മനുഷ്യനായിരുന്നു. ചരിത്രകാരന്മാർ ഇയാളെ പറ്റി എഴുതുന്നു: 'ഇയാൾ മുസ്ലിമല്ലായിരുന്നുവെങ്കിലും ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പിന്നീടു ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഇയാൾക്ക് മൂന്നു ഒട്ടകങ്ങൾ കൊടുത്തു. കൃത്യം മൂന്ന് ദിവസത്തിനുശേഷം ഇയാൾ ഥൗർ ഗുഹയിൽ പോയിവരേണ്ടതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബുബക്ർ വളരെ സമർഥനായ യുവാവായിരുന്നു. മക്കയിലെ സദസ്സുകളിൽ ചുറ്റിത്തിരിഞ്ഞ് എന്തൊക്കെയാണ് നടന്നു

കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കി അയാൾ രാത്രി ഥൗർഗുഹയിൽ വന്നു റിപ്പോർട്ട് നൽകണമെന്നുള്ള ചുമതലയാണ് അദ്ദേഹത്തിന് നൽകപ്പെട്ടത്. ഹദ്റത്ത് അബൂബക്റിന്റെ ബുദ്ധിമാനും ഉത്തരവാദിത്വബോധമുള്ളവനുമായ ഭൃത്യൻ ആമിർ ബിൻ ഫുഹയ്റക്ക് നൽകിയ ഉത്തരവാദിത്വം അയാൾ തന്റെ ആടുകളെ ഥൗർ ഗുഹയുടെ അടുത്ത് മേയാൻ വിടണമെന്നും രാത്രി പാലു കറന്ന് ഏറ്റവും പുതുപുത്തൻ പാൽ എത്തിക്കണമെന്നുമായിരുന്നു. തുടർന്ന് മക്കയിൽനിന്നു പുറപ്പെടാനുള്ള സമയം നിശ്ചയിച്ചതിനുശേഷം നബി(സ)തിരുമേനി ഉടൻതന്നെ അബുബക്റിന്റെ വീട്ടിൽ നിന്നു തിരിച്ച് തന്റെ വീട്ടിലേക്ക് പോയി.*(താരീഖുൽഖുമയ്സ്, വാല്യം 2, പേജ് 7, ദിക്റു ഖുറൂജ(സ) മഅ അബീബക്റിൻ മുൻ മക്കത്ത, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2009)(അർറഹീഖുൽമഖ്ത്തൂം, സ്വഫിയുർറഹ്മാൻ അൽമുബാറ കഫൂരി, പേജ് 165, പ്രസാധകർ ദാറു അൽഗദുൽജദീദ്, 2018)(ശറഹു അസ്സുർഖാനീ വാല്യം 2, പേജ് 129, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

അവിടെയെത്തി നബി(സ) തിരുമേനി ഹദ്റത്ത് അലിയെ പലായനത്തെ സംബന്ധിച്ച് അറിയിക്കുകയും അദ്ദേഹത്തിന് വളരെ ത്യാഗപൂർണമായ ഒരു ഉത്തരവാദിത്വം നൽകുകയും ചെയ്തു. അതായത് ഇന്ന് രാത്രി അദ്ദേഹം നബി(സ) തിരുമ്മനിയുടെ പരിശുദ്ധ കിടക്കയിൽ പച്ച പുതപ്പുമായി, മറ്റൊരു നിവേദനമനുസരിച്ച് ചെമന്ന നിറമുള്ള ഹദ്റമി പുതപ്പും പുതച്ച് ഉറങ്ങേണ്ടതാണ്. അതാണ് നബി(സ) തിരുമേനി ഉറങ്ങുമ്പോൾ പുതച്ചിരുന്നത്. തന്റെ ഈ സർവ്വസന്നദ്ധനായ സേവകനെ ദൈവിക സഹായത്തെ കുറിച്ച് ഉറപ്പു നൽകിക്കൊണ്ട് നബി(സ) തിരുമേനി പറഞ്ഞു: 'ഒന്നും ആശങ്കപ്പെടേണ്ടതില്ല. വളരെ സമാധാനത്തോടുകൂടി എന്റെ കിടക്കയിൽ കിടക്കുക. ഒരു ശത്രുവിനും നിന്റെ രോമത്തിൽപോലും തൊടാൻ സാധിക്കുകയില്ല.'

മാത്രമല്ല സ്വാദിക്കും അമീനുമായ നബി(സ) തിരുമേനിക്ക് മക്കക്കാർ ഏല്പിച്ച സൂക്ഷിപ്പ് മുതലുകൾ സംബന്ധിച്ചുള്ള ചിന്തയും ഉത്തരവാദിത്വ ബോധവുമുണ്ടായിരുന്നു. അതുകൊണ്ടു ആ അമാനത്തുകളെല്ലാം അദ്ദേഹത്തെ ഏല്പിച്ചുകൊണ്ട് പറഞ്ഞു: 'ഇതെല്ലാം ജനങ്ങൾക്ക് തിരികെ കൊടുത്തതിനുശേഷം എന്റെ പിന്നാലെ വന്നു കൊള്ളുക.' അതായത് ഹദ്റത്ത് അലിയോട് പറഞ്ഞു, 'ഈ അമാനത്തുകളെല്ലാം തിരികെ കൊടുത്തതിനുശേഷം മദീനയിലേക്ക് വരിക. അങ്ങനെ ഹദ്റത്ത് അലി മൂന്നു ദിവസം മക്കയിൽത്തന്നെ തങ്ങി. ആളുകൾ നബി(സ) തിരുമേനിയെ ഏല്പിച്ചിരുന്ന അമാനത്തുകളെല്ലാം തിരികെ കൊടുത്തു. അങ്ങനെ അതെല്ലാം കൊടുത്ത് ഒഴിവാക്കിയതിന് ശേഷം അദ്ദേഹം നബി(സ) തിരുമേനിയെ ഖുബായിൽ കണ്ടുമുട്ടി. അതിനുശേഷം നബി(സ)തിരുമേനി തന്റെ വീട്ടിൽനിന്നു പുറത്തേക്കുവന്നു. ആ സമയത്ത് മക്കാനിഷേധികളുടെ എണ്ണപ്പെട്ട യോദ്ധാക്കൾ ചോരക്കണ്ണുകളുമായി ഊരിപ്പിടിച്ച വാളുകളുമേന്തി നബി(സ) തിരുമേനിയുടെ വീടിനു പുറത്ത് കാത്തു നിൽക്കുകയായിരുന്നു. രാത്രി കൂടുതൽ അന്ധകാരമയമാകുമ്പോൾ തങ്ങൾ ആർപ്പുവിളിയോടെ നബി(സ) തിരുമേനിയെ ഒറ്റവെട്ടിൽ തീർക്കുമെന്ന് ശപഥം ചെയ്തവരായിരുന്നു അവർ. അബൂജഹ്ലായിരുന്നു അവരുടെ നേതാവ്. വളരെ അഹങ്കാരത്തോടും പരിഹാസത്തോടുംകൂടി ഇങ്ങനെ അയാൾ പറയുന്നുണ്ടായിരുന്നു: മുഹമ്മദ് പറയുന്നു, നിങ്ങൾ അയാളുടെ കാര്യങ്ങളിൽ അയാളെ പിന്തുണക്കുകയാണെങ്കിൽ നിങ്ങൾ അറബികളുടെയും അനറബികളുടെയും രാജാക്കന്മാരായി മാറുമെന്ന്! പിന്നെ നിങ്ങൾ മരണത്തിനുശേഷം ഉയർത്തെഴുന്നേല്പിക്കപ്പെടുമ്പോൾ നിങ്ങൾക്ക് ജോർദാന്റെ ആരാമങ്ങൾക്ക് തുല്യമായ തോട്ടങ്ങൾ ലഭ്യമാകുന്നതാണെന്ന്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കിടയിൽ രക്തച്ചൊരിച്ചിലുണ്ടാകുമെന്ന്. നബി(സ) തിരുമേനി പുറത്തേക്കിറങ്ങി പറഞ്ഞു: 'അതെ! ഞാൻ അങ്ങനെ തന്നെയാണ് പറയുന്നത്. തുടർന്ന് സൂറ യാസീനിലെ ഈ ആയത്തുകൾ പാരായണം ചെയ്തു: **യാ സീൻ വൽഖുർആനിൽഹക്കീം. ഇന്നക്ക ലമിനൽമുർസലീൻ. അലാ സ്വിറാത്വിൻമ്മുസ്തഖീം തൻസീലൽ അസീസിർറഹീം ലിതുൻദിറ ഖൗമൻ മ്മാ ഉൻദിറ ആബാഉഹും ഫഹും ഗാഫിലൂൻ. ലഖദ് ഹഖ്ഖൽഖൗലു അലാ അക്ഥരിഹിം ഫഹും ലാ യുഅ്മിനൂൻ. ഇന്നാ ജഅൽനാ ഫീ അഅ്നാഖിഹിം അഗ്‌ലാലൻ ഫഹിയ ഇലൽഅദ്ഖാനി ഫഹും മുഖ്മഹൂൻ. വജ് അൽനാ മിൻബയ്നി അയ്ദീഹിം സദ്ദൻ വ്വമിൻ ഖൽഫിഹിം സദ്ദൻ ഫഅഗ്ശയ്നാഹും ഫഹും ലാ യുബ്സ്വിറൂൻ.**(36:2-10)

യാ സയ്യിദ്. ജ്ഞാനസമ്പൂർണമായ ഖുർആനിനെ നാം (നീ സയ്യിദാണെന്നതിന്)തെളിവായി അവതരിപ്പിക്കുന്നു. നീ ദൂതന്മാരിൽപ്പെട്ടവൻതന്നെയാണ്. നീ നേർമാർഗത്തിലാണ് സ്ഥിതിചെയ്യുന്നത്. പ്രതാപവാനും അത്യധികം കരുണചെയ്യുന്നവനുമായ അല്ലാഹുവിൽനിന്ന് അവതരിച്ചതാണിത്. നീ ഒരു ജനതയ്ക്കു മുന്നറിയിപ്പു നല്കുന്നതിനുവേണ്ടി. അവരുടെ പൂർവപിതാക്കൾക്ക് മുന്നറയിപ്പു നല്കപ്പെട്ടിട്ടില്ല. അതിനാൽ അവർ അശ്രദ്ധരാണ്. തീർച്ചയായും നമ്മുടെ വാക്ക്(പ്രവചനം) അവരിൽ ഭൂരിഭാഗമാളുകളെ സംബന്ധിച്ചും സത്യമായി പുലർന്നു കഴിഞ്ഞിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുന്നില്ല. അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു. അവ(ആ ചങ്ങലകൾ) അവരുടെ താടിയെല്ലുകൾവരെ എത്തിയിട്ടുണ്ട്. അതിനാൽ അവർ ഊർദ്ധമുഖരാണ്. നാം അവരുടെ മുമ്പിൽ ഒരു തടസമുണ്ടാക്കിയിരിക്കുന്നു. അവരുടെ പിന്നിലും ഒരു തടസമുണ്ടാക്കിയിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിയിരിക്കുകയാണ്. അതിനാൽ അവർ ഒന്നും കാണുന്നില്ല.

അവിടന്ന് അവരുടെ തലകളിൽ മണ്ണിട്ടുകൊണ്ട് അവരുടെ മുമ്പിലൂടെ കടന്നുപോയി. അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക. നബി(സ) തിരുമേനിയെ അവർക്കാർക്കും കാണാൻ കഴിഞ്ഞില്ല. അവർ ഇടക്കിടെ എത്തിനോക്കുന്നതുമുണ്ടായിരുന്നു. നബി(സ)തിരുമേനിയെ തന്റെ കിടക്കയിൽ തന്നെ കണ്ടു അവർ തൃപ്തരായിക്കൊണ്ടിരുന്നു. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 342-348, ബാബു ഹിജ്റത്തുർറസൂൽ(സ) പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹു, വാല്യം 3, പേജ് 74, ബാബുൽഹിജ്റത്തി, പ്രസാധകർ മക്തബ മിസ്ർ)(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 1, പേജ് 176, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2012)*

ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: 'ആ രാത്രി അന്ധകാര നിബിഢമായിരുന്നു. അക്രമികളായ വിവിധ ഖുറയ്ശി ഗോത്രങ്ങൾ തങ്ങളുടെ രക്തദാഹവുമായി നബി(സ) തിരുമേനിയുടെ വീടിനു ചുറ്റും സംഘടിക്കുകയും വീടു വളയുകയും ചെയ്തിരുന്നു. നബി(സ) തിരുമേനി നേരംവെളുത്ത് പുറത്തിറങ്ങുമ്പോൾ ഒരൊറ്റ ആക്രമത്താൽ നബി(സ)തിരുമേനിയെ വകവരുത്താനാണ് അവർ കാത്തിരുന്നത്. നബി(സ) തിരുമേനിയുടെ പക്കൽ ചില നിഷേധികളുടെ സൂക്ഷിപ്പു മുതലുകളുണ്ടായിരുന്നു. വളരെ കഠിന ശത്രുക്കളായ ചിലർ തങ്ങളുടെ സൂക്ഷിപ്പുമുതലുകൾ നബി(സ) തിരുമേനിയുടെ സത്യസന്ധതയും വിശ്വസ്തതയും കാരണം നബി(സ) തിരുമേനിയുടെ പക്കലാണ് സൂക്ഷിക്കാൻ നൽകിയിരുന്നത്. നബി(സ) തിരുമേനി ആകട്ടെ ഹദ്റത്ത് അലിക്ക് ആ സൂക്ഷിപ്പുമുതലുകളുടെ കണക്കുകൾ മനസ്സിലാക്കികൊടുത്തു. ഈ അമാനത്തുകൾ തിരികെ കൊടുക്കാതെ മക്കയിൽനിന്നു പുറപ്പെടരുതെന്ന് അലിയോട് താക്കീതു ചെയ്ത് പറയുകയും ചെയ്തിരുന്നു. തുടർന്ന് നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'നീ എന്റെ വിരിപ്പിൽ കിടക്കുക. ഒരു തരത്തിലുള്ള പ്രയാസവും അല്ലഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഏൽക്കേണ്ടി വരികയില്ലെന്നു സാന്ത്വനപ്പെടുത്തുകുകയും ചെയ്തിരുന്നു. നബി(സ)തിരുമേനി തന്റെ ചെമന്ന പുതപ്പു അദ്ദേഹത്തിനുമേൽ പുതച്ചു കൊടുത്തു. അതിനുശേഷം അല്ലാഹുവിന്റെ നാമത്തിൽ വീട്ടിൽനിന്നു പുറപ്പെട്ടു. ആ നേരത്ത് ഉപരോധം ഏർപ്പെടുത്തിയവർ നബി(സ)തിരുമേനിയുടെ വാതിലിനു മുന്നിലു ണ്ടായിരുന്നു. നബി(സ)തിരുമേനി അതിരാവിലെ വീട്ടിൽ നിന്നു പുറത്തിറങ്ങുമെന്ന് അവർ ഊഹിച്ചിട്ടു പോലുമുണ്ടാവില്ല. അവർ എത്രമാത്രം അശ്രദ്ധരായിരുന്നുവെന്നാൽ അവരുടെ കണ്ണുകളിൽ മറയിട്ടത് പോലെ അവർക്കിടയിലൂടെ നബി(സ)തിരുമേനി പുറപ്പെട്ടു. അവർക്കാർക്കും അതിനെക്കറിച്ച് അറിവു പോലും കിട്ടിയില്ല. നബി(സ)തിരുമേനിയുടെ വീട് വളഞ്ഞിരുന്ന ഖുറയ്ശികൾ ഇടയ്ക്കിടെ വീടിനുളിലേക്ക് എത്തി നോക്കിയിരുന്നു. അവിടെ ഹദ്റത്ത് അലി കിടക്കുന്നത് കണ്ടപ്പോൾ അവർ സമാധാനിക്കുകയായിരുന്നു. എന്നാൽ, നേരം വെളുത്തപ്പോൾ അവരുടെ ഇര കൈയിൽ നിന്നു ചാടിപോയതായി അവർക്ക് മനസ്സിലായി. അപ്പോൾ അവർ അങ്ങോട്ടുമിങ്ങോട്ടും ഓടിത്തുടങ്ങി. മക്കയുടെ വീഥികളിൽ സ്വഹാബാക്കളുടെ വീടുകളിൽ അവർ അന്വേഷിച്ചെത്തി. പക്ഷേ, അവർക്കൊന്നും മനസ്സിലായില്ല. ഈ ദേഷ്യത്തിൽ അവർ ഹദ്റത്ത് അലിയെ പിടികൂടുകയും കുറെ മർദ്ദിക്കുകയും ചെയ്തു.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 236-237)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വിഷയ

ത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു:'നബി (സ)തിരുമേനി അവിചാരിതമായി തന്റെ ചിരപുരാതനമായ നാട് ഉപേക്ഷിച്ചു. ശത്രുക്കൾ നബി(സ)തിരുമേനിയെ വധിക്കുന്നതിന് നാലുഭാഗത്തു നിന്നു ആ പരിശുദ്ധ ഭവനത്തെ ഘെരാവോ ചെയ്തിരുന്നു. ആ സമയത്ത് തന്റെ ഒരു ഭക്തദാസനെ അദ്ദേഹത്തിന്റെ അസ്തിത്വം സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും മൂശയിൽ വാർത്തെടുത്തതായിരുന്നു. ജീവൻ പണയംവെച്ച് നബി(സ)തിരുമേനിയുടെ വിരിപ്പിൽ നബി (സ) തിരുമേനിയുടെ നിർദേശ പ്രകാരം മുഖം മറച്ച് കിടക്കുകയായിരുന്നു. ശത്രുക്കളുടെ രഹസ്യാന്വേഷണം നബി(സ)തിരുമേനിലേക്ക് എത്താതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. അവരാകട്ടെ ഇദ്ദേഹത്തെ നബി(സ)തിരുമേനിയാണെന്ന് കരുതി വധിക്കുന്നതിനുവേണ്ടി കാത്തു നിൽക്കുകയായിരുന്നു.

**കസ് ബഹ്റെ കസെ സർ**
**നദെഹദ് ജാൻ നഫ്ശാൻദ്**
**യിശ്ഖ് അസ്ത് കെ ഈ കാർ**
**ബസ്വദ് സ്വിദ്ഖ് കുനാൻദ്**

ആരും മറ്റൊരാൾക്കുവേണ്ടി തന്റെതല വെച്ചു കൊടുക്കാറില്ല. ജീവനും അർപ്പിക്കാറില്ല. ഇത് ഓരോരുത്തരെക്കൊണ്ടും ചെയ്യിക്കുന്നത് ആത്യന്തികവും സ്വച്ഛവുമായ അനുരക്തി മാത്രമാണ്.*(സുർമചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 64-65 അടിക്കുറിപ്പ്)* ഇതു ആ സമയത്തെ കുറിച്ചുള്ള നിവേദനം മാത്രമാണ്. അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ പറയുന്നു ആദ്യ സമയത്താണെന്നു. മറ്റു ചിലർ അർധരാത്രി എന്നും വേറെ ചിലർ അന്ത്യയാമത്തിലാണെന്നും പറയുന്നുണ്ട്. ചുരുക്കത്തിൽ ഏത് സമയത്താണ് നബി(സ) തിരുമേനി തന്റെ വീട്ടിൽ നിന്നു പുറത്തു പോയതെന്നതിനെ സംബന്ധിച്ച് വന്നിട്ടുള്ള നിവേദനങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ട്. അതിനെ പറ്റി ഞാൻ പരാമർശിക്കാം.

ഒരു നിവേദനത്തിൽ പറയുന്നു. നബി(സ) തിരുമേനി രാത്രിയുടെ അവസാന യാമത്തിലാണ് വീട്ടിൽ നിന്നു പുറത്തു വന്നതെന്ന്. മുഹമ്മദ് ഹുസയ്ൻ ഹയ്ക്കിൽ എഴുതുന്നു: 'രാത്രിയുടെ അന്ത്യ യാമത്തിൽ ഹദ്റത്ത് മുഹമ്മദ് (സ) അന്യാരാധകരുടെ അശ്രദ്ധ കാരണം അബുബക്റിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. അവിടെനിന്ന് രണ്ടു പേരും വീടിന്റെ പിന്നിലുള്ള വാതിലിലൂടെ ഇറങ്ങി തെക്കു ഭാഗത്ത് ഥൗർ ഗുഹയിലേക്ക് നീങ്ങി.' *(ഹയാത്തെ മുഹമ്മദ്(സ), മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 223-224, അൽഫസ്ലുൽ ആശിർ, ഹിജ്റത്തുർറസൂൽ, അത്ത്വബഅത്തുർറാബിഅഃ അശ്ർ, ദാറുൽമആരിഫ)*

ഇനി മറ്റൊരു നിവേദനമുണ്ട്. നബി(സ) തിരുമേനി അർധ രാത്രിനേരത്താണ് പുറപ്പെട്ടത്. ദലാഇലു ന്നുബുവ്വയിൽ എഴുതുന്നു: 'നബി(സ) തിരുമേനിയും ഹദ്റത്ത് അബുബക്റും രാത്രിനേരത്ത് ഥൗർ ഗുഹയിലേക്ക് പുറപ്പെടുകയുണ്ടായി.'*(ദലാഇലുന്നുബുവ്വ, ലിൽബയ്ഹഖി, വാല്യം 2, പേജ് 465-466, ബാബു മക്റുൽമുശ്രിക്കീൻ ബിറസൂലില്ലാഹി(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയറുത്ത് 2002)*

മദാരിജുന്നുബുവ്വയിൽ എഴുതിയിരിക്കുന്നു: 'നബി(സ)തിരുമേനി പ്രഭാതവേളയിൽ ഹിജ്റത്ത് ചെയ്യാൻ ഉദ്ദേശിച്ചപ്പോൾ വൈകുന്നേരംതന്നെ ഹദ്റത്ത് അലി മുർതള കർറമല്ലാഹു വജ്ഹഹുവിനോടു പറഞ്ഞു: 'ഇന്നു രാത്രി നീ ഇവിട തന്നെ ഉറങ്ങണം. അങ്ങനെ ബിംബാരാധകർ സംശയത്തിൽ അകപ്പെടുകയും യഥാർഥ അവസ്ഥ അവർക്ക് അജ്ഞാതമാകുകയും ചെയ്യും.' *(മദാരിജുന്നുബുവ്വ, ശയ്ഖ് അബ്ദുൽഹഖ് മുഹദ്ദഥ് ദഹ്‌ലവി ഉർദു തർജമ ഗുലാം മുയീനുദ്ദീൻ നയീമി വാല്യം 2, പേജ് 83, പ്രസാധകർ ശബീർബ്രദേർസ് ഉർദു ബാസാർ ലാഹോർ)* ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: നബി(സ)തിരുമേനി രാത്രിയുടെ ആദ്യഘട്ടത്തിൽ വീട്ടിൽനിന്നു പുറപ്പെടുകയായിരുന്നു. ഇതിന്റെ വിശദീകരണത്തിൽ അദ്ദേഹം എഴുതുന്നു: ഉപരോധക്കാർ നബി(സ)തിരുമേനിയുടെ വീടിന്റെ മുന്നിലുണ്ടായിരുന്നു. നബി(സ)തിരുമേനി രാത്രിയുടെ ആദ്യ ഘട്ടത്തിൽത്തന്നെ പുറത്തു പോകുമെന്ന് അവർ ചിന്തിച്ചിട്ടുപോലും ഉണ്ടായിരുന്നില്ല. അവർ എത്രമാത്രം അശ്രദ്ധരായിരുന്നുവെന്നാൽ നബി(സ)തിരുമേനി അവരുടെ കണ്ണിൽ പൊടിയിട്ട് അവരുടെ ഇടയിലൂടെ പുറത്തുപോയി. അവർക്കറിയാൻ പോലും കഴിഞ്ഞില്ല. നബി(സ) തിരുമേനി നിശബ്ദനായും വേഗത്തിലും മക്കയിലെ ഊടുവഴികളിലൂടെ മക്കയുടെ പുറത്തേക്ക് പോയി. കുറഞ്ഞ സമയത്തിനുശേഷം ജനവാസ കേന്ദ്രങ്ങളിൽനിന്ന് പുറത്തുവന്നു. ഥൗർ ഗുഹയുടെ വഴിയിലൂടെ നീങ്ങി. ഹദ്റത്ത് അബുബക്റുമായി നേരത്തെതന്നെ എല്ലാ കാര്യങ്ങളും തീരുമാനിച്ചുറപ്പിച്ചിരുന്നു. അദ്ദേഹവും വഴിയിൽ കണ്ടുമുട്ടി. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 237)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതേ കുറിച്ചുള്ള നിവേദനങ്ങൾ എടുത്തുപറയുന്നു: ജനങ്ങൾ നബി(സ) തിരുമേനിയുടെ വീടിനു മുന്നിൽ അദ്ദേഹത്തെ വധിക്കാൻ ഒരുമിച്ച് കൂടിയപ്പോൾ നബി(സ)തിരുമേനി രാത്രിയുടെ അന്ധകാരത്തിൽ ഹിജ്റത്തിനുള്ള നിയ്യത്തുമായി തന്റെ വീട്ടിൽനിന്ന് പുറപ്പെടുക യായിരുന്നു. മക്കക്കാർ അവരുടെ ഉദ്ദേശ്യത്തെ കുറിച്ച് നബി(സ)തിരുമേനിക്കും വിവരം കിട്ടിയിരിക്കുമെന്ന് തീർച്ചയായും ഊഹിച്ചിരുന്നു. പക്ഷേ, എന്നിട്ടും അവരുടെ മുന്നിലൂടെ നബി(സ) തിരുമേനി കടന്നു പോയപ്പോൾ അവർ കരുതിയത് അത് മറ്റാരോ ആണെന്നാണ്. നബി(സ) തിരുമേനിക്കു മേൽ ആക്രമണം നടത്തുന്നതിനു പകരം അവർ സ്വയം ഒതുങ്ങി മാറിക്കൊടുക്കുയാണുണ്ടായത്. കാരണം അവരുടെ ലക്ഷ്യത്തെ കുറിച്ച് ഒരു കാരണവശാലും നബി(സ) തിരുമേനിക്ക് അറിവ് കിട്ടരുതെന്നാണു അവർ കരുതിയത്. ആ രാത്രിയുടെ ആദ്യ ദിവസംതന്നെ നബി(സ) തിരുമേനിയോടൊപ്പം ഹിജ്റത്ത് ചെയ്യാൻ അബുബക്റിനും അറിയിപ്പ് കൊടുത്തിരുന്നു. അങ്ങനെ അദ്ദേഹവും നബി(സ) തിരുമേനിയുടെ കൂടെ കൂടി. അവസാനം അവരിരുവരും ഏതാനും സമയത്തിനകം മക്കയിൽനിന്ന് പുറപ്പെട്ടു. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 222-223)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനി പ്രഭാത വേളയിലാണ് വീട്ടിൽ നിന്നു പുറപ്പെട്ടത്. അദ്ദേഹം പറയുന്നു: 'നബി(സ) തിരുമേനി പോകുന്ന സമയത്ത് ഒരു ശത്രുവിനും അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ അത് പ്രഭാത നേരമായിരുന്നു. എല്ലാ എതിരാളികളും നബി(സ)തിരുമേനിയുടെ വീടു വളഞ്ഞിരുന്നു. അല്ലാഹു സൂറ യാസീനിൽ പരാമർശിച്ചപോലെ അവരുടെ എല്ലാവരുടെയും ശത്രുതയുടെ കണ്ണുകൾക്കുമീതെ മറ ഇടപ്പെട്ടു. നബി(സ)തിരുമേനി അവരുടെ കണ്ണുകളിൽ പൊടിയിട്ടു. *(സുർമചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 66 അടിക്കുറിപ്പ്)*

ചുരുക്കത്തിൽ വ്യത്യസ്ത നിവേദനങ്ങളാണ് ഇതേ കുറിച്ചുള്ളത്. ഏതായാലും അതിന്റെ ഫലമെന്നു പറയുന്നത് നിഷേധികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നതാണ്. ഇനി നബി(സ)തിരുമേനി ഏത് ഭാഗത്തേക്കാണ് പോയതെന്നതിനെ സംബന്ധിച്ചും വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഒരു നിവേദനം നമുക്ക് ഇങ്ങനെ കാണാം. നബി(സ)സ്വന്തം വീട്ടിൽനിന്നു ഹദ്റത്ത് അബുബക്ർ തന്റെ വീട്ടിൽ നിന്നുമായിരിക്കും പുറപ്പെട്ടിട്ടുണ്ടാകുക. വഴിയിൽ ഏതോ സ്ഥലത്ത് ഇരുവരും ഒരുമിച്ചുകൂടി ഥൗർ ഗുഹയിലേക്ക് നീങ്ങിയതായിരിക്കാം. *(താരീഖ് ത്വബ്‌രി, വാല്യം 1, പേജ് 568, താരീഖ് മാ ഖബ്ൽ ഹിജ്റത്തി, പ്രസാധകർ ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത് 1987)*

വേറൊരു നിവേദനത്തിൽ പറയുന്നു: നബി (സ)തിരുമേനി തന്റെ ഭവനത്തിൽനിന്ന് ഥൗർ ഗുഹയിലേക്ക് പുറപ്പെട്ടു. കുറച്ചു സമയത്തിനുശേഷം നബി(സ)തിരുമേനിയുടെ വീട്ടിലെത്തിയപ്പോൾ നബി(സ)തിരുമേനി പുറപ്പെട്ടു പോയിരിക്കുന്നുവെന്ന് ഹദ്റത്ത് അലി അദ്ദേഹത്തോടു പറഞ്ഞു. ഥൗർ ഗുഹയുടെ ഭാഗത്തേക്കാണ് പോയിട്ടുള്ളത്. അതുകൊണ്ട് താങ്കളും നബി(സ)തിരുമേനി പിന്നിൽ പോയാലും. അങ്ങനെ ഹദ്റത്ത് അബുബക്ർ(റ), നബി(സ) തിരുമേനിയുടെ പിന്നാലെ പുറപ്പെട്ടു. *(അസ്സീറത്തുൽഹൽബിയ്യ ഭാഗം 2, പേജ് 47, പ്രസാധകർ ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)*

ഏതായാലും ഈ നിവേദനം വളരെ ദുരബലമാണെന്നു തോന്നുന്നു. ഇതിൽ നിന്നു തെളിയുന്നത് ഒരു പക്ഷേ, നബി(സ)തിരുമേനി ഹദ്റത്ത് അബുബക്റിനെ കാത്തിരുന്നു എന്നാണ്. ഹിജ്റത്ത് വളരെ രഹസ്യ സ്വഭാവമുള്ള യാത്രയായിരുന്നു. ഹദ്റത്ത് അബൂബക്റിനെപോലെ ബുദ്ധിമാനും ഉത്തരവാദിത്വബോധവുമുള്ള ഒരാൾ ഇത്രമാത്രം അശ്രദ്ധ കാണിക്കുക എന്നത് സാധ്യമല്ല. അതുകൊണ്ടു തന്നെ ഇപ്പോൾ പറഞ്ഞ നിവേദനങ്ങളെ അപേക്ഷിച്ച് മറ്റു നിവേദനങ്ങളാണ് അധികം ഗ്രന്ഥങ്ങളിലുള്ളത്. അതാണ് കൂടുതൽ ശരിയും സന്ദർഭോചിതവുമായി മനസ്സിലാകുന്നതും. അതനുസരിച്ച് നബി(സ) തിരുമേനി തന്റെവീട്ടിൽ നിന്നു പുറപ്പെട്ട് നേരെ അബുബക്റിന്റെ വീട്ടിലെത്തി. അവിടെ നിന്നു ഹദ്റത്ത് അബുബക്റിന്റെ കൂടെ ഥൗർ ഗുഹയിലേക്ക് പോവുകയുണ്ടായി. *(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 343, ഹിജ്റത്തുർറസൂൽ(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ആ സമയത്ത് ഹദ്റത്ത് അബുബക്റിന്റെ രണ്ടു പെൺമക്കൾ ഹദ്റത്ത് ആഇശയും ഹദ്റത്ത് അസ്മയും യാത്രക്കുവേണ്ടി ഭക്ഷണം വേഗംവേഗം തയ്യാറാക്കിയിരുന്നു. അതിൽ

പുഴുങ്ങിയ ആടിന്റെ മാംസവുമുണ്ടായിരുന്നു. നിർണായകവും സത്വരവുമായ സന്ദർഭവുമായതുകൊണ്ട് ഭക്ഷണത്തിനുള്ള തുകൽ പാത്രം കെട്ടുന്നതിന് ഒന്നും കിട്ടിയില്ല. അപ്പോൾ ഹദ്റത്ത് അസ്മാ തന്റെ വസ്ത്രത്തിന്റെ നാട അതായത് അരക്കെട്ടിനുള്ള നാട രണ്ടായി കീറി ഭക്ഷണം കെട്ടുകയുണ്ടായി. ഒന്നുകൊണ്ട് ഭക്ഷണ പാത്രവും മറ്റേതുകൊണ്ട് വെള്ളത്തിന്റെമൂടിയും കെട്ടുകയും ചെയ്തു. *(സ്വഹീഹുൽബുഖാരി കിതാബുൽ ജിഹാദ് വസ്സയ്ർ, നിവേദനം 2979)(ശറഹസ്സുർഖാനീ അലൽമവാഹിബുല്ലദുന്നീ ഭാഗം 2, പേജ് 107, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

നബി(സ) തിരുമേനി ഈ നിമിഷങ്ങളെ സസൂക്ഷമം വീക്ഷിക്കുയായിരുന്നു. എന്നിട്ട് പറഞ്ഞു: അസ്മാ! അല്ലാഹു നിനക്ക് ഈ ഒരു നാടക്കുപകരം സ്വർഗ്ഗത്തിൽ രണ്ടു നാടകൾ നൽകുന്നതാണ്. അതായത് അരയിൽ കെട്ടുന്ന ആ നാടക്കുപകരം! നബി(സ)തിരുമേനിയുടെ വചനങ്ങൾക്കുശേഷം ഹദ്റത്ത് അസ്മാ 'ദാത്തുന്നിഖാത്വയ്ൻ' അതായത് ഇരട്ട അരപ്പട്ടക്കാരി എന്ന് അറിയപ്പെടാൻ തുടങ്ങി. *(സുബുലുൽഹുദാ വർറശാദ് വാല്യം 3, പേജ് 239, ജമാഉ അബ്വാബൽ ഹിജ്റത്തി ഇലൽ മദീനത്തി. പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)*

നബി(സ) തിരുമേനി ഹിജ്റത്തിന്റെ ഈ യാത്രയിൽ ഉടനീളം **റബ്ബി അദ്ഖിൽനീ മുദ്ഖല സ്വിദ്ഖിൻ വ്വ അഖ്രിജ്നീ മുഖറജ സ്വിദ്ഖിൻ വ്വ ജ്അൽ ല്ലീ മിൻ ല്ലദുൻക സുൽത്വാനൻ നസ്വീറാ**(17:81) എന്റെ റബ്ബേ! ബാഹ്യവും ആന്തരികവുമായ നല്ല പ്രവേശന മാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരികവുമായ നല്ല പുറപ്പെടുന്ന മാർഗത്തിലൂടെ എന്നെ പുറത്തുകൊണ്ടുവരികയും ചെയ്യേണമേ! നിന്റെ പക്കൽനിന്ന് നീ എനിക്ക് ശക്തനായ ഒരു സഹായകനെ നല്കേണമേ.*(അൽഖലീഫത്തുൽഅവ്വൽ അബൂബക്ർ സ്വിദ്ദീഖ് ലിദ്ദക്തൂർ അലി മുഹമ്മദ് അസ്സ്വലാബി, പേജ് 47, ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)*

അപ്രകാരംതന്നെ ഈ ദുആയെ സംബന്ധിച്ചും വിവരം ലഭിക്കുന്നുണ്ട്: **അൽഹംദു ലില്ലാഹില്ലദീ ഖലഖനീ വലം അക്കു ശയ്അൻ അല്ലാഹുമ്മ അയിന്നീ അലാ ഹൗലിദ്ദുൻയാ വ ബവാഇഖിദ്ദഹ്ർ. വ മസ്വാഇബിൽ ലയാലീ വൽഅയ്യാമി. അല്ലാഹുമ്മസ്ഹബ്നീ ഫീ സഫ്രീ വഖ്ലുഖ്നീ ഫീ അഹ്ലീ വ ബാരിക്‌ലീ ഫീമാ റസഖ്ത്തനീ വ ലക്ക ഫദല്ലിൽനീ, വ അലാ സ്വാലിഹി ഖൽഖീ ഫഖവ്വിംനീ, വ ഇലാ റബ്ബീ ഫഹബ്ബിബ്നീ, വ ഇലന്നാസി ഫലാ തകിൽനീ, അൻത റബ്ബുൽമുസ്ത്തള്അഫീന വ അൻത റബ്ബീ, അഊദു ബി വജ്ഹിക്കൽകരീമില്ലദീ അശ്റഖത്ത് ലഹുസ്സമാവാത്തു വൽഅർളു വ കുശിഫത്ത് ബിഹില്ളുലുമാത്തു വസ്വലുഹ അംറുൽഅവ്വലീന വൽആഖരീന അൻയ്യ ഹില്ലബീ ഗളബുക്ക ഔ യൻസില അലയ്യ സുഖ്ത്വുക്ക അഊദുബിക്ക മിൻ സവാലി നിഅ്മത്തിക്ക വ ഫുജാഅത്തി നിഖ്മത്തിക്ക വ തഹവ്വുലി ആഖിബത്തിക്ക വ ജമീയി സുഖ്ത്വിക്ക ലക്കൽഉത്ബാ ഖയ്റ മസ്തത്വഅ്ത്തു വലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബിക്ക.***(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 43, ഫീ ഹിജ്റത്ത് റസുലില്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(ശറഹ് സുർഖാനീ, വാല്യം, 2 പേജ് 110, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)*

സകല സ്തുതിയും അല്ലാഹുവിനാകുന്നു. അവനാണ് എന്നെ സൃഷ്ടിച്ചവൻ. ഞാൻ ഒന്നുമല്ലായിരുന്നു. അല്ലാഹുവേ! ഭൗതിക ലോകത്തോടുള്ള ഭയത്തിലും കാലത്തിന്റെ വിപത്തുകളിലും രാപ്പകലുകളുടെ അസ്വസ്ഥതകളിലും നീ എന്നെ സഹായിക്കേണമേ. അല്ലാഹുവേ! എന്റെ യാത്രയിൽ നീ എന്റെ കൂടെ ഉണ്ടാകേണമേ. എന്റെ കുടുംബത്തിൽ എനിക്ക് പകരക്കാരൻ ആകേണമേ. നീ എനിക്ക് നൽകിയതിൽ എനിക്ക് അനുഗ്രഹം ചൊരിയേണമേ. എന്നെ നിന്റെതന്നെ അനുസാരി ആക്കേണമേ. എന്റെ ഏറ്റവും ഉചിതമായ സൃഷ്ടിപ്പിൽ എനിക്ക് ശക്തി നൽകേണമേ. എന്റെ നാഥാ!എന്നെ പ്രിയപ്പെട്ടവനാക്കേണമേ. എന്നെ നീ ജനങ്ങളുടെ ചുമതലയിൽ ഏൽപ്പിക്കരുതേ. നീ ദുർബലരുടെ നാഥനാകുന്നു. നീ എന്റേയും നാഥനാകുന്നു. നിന്റെ അന്തസ്സാർന്ന മുഖം കാരണമാണ് ആകാശഭൂമികൾ പ്രകാശിതമായത്. അതുമുഖേന അന്ധകാരം ഒഴിഞ്ഞു മാറി. അതുമുഖേന കഴിഞ്ഞു പോയവരുടെയും ഇനി വരാനുള്ളവരുടെയും കാര്യങ്ങൾ ശരിയായി. എനിക്കുമേൽ നിന്റെ കോപം ഇറങ്ങുന്നതിൽ നിന്നും എന്റെമേൽ നിന്റെ വെറുപ്പ് ഉണ്ടാകുന്നതിൽനിന്നും ഞാൻ നിന്നോടുതന്നെ അഭയം തേടുന്നു. നിന്റെ അനുഗ്രഹങ്ങൾ നഷ്ടമാകുന്നതിൽ നിന്നും നിന്റെ പ്രതികാരം ഓർക്കാപ്പുറത്ത് ഉണ്ടാകുന്നതിൽ നിന്നും നിന്റെ അവസാന തീരുമാനം എന്നെ കുറിച്ച് മാറുന്നതിൽ നിന്നും ഞാൻ നിന്നോടുതന്നെ അഭയം തേടുന്നു.

ശറഹ് സുർഖാനിയിൽ തഹവ്വുലി ആഖിബത്തിക്ക എന്നതിന്റെ സ്ഥാനത്ത് ആഫിയത്തിക്ക എന്നാണ് വന്നിട്ടുള്ളത്. അതിന്റെ അർഥം നിന്റെ ഔദാര്യമായ സൗഖ്യത്തെ ആഗ്രഹിച്ചുകൊണ്ടിരിക്കുക എന്നും ഞാൻ ചെയ്യുന്ന എല്ലാ നന്മയിലും നിന്റെ നീരസത്തിനുപകരമായി നിന്റെ തൃപ്തിയാണ് ഞാൻ കാംക്ഷിക്കുന്നതെന്നുമാണ്. നിന്നിൽ നിന്നല്ലാതെ തിന്മയിൽനിന്ന് രക്ഷപെടാനുള്ള എന്തെങ്കിലും ഉപായമോ നൻമ ചെയ്യുന്നതിനുള്ള കഴിവോ എനിക്കില്ല. *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 243, ഫീ ഹിജ്റത്ത് റസുലില്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(ശറഹ് സുർഖാനീ, വാല്യം, 2 പേജ് 110, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)*

നബി(സ) തിരുമേനി കഅ്ബയുടെ പിന്നിലൂടെ വന്നു മക്കയിലേക്ക് തന്റെ മുഖം തിരിച്ചുകൊണ്ട് പറഞ്ഞു: അഥവാ ആ നാടിനെ ഇങ്ങനെ സംബോധന ചെയ്തു: അല്ലാഹുവാണ! അല്ലയോ മക്കാ! അല്ലാഹുവിന്റെ ഭൂമിയിൽ നീ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. അല്ലാഹുവിന്റെ ഭൂമിയിൽ നീ അല്ലാഹുവിനും ഏറെ പ്രിയപ്പെട്ടതാകുന്നു. നിന്റെ നിവാസികൾ എന്നെ നിർബന്ധിച്ച് പുറത്താക്കിയിരുന്നില്ലെങ്കിൽ ഞാനൊരിക്കലും ഇവിടെ നിന്നു പോകുമായിരുന്നില്ല. *(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹു വാല്യം 3, പേജ് 59, അൽഹിജ്റ, മക്തബത്തു മിസ്ർ)*

ഇമാം ബയ്ഹഖി എഴുതുന്നു: ഥൗർ ഗുഹയിലേക്കുള്ള യാത്രാ വഴിയിൽ ചിലപ്പോൾ അബുബക്ർ (റ), നബി(സ) തിരുമേനിയുടെ മുന്നിൽ നടക്കുമായിരുന്നു. ചിലപ്പോൾ പിന്നിൽ ആകുമായിരുന്നു. ചിലപ്പോൾ ഇടതു ഭാഗത്തോ ചിലപ്പോൾ വലതു ഭാഗത്തോ ആകുമായിരുന്നു. നബി(സ) തിരുമേനി ചോദിച്ചപ്പോൾ പറഞ്ഞു: 'യാ റസൂലല്ലാഹ്!ആരുമില്ലാത്തപ്പോൾ എനിക്ക് തോന്നുന്നത് ഞാൻ അങ്ങയുടെ മുന്നിൽ ആകാമെന്നാണ്. ആരെങ്കിലും ആക്രമിക്കുമെന്ന് ആശങ്കയെന്തെങ്കിലും തോന്നുമ്പോൾ ഞാൻ അങ്ങയുടെ പിന്നിലാകുന്നു. അങ്ങ് എല്ലാ നിലയ്ക്കും സുരക്ഷിതനും സംരക്ഷിതനും ആകുന്നതിന് ചിലപ്പോൾ അങ്ങയുടെ ഇടതു വലത്തോ ആകുന്നു.' *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 240, അൽബാബുർറാബിഅ് ഫീ ഹിജ്റത്ത് റസുലില്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

ഒരു നിവേദനമനുസരിച്ച് ഥൗർ ഗുഹ എത്തുമ്പോഴേക്കും ആ പർവത യാത്രയിൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ കാലുകളിൽ മുറിവേറ്റിരുന്നു. *(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹു വാല്യം 3, പേജ് 59, അൽഹിജ്റ, മക്തബത്തു മിസ്ർ)*

മറ്റൊരു നിവേദന പ്രകാരം വഴിയിൽ ഒരു കല്ല് തട്ടിയ കാരണം നബി(സ)തിരുമേനിയുടെ പരിശുദ്ധ കാലുകളിൽ മുറിവ് പറ്റിയിരുന്നു. *(താരീഖുത്വബരീ, വാല്യം 1, പേജ് 568, താരീഖു മാ ഖബ് ൽ ഹിജ്റത്തി ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)*

ഥൗർ ഗുഹ എത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) നബി(സ) തിരുമേനിയോട് പറഞ്ഞു: 'അങ്ങ് ഇവിടെത്തന്നെ നിന്നാലും. ആദ്യം ഞാൻ അകത്തു കടന്ന് ഗുഹയുടെ അകം വൃത്തിയാക്കാം. എന്തെങ്കിലും ബുദ്ധിമുട്ടിക്കുന്നത് അകത്തുണ്ടെങ്കിൽ അതിനെ ഞാൻ ആദ്യം നോക്കിക്കൊള്ളാം. അങ്ങനെ അദ്ദേഹം അകത്ത് പ്രവേശിച്ചു. ഗുഹക്കകം വൃത്തിയാക്കി. അതിനുള്ളിലുണ്ടായിരുന്ന പൊത്തുകളും മാളങ്ങളും മറ്റും തന്റെ വസ്ത്രങ്ങൾകൊണ്ട് അടച്ചു. തുടർന്ന് നബി(സ) തിരുമേനിയെ അകത്തേക്ക് ക്ഷണിച്ചു. പറയ


**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

പ്പെടുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ മടിയിൽ തലവെച്ചു കിടന്നു. ഒരു മാളത്തിൽ തുണി വെച്ചിട്ടുണ്ടായിരുന്നില്ല. ഒരു പക്ഷേ, അപ്പോൾ കണ്ടിട്ടില്ലായിരിക്കാം. അതിനുമേൽ ഹദ്റത്ത് അബൂബക്ർ തന്റെ കാലുവെച്ചു.

നിവേദനത്തിലുണ്ട്: ഈ മാളത്തിലൂടെ തേളോ പാമ്പോ മറ്റോ അദ്ദേഹത്തെ കൊത്തികൊണ്ടിരുന്നു. പക്ഷേ, താൻ അനങ്ങിയാൽ നബി(സ)തിരുമേനിയുടെ വിശ്രമത്തിന് ഭംഗം വരുമോ എന്ന ആശങ്കയാൽ അദ്ദേഹം ഒരു വിധത്തിലും ഇളകിയില്ല. എത്രത്തോളമെന്നാൽ, നബി(സ)തിരുമേനി കണ്ണ് തുറന്നപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ വിവർണമായ മുഖം കണ്ട് ചോദിച്ചു: 'എന്താണ് പറ്റിയത്?' അദ്ദേഹം എല്ലാ കാര്യങ്ങളും പറഞ്ഞു. നബി(സ)തിരുമേനി തന്റെ പരിശുദ്ധ ഉമിനീർ അവിടെ തടവി. പിന്നീട് ആ കാലിനു ഒന്നും പറ്റാത്ത വിധത്തിൽ അത് സുഖമാവുകയും ചെയ്തു. *(ശറഹ് അസ്സുർഖാനീ, വാല്യം, 2 പേജ് 121, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1996)*

മറു ഭാഗത്ത് മക്കാ ഖുറയ്ശികൾ നബി(സ) തിരുമേനിയുടെ വീടു വളഞ്ഞിരിക്കുകയായിരുന്നു. അവരെ കണ്ടുകൊണ്ട് ആരോ ഒരാൾ അതിലൂടെ പോകുമ്പോൾ ചോദിച്ചു: ഇവിടെ നിങ്ങൾ എന്തിനാണ് നിൽക്കുന്നത്? അവർ കാര്യം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: 'മുഹമ്മദ് ഊടുവഴികളിലൂടെ പോകുന്നത് ഞാൻ കണ്ടു.' അപ്പോൾ അവർ ആയാളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: 'മുഹമ്മദ് വീടിനകത്ത് കിടക്കയിൽ തന്നെയുണ്ട്. ഞങ്ങൾ എല്ലാവരും തുടർച്ചയായി മുഹമ്മദിന്റെ മുന്നിൽ കണ്ണും നട്ടിരിക്കുകയാണ്.' അങ്ങനെ രാത്രിയായപ്പോൾ നേരത്തെതന്നെ തീരുമാനിച്ച പദ്ധതി അനുസരിച്ച് അവർ പെട്ടെന്ന് ഉള്ളിൽ പോകുകയും പുതപ്പും പുതച്ച് കിടക്കുന്ന ആളുടെ പുതപ്പു പിടിച്ച് വലിക്കുകയും ചെയ്തപ്പോൾ കാണുന്നതെന്താണ്? അത് ഹദ്റത്ത് അലിയായിരുന്നു!അലിയോട് അവർ ചോദിച്ചു മുഹമ്മദ് എവിടെ?അപ്പോൾ അദ്ദേഹം പറഞ്ഞു എനിക്കറിയില്ല. അപ്പോൾ ബിംബാരാധകർ അദ്ദേഹത്തെ ശകാരിക്കാനും മർദ്ദിക്കാനും തുടങ്ങി. കുറച്ചു നേരം അദ്ദേഹത്തെ തടഞ്ഞുവെച്ച ശേഷം അവർ അദ്ദേഹത്തെ വിട്ടു.

എന്തായാലും വളരെ കോപാകുലമായ അവസ്ഥയിൽ ആളുകൾ ഹദ്റത്ത് അലിയെ ശകാരിക്കുകയും മർദിക്കുകയും ചെയ്തതിനു ശേഷം തിരിച്ച് പോകുകയും മക്കയിലെ ഊടുവഴികളിലും മറ്റുമുള്ള വീടുകളിൽ തിരച്ചിൽ നടത്തുകയും ചെയ്തു. *(താരീഖുൽഖുമയ്സ്, വാല്യം 2, പേജ് 10, ദിക്റു ഖുറൂജ(സ) മഅ അബീബക്റിൻ മുൻ മക്കത്ത, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2009)*

ഇതിന്നിടയിൽ അവർ അബൂബക്റിന്റെ വീട്ടിലുമെത്തി. ഹദ്റത്ത് അസ്മായെ കണ്ടു. അബൂജഹ്ൽ മുന്നോട്ട് വന്ന് ചോദിച്ചു. നിന്റെ പിതാവ് അബൂബക്ർ എവിടെ? അവർ പറഞ്ഞു: 'അദ്ദേഹം എവിടെ പോയെന്ന് എനിക്കറിയില്ല.' അപ്പോൾ ആ ദുർഭഗനായ അബൂജഹ്ൽ തന്റെ കൈയുയർത്തി അസ്മയുടെ കരണത്ത് ആഞ്ഞടിച്ചു. അവരുടെ കാതിലെ കമ്മൽ തെറിച്ചുവീണു. ഏതായാലും കോപാകുലരായി അവർ തിരിച്ചുപോയി.*(അസ്സീറത്തു നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 344, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

മക്കയെ അരിച്ചുപെറുക്കിയെങ്കിലും അവർ പരാജിതരായി മടങ്ങി. തുടർന്ന് വിദഗ്ദ്ധരായ അന്വേഷകർ മക്കയുടെ നാലുഭാഗത്തേക്കും പുറപ്പെട്ടു. മക്കയിലെ മൂപ്പൻ ഉമയ്യ ബിൻ ഖലഫും വിദഗ്ദ്ധനായ അന്വേഷകനെയും കൊണ്ട് തന്റെ സുഹൃത്തുക്കളോടൊപ്പം പുറപ്പെട്ടു. ഈ അന്വേഷകൻ വളരെ സമർത്ഥനായിരുന്നു എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അയാളുടെ ആ പ്രാഗൽഭ്യത്തെ എത്ര പ്രശംസിച്ചാലും അത് കുറവായിരിക്കും. കാരണം ഈ ഒരു അന്വേഷകൻ മാത്രമാണ് നബി(സ)തിരുമേനിയുടെ കാലടിപ്പാടുകൾ നോക്കി ഥൗർ ഗുഹയുടെ മുഖംവരെ എത്തിയത്. എന്നിട്ട് പറഞ്ഞു: 'മുഹമ്മദിന്റെ കാല്പാടുകൾ ഇവിടം വരെയുണ്ട്. ഇതിനുശേഷം കാണുന്നില്ല.'

അല്ലാമാ ബലാദരി ഈ അന്വേഷകന്റെപേര് അൽഖമ ബിൻ കുർസ് എന്നാണ് പറയുന്നത്. എഴുതുന്നു: മക്കവിജയ സന്ദർഭത്തിൽ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. ഥൗർ ഗുഹയുടെ മുന്നിൽ നിന്ന് ഇവർ സംസാരിക്കുകയായിരുന്നു. ഹിജ്റത്ത് ചെയ്തു പോയവർ അതിനുള്ളിൽ ഒളിഞ്ഞിരിക്കുക മാത്രമല്ല ഇവരുടെ സംസാരവും കേൾക്കുന്നുണ്ടായിരുന്നു. എന്നല്ല ഹദ്റത്ത് അബൂബക്ർ പറയുന്നു: ഞാൻ അവരുടെ കാലുകളും കാണുന്നുണ്ടായിരുന്നു. അല്ലാഹുവാണ! അവരിലാരെങ്കിലും അകത്തേക്ക് കുനിഞ്ഞു നോക്കിയിരുന്നെങ്കിൽ ഞങ്ങൾ പിടിക്കപ്പെടുമായിരുന്നു.

എന്നാൽ, പ്രയാസവും അപകടവും നിറഞ്ഞ ആ നിമിഷത്തിൽ അവർ രണ്ടു പേർ മാത്രമായിരുന്നില്ല. മറിച്ച് മൂന്നാമത് അവരോടൊപ്പം ഏതൊരുവന്റെ കൈകളിലാണോ ആകാശവുംഭൂമിയുമുള്ളത് ആ അല്ലാഹുവുമുണ്ടായിരുന്നു. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു. *(സുബുലുൽഹുദാ വർറശാദ്, വാല്യം 3, പേജ് 241, ഫീ ഹിജ്റത്ത് റസൂലില്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993) (സ്വഹീഹുൽബുഖാരി കിതാബുൽഫളാഇൽ അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബുൽ മുഹാജിരീൻ വ ഫള്‌ലഹും നിവേദനം 3653)*

അവൻ ഒരു ഭാഗത്ത് ഇവർ എത്തുന്നതിനുമുമ്പേതന്നെ തന്റെ അത്ഭുതകരമായ ശക്തിപ്രഭാവംകൊണ്ട് മരം മുളപ്പിച്ചു. ചിലന്തിയെ അയച്ച് ഗുഹാമുഖത്ത് വല കെട്ടിച്ചു. പ്രാവിൻ ഇണകളെ വിട്ടുകൊണ്ട് അവിടെ ഒരു കൂടും ഉണ്ടാക്കിച്ചു. ഇത് നിവേദനങ്ങളിൽ വന്നിട്ടുള്ളതാണ്.*(അൽമവാഹിബുല്ലദുന്നിയലി അല്ലാമ ഖിസ്ത്വലാനീ, വാല്യം 1, പേജ് 292 –293, പ്രസാധകർ അൽമക്തബുൽ ഇസ്‌ലാമി ബെയ്റൂത്ത് 2004)*

ഏതായിരുന്നാലും അതിനുശേഷം അള്ളാഹു എങ്ങനെയാണ് നബി(സ) നു സ്വാന്തനമേകുകയും അല്ലാഹുവിൻറെആജ്ഞ അനുസരിച്ച് നബി(സ) ഹദ്റത് അബൂബക്കറിനെ സ്വാന്തനിപ്പിക്കയും ചെയ്തിരുന്നത് എന്നും കാണാൻ കഴിയുന്നു. ഈ അനുസ്മരണം ഇൻശാ അല്ലാഹ് തുടരുന്നതാണ്.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian
(Malayalam)

പേജ് 5 ൽ നിന്ന്

ട്ടത്തിൽ ഇവർ രണ്ടു പേരും പരസ്പരം പോരടിക്കുകയായിരുന്നു. പേർഷ്യക്കാർ റോമക്കാരെ പരാജയപ്പെടുത്തിയിരുന്നു. അവരുടെ വിലപ്പെട്ട പല പ്രദേശങ്ങളും ഇവർ കൈയടക്കിയിരുന്നു. അവരെ തുടർച്ചയായി ഒതുക്കി കൊണ്ടിരുന്നു. ഖുറയ്ശികൾ വിഗ്രഹാരാധകരായിരുന്നു. പേർഷ്യക്കാരുടെ മതവും ഏറെക്കുറെ അതുതന്നെയായിരുന്നു. അതുകൊണ്ട് മക്കയിലെ ഖുറയ്ശികൾ പേർഷ്യക്കാരുടെ വിജയത്തിൽ വളരെ സന്തോഷവാന്മാരായി കാണപ്പെട്ടു. പക്ഷേ, മുസ്‌ലിമീങ്ങൾ റോമക്കാരോടാണ് സഹാനുഭൂതി കാണിച്ചത്. കാരണം റോമൻ സാമ്രാജ്യം ക്രിസ്ത്യാനികളായിരുന്നു. ക്രിസ്ത്യാനികൾ ഗ്രന്ഥാനുസരികളായിരുന്നതുകൊണ്ടും ഹദ്റത്ത് മസീഹ് നാസ്വിരിയുമായി ബന്ധപ്പെട്ടവർ ആയിരുന്നതുകൊണ്ടും വിഗ്രഹാരാധകരെയും അഗ്നി ആരാധകരേയും അപേക്ഷിച്ച് മുസ്‌ലിമീങ്ങളുമായി വളരെ അടുത്തവരായിരുന്നു. അത്തരം അവസ്ഥയിൽ നബി (സ) തിരുമേനി അല്ലാഹുവിൽനിന്ന് ലഭിച്ച അറിവ് അനുസരിച്ച് പ്രവചനം ചെയ്തു, ഈ സമയത്ത് റോമക്കാർ പേർഷ്യക്കാർക്കു മുന്നിൽ പരാജയപ്പെടുന്നുണ്ട്, പക്ഷേ, ഏതാനും വർഷങ്ങൾക്കകംതന്നെ അവർ പേർഷ്യക്കാർക്കുമേൽ വിജയം വരിക്കുന്നതാണെന്ന്! അന്ന് വിശ്വാസികൾ സന്തോഷവാന്മാരായിരിക്കും. ഈ പ്രവചനം കേട്ടപ്പോൾ മുസ്‌ലിമീങ്ങൾ പ്രത്യേകിച്ചും ഹദ്റത്ത് അബൂബക്ർ(റ) പരസ്യമായി വളരെ അടുത്തുതന്നെ റോമക്കാർ പേർഷ്യക്കാർക്കുമേൽ വിജയം വരിക്കുന്നതാണെന്ന് തങ്ങളുടെ ദൈവം പറഞ്ഞിരിക്കുന്നുവെന്ന് വിളംബരപ്പെടുത്താൻ തുടങ്ങി. ഖുറയ്ശികൾ മറുപടിയായി പറഞ്ഞു: 'ഈ പ്രവചനം സത്യമാണെങ്കിൽ ഞങ്ങളുമായി പന്തയം വെക്കുക! ആ സമയംവരെയും ഇസ്‌ലാമിൽ പന്തയം വെക്കുന്നത് വിലക്കപ്പെട്ടിരുന്നില്ല. ഹദ്റത്ത് അബൂബക്ർ അത് അംഗീകരിച്ചു. ഖുറയ്ശി മൂപ്പന്മാരും ഹദ്റത്ത് അബൂബക്റുമായി ഏതാനും ഒട്ടകങ്ങളുടെ നിബന്ധനയിന്മേൽ ജയാപജയങ്ങളെ സംബന്ധിച്ച് പന്തയം തീരുമാനിച്ചു. 6 വർഷത്തെ കാലാവധി നിശ്ചയിച്ചു. അതെ കുറിച്ച് നബി(സ)യ്ക്കു അറിവ് ലഭിച്ചപ്പോൾ അവിടന്നു പറഞ്ഞു: '6 വർഷത്തെ കാലാവധി നിശ്ചയിച്ചത് തെറ്റാണ്. അല്ലാഹു കാലാവധിയെ പറ്റി പറഞ്ഞത് 'ബിള്‌യി സിനീന'എന്നാകുന്നു. അത് അറേബ്യൻ ശൈലി അനുസരിച്ച് മൂന്നു മുതൽ ഒമ്പതുവർഷംവരേക്കാണ് പറയാറുള്ളത്.' ഇതു നബി(സ)തിരുമേനി മക്കയിൽത്തന്നെ വസിച്ചിരുന്ന കാലത്തെ സംഭവമാണ്. ഹിജ്റത്ത് നടന്നിട്ടുണ്ടായിരുന്നില്ല. അതിനുശേഷം നിശ്ചിത കാലാവധിക്കകംതന്നെ യുദ്ധഗതി മാറുകയും റോമക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്തുകയും കുറഞ്ഞ കാലത്തിനകം തങ്ങളുടെ നഷ്ടപ്പെട്ട പ്രദേശങ്ങൾ വീണ്ടെടുക്കുകയും ചെയ്തു. ഇത് ഹിജറത്തിന് ശേഷമാണ് ഉണ്ടായത്. അതായത് ഹിജ്റത്തിന് ശേഷമാണ് റോമക്കാർ വിജയം വരിച്ചത്. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 216–217)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ) തിരുമേനി മക്കയിലായിരുന്നു. ഇറാനികൾ റോമക്കാരെ പരാജയപ്പെടുത്തി എന്ന

വാർത്ത അറേബ്യയിൽ പരക്കാൻ തുടങ്ങി. അതിൽ മക്കക്കാർ വളരെ സന്തുഷ്ടരായിരുന്നു. കാരണം അവരും ഇറാനികളും ബഹുദൈവാരാധകരായിരുന്നു. ഇറാനികൾ റോമക്കാരെ പരാജയപ്പെടുത്തിയത് ഒരു നല്ല ശകുനമായിട്ടാണ് അവർ കണ്ടത്. അതിന്റെ അർഥം മക്കക്കാർ മുഹമ്മദ്(സ)നുമേൽ വിജയം വരിക്കുമെന്ന രീതിയിലാണ് അവർ ശകുനം നോക്കിയത്. പക്ഷേ, അല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്(സ)നോട് പറഞ്ഞു: അലിഫ് ലാം മീം. ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻ ബഅ്ദി ഗലബിഹിം സയഗ്ലബൂന. ഫീ ബിള്യി സിനീന റോമൻ സാമ്രാജ്യത്തിന് ഈജിപ്തിൽ പരാജയം സംഭവിച്ചിരിക്കുന്നു, പക്ഷേ, ഈ പരാജയം ശാശ്വതമാണെന്ന് കരുതേണ്ട. പരാജയത്തിനുശേഷം റോമക്കാർ ഒൻപതു വർഷങ്ങൾക്കകം വിജയം വരിക്കുന്നതാണ്. ഈ പ്രവചനം പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ മക്കക്കാർ വലിയ രീതിയിൽ പരിഹസിക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്റുമായി ചില കാഫിറുകൾ നൂർ ഒട്ടകങ്ങൾവരെ പന്തയം വെച്ചു. ഇത്രയും പരാജയത്തിന് ശേഷവും റോമക്കാർ അഭിവൃദ്ധിപെടുകയായെങ്കിൽ ഞങ്ങൾ നൂറു ഒട്ടകം നൽകാം. അതല്ലെങ്കിൽ നിങ്ങൾ ഞങ്ങൾക്ക് നൂറു ഒട്ടകം നൽകണം! പ്രത്യക്ഷത്തിൽ ഈ പ്രവചനം പൂർത്തിയാകുന്നതിനുള്ള സാധ്യതകൾ അകന്നകന്നു പൊയിക്കൊണ്ടിരിക്കുകയായിരുന്നു. ഈജിപ്തിലെ പരാജയത്തിനുശേഷം റോമൻ സൈന്യം തുടർച്ചയായി പരാജയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് പിന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ ഇറാനിയൻ പട്ടാളം മർമറ(ങമൃാമൃമ ടലമ) ഉൾക്കടൽ തീരംവരെ എത്തി. കോൺസ്റ്റേണ്ടിനോപ്പിൾ ഏഷ്യൻ ഭരണകൂടത്തിൽനിന്നു തീർത്തും വിച്ഛേദിക്കപ്പെട്ടു. ശക്തമായ റോമൻ സാമ്രാജ്യം കേവലം ഒരു ഭരണകൂടം മാത്രമായി മാറി. ദൈവികമായ വചനങ്ങളും പൂർത്തിയാകേണ്ടതു ണ്ടായിരുന്നു. അത് പൂർത്തിയാകുകയും ചെയ്തു. വളരെ നിരാശാജനകമായ ഈ ഘട്ടത്തിൽ റോമൻ രാജാവ് തന്റെ സൈന്യത്തോടാപ്പം അവസാന യുദ്ധത്തിനുവേണ്ടി കോൺസ്റ്റേണ്ടിനോപ്പിളിൽനിന്ന് പുറപ്പെട്ടു. ഏഷ്യൻ സമുദ്ര തീരത്തിറങ്ങി ഇറാനികളുമായി ഒരു നിർണായക യുദ്ധത്തിന് ആരംഭം കുറിച്ചു. റോമൻ പട്ടാളം എണ്ണത്തിലും സാധനസാമഗ്രികളിലും വളരെ കുറവായിരുന്നിട്ട് കൂടി വിശുദ്ധ ഖുർആന്റെ പ്രവചനമനുസരിച്ച് പേർഷ്യക്കാർക്കുമേൽ വിജയം കൈവരിച്ചു. ഇറാൻ സൈന്യം എത്രത്തോളം ഓടിപ്പോയെന്നാൽ ഇറാന്റെ അതിർത്തികളിൽനിന്നു ഒരുപാടു ദൂരെ എവിടെയും അവർക്ക് ചുവട് ഉറച്ചില്ല. വീണ്ടും റോമൻ സാമ്രാജ്യത്തിന്റെ ആഫ്രിക്കയിലെയും ഏഷ്യയിലെയും നഷ്ടപ്പെട്ട പ്രദേശങ്ങൾ അവരുടെ നിയന്ത്രണത്തിലേക്കുതന്നെ വന്നു. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 445)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) അബൂജഹ്ലുമായി പന്തയം വെച്ചു. വിശുദ്ധ ഖുർആന്റെ അലിഫ് ലാം മീം. ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻ ബഅ്ദി ഗലബിഹിം സയഗ്ലബൂന. ഫീ ബിള്യി സിനീന എന്ന പ്രവചനത്തിന്റെ അടിസ്ഥാനത്തിലാ യിരുന്നു അത്. മൂന്ന് വർഷത്തെ കാലാവധി നിശ്ചയിപ്പോൾ നബി(സ)തിരുമേനിക്ക് പ്രവചനത്തിന്റെ രീതി മനസ്സിലാകുകയും ഉടൻതന്നെ ദീർഘ വീക്ഷണത്തോടെ പ്രവൃത്തിക്കുകയും ചെയ്തു. നിബന്ധനയിൽ കാര്യമായ മാറ്റം വരുത്താൻ അബൂബക്റിനോട് പറഞ്ഞു. ബിള്യി സിനീൻ എന്ന പദം അവ്യക്തമാണെന്നും അത് അധികവും ഒൻപതുവർഷം വരെ സാർഥകമാണെന്നും പറയുകയുണ്ടായി. *(ഇസാലയെ ഔഹാം, റൂഹാനീഖസാഇൻ വാല്യം 3, പേജ് 310-311)*

നബി(സ) തിരുമേനിയുടെ ഗോത്രങ്ങൾക്കു മുന്നിൽ തന്നെ അവതരിപ്പിക്കൽ: അതായത്, തന്റെ വാദഗതികൾ അവിടന്ന് സമർപ്പിക്കുകയും ഹദ്റത്ത് അബൂബക്ർ(റ) ആ മഹാത്മാവിനോടൊപ്പം നിൽക്കുകയും ചെയ്തു. അല്ലാഹു തന്റെ മതത്തെ വിജയിപ്പിക്കാനും തന്റെ നബിക്ക് ബഹുമാനാദരങ്ങൾ നൽകാനും തന്റെ വാഗ്ദാനം പൂർത്തിയാക്കാനും ഉദ്ദേശിച്ചപ്പോൾ നബി(സ)തിരുമേനി ഹജ്ജിന്റെ നാളുകളിൽ പുറത്തേക്കിറങ്ങി. അൻസ്വാർ ഗോത്രങ്ങളായ ഔസുമായും ഖസ്റജുമായും കൂടിക്കാഴ്ച നടത്തി. നബി(സ)തിരുമേനി ഹജ്ജ് വേളയിൽ എല്ലാവർഷത്തെയുംപോലെ സ്വയം പുറത്തേക്ക് വന്നു. ഒരു നിവേദനത്തിൽ വരുന്നു: ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് നിവേദനം. അല്ലാഹു നബി(സ)തിരുമേനിയോട് അറേബ്യൻ ഗോത്രങ്ങൾക്കു മുന്നിൽ വരാനാവശ്യപ്പെട്ടപ്പോൾ ഞാനും ഹദ്റത്ത് അബൂബക്റും നബി(സ)തിരുമേനിയുടെ കൂടെ മിനയിലേക്ക് പുറപ്പെട്ടു. അങ്ങനെ അറബികളുടെ ഒരു സദസ്സിലെത്തി. ഹദ്റത്ത് അബൂബക്ർ മുന്നോട്ടുവന്നു. അദ്ദേഹത്തിന് വംശക്രമാവലിയെ കുറിച്ച് നല്ല അറിവുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: 'നിങ്ങൾ ഏത് ഗോത്രക്കാരാണ്?' അവർ പറഞ്ഞു: 'റബീഅ ഗോത്രക്കരാണ്.' ഹദ്റത്ത് അബൂബക്ർ ചോദിച്ചു: 'റബീഅയുടെ ഏത് ശാഖയാണ്?' അവർ പറഞ്ഞു: ദുഹ്ലിൽനിന്നാണ്.' ഹദ്റത്ത് അലി പറയുന്നു: 'ഞങ്ങൾ ഔസിന്റേയും ഖസറജിന്റേയും സദസ്സുകളിൽ പോയി. ഇവർക്കാണ് പിന്നീട് നബി(സ) തിരുമേനി 'അൻസ്വാർ' എന്ന പേര് നൽകിയത്. കാരണം അവർ നബി(സ) തിരുമേനിക്കു സംരക്ഷണവും സഹായവും നൽകാൻ തയ്യാറായി.' ഹദ്റത്ത് അലി പറയുന്നു: 'അവർ നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്യുന്നതുവരെ ഞങ്ങൾ അവിടെനിന്ന് എഴുന്നേറ്റില്ല.'*(ശറഹ് അസ്സുർഖാനി അലൽമവാഹിബുല്ലദുന്നീ, വാല്യം 2, പേജ് 72-74, ദിക്റു അർളൽ മുസ്തഫാ നഫ്സഹു അലൽ ഖബാഇലി.........ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അലി(റ) പറയുന്നു: അല്ലാഹു നബി(സ) തിരുമേനിയോടു അറേബ്യൻ ഗോത്രങ്ങൾക്കു മുന്നിൽ വരാൻ കൽപിച്ചപ്പോൾ നബി(സ) തിരുമേനി ഉദ്ദേശ്യം പൂർത്തിയാക്കാൻ പുറപ്പെട്ടു. ഞാനും ഹദ്റത്ത് അബൂബക്റും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ ഒരു സദസ്സിലെത്തി. അവിടെ സമാധാനവും മാന്യതയുമുണ്ടായിരുന്നു. ആ ആളുകൾ ഉന്നതസ്ഥാനീയരും അന്തസ്സുള്ളവരുമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ചോദിച്ചു: 'നിങ്ങൾ ഏത് ഗോത്രത്തിൽ പെട്ടവരാണ്?' അവർ പറഞ്ഞു: 'ഞങ്ങൾ ബനൂ ശയ്ബാൻ ബിൻ ഥഅ്ലബയിൽ നിന്നുള്ളവരാണ്.' ഹദ്റത്ത് അബൂബക്ർ നബി(സ) തിരുമേനിയിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! ഇവരുടെ ഗോത്രത്തെക്കാൾ ശ്രേഷ്ഠരും ആദരണീയരായവരും ആരുമില്ല.' അവരിൽ മഫ്റൂഖ് ബിൻ അംറ്, മുഥന്നാ ബിൻ ഹാരിഥ, ഹാനി ബിൻ ഖബീസ, നുഅമാൻ ബിൻ ശരീക് എന്നിവരുണ്ടായിരുന്നു. നബി(സ)തിരുമേനി അവർക്ക് മുന്നിൽ

ഖുൽ തആലൗ അത്‌ലു മാ ഹർമറബ്ബുക്കും അലയ്ക്കും അല്ലാ തുശ്രിക്കൂ ബിഹി ശയ്അൻ വബിൽവാലിദയ്നി ഇഹ്സാനൻ, വലാ തഖ്ത്തുലൂ ഔലാദക്കും മ്മിൻ ഇംലാഖിൻ നഹ്നു നറുസുഖുക്കും വ ഇയ്യാഹും വലാ തഖ്റബുൽ ഫവാഹിശ മാ ളഹറ മിൻഹാ വമാ ബത്വന വലാതഖ്തുലുന്നഫ്സല്ലത്തീ ഹർറമല്ലാഹു ഇല്ലാ ബിൽഹഖ്ഖി ദാലിക്കും വസ്സാക്കും ബിഹീ ലഅല്ലക്കും തഅ്ഖിലൂൻ(6:152) എന്ന വചനം ഓതുകയുണ്ടായി. ഇതിന്റെ തർജമ ഇപ്രകാരമാണ്. 'പറയുക: വരുവിൻ!നിങ്ങളുടെ നാഥൻ നിങ്ങൾക്കു നിഷിദ്ധമാക്കിയതിനെ നിങ്ങൾക്കു ഞാൻ പറഞ്ഞുതരാം.(അവൻ കൽപിക്കുന്നു:)അവനോടു ഒന്നിനേയും നിങ്ങൾ പങ്കു ചേർക്കരുത്. മാതാപിതാക്കളോടു നന്മ പ്രവർത്തിക്കുക. ദാരിദ്ര്യം ഭയന്നുകൊണ്ട് നിങ്ങളുടെ സന്തതികളെ നിങ്ങൾ വധിക്കരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നല്കുന്നത്. പ്രത്യക്ഷമായതും ഗോപ്യമായതുമായ നീചകൃത്യങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു (വധിക്കുന്നത്)വിരോധിച്ച ജീവനെ നിയമാനുസൃതമായിട്ടല്ലാതെ നിങ്ങൾ വധിക്കുകയുമരുത്. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോടു താക്കീതായി അനുശാസിക്കുന്നു;നിങ്ങൾ കാര്യം ഗ്രഹിക്കുന്നതിനുവേണ്ടി!' അപ്പോൾ മഫ്റൂഖ് പറഞ്ഞു: ഇതു ഭൂമിയിലുള്ളവരുടെ വചനങ്ങളല്ല. ഭൂനിവാസികളുടേതായിരുന്നെങ്കിൽതീർച്ചയായുംനമ്മൾഅത്അറിയുകയും ചെയ്യും. തുടർന്ന് നബി(സ)തിരുമേനി മറ്റൊരു ആയത്ത് പാരായണം ചെയ്തു: **ഇന്നല്ലാഹ യഅ്മുറു ബിൽഅദ് ലി വൽ ഇഹ്സാനീ വ ഈത്താഇദിൽ ഖുർബാ വയൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വൽ ബഗ്യി യയിള്വുക്കും ലഅല്ലക്കും തദക്കറൂൻ**

നീതി പുലർത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (അന്യർക്കും)സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.(16:91)

ഈ വചനങ്ങൾ കേട്ടശേഷം മഫ്റൂഖ് പറഞ്ഞു: 'അല്ലയോ ഖുറയ്ശീ സഹോദരാ! അല്ലാഹുവാണ! അങ്ങ് ഉന്നത സ്വഭാവങ്ങളിലേക്കും നല്ല കാര്യങ്ങളിലേക്കുമാണ് ക്ഷണിക്കുന്നത്. തീർച്ചയായും അങ്ങയെ നിഷേധിക്കുന്നവർ വളരെ കഠിനമായ വ്യാജവാദികളാകുന്നു. അങ്ങയ്ക്കെതിരിൽ അവർ പരസ്പരം സഹായിക്കുകയാണ്. മുഥന്നാ പറഞ്ഞു: എന്റെ ഖുറയ്ശീ സഹോദരാ!ഞങ്ങൾ അങ്ങയുടെ വർത്തമാനം കേട്ടു. അങ്ങ് നല്ല രീതിയിലാണ് കാര്യങ്ങൾ പറഞ്ഞത്.

അങ്ങ് പറഞ്ഞ കാര്യങ്ങൾ എന്നെ അത്ഭുതപ്പെടുത്തുന്നു. ഞങ്ങൾ കിസ്റായുമായി ഒരു ഉടമ്പടിയിൽലാണുള്ളത്. അതായത് ഞങ്ങൾ പുതിയൊരു കാര്യവും ചെയ്യുന്നതോ പുതിയ കാര്യങ്ങൾ ചെയ്യുന്നവർക്ക് അഭയം നൽകുന്നതോ അല്ല. ഏതൊന്നിലേക്കാണോ അങ്ങ് ഞങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത് അതെപറ്റി രാജാവ് അനിഷ്ടം പ്രകടിപ്പിക്കുന്നതായിരിക്കും. അങ്ങ് ആഗ്രഹിക്കുന്ന അറേബ്യയയുടെ ചുറ്റുവട്ടത്തുമുള്ള ജനങ്ങളെ എതിർക്കാൻ ഞങ്ങളുടെ സഹായമാണ് വേണ്ടതെങ്കിൽ ഞങ്ങൾ അങ്ങയെ സഹായിക്കാനും സംരക്ഷിക്കാനും തയ്യാറാണ്.' അപ്പോൾ നബി(സ) തിരുമേനി അവരോട് പറഞ്ഞു: 'നിങ്ങളുടെ മറുപടിയിൽ തെറ്റൊന്നുമില്ല. കാരണം നിങ്ങൾ വളരെ പരസ്യമായിതന്നെ സത്യത്തെ വെളിപ്പെടുത്തിയിരിക്കുന്നു.'

അല്ലാഹുവിന്റെ ദീനിൽ അടിയുറച്ച് നിൽക്കാൻ കഴിയുന്നത് അല്ലാഹു എല്ലാ നിലയ്ക്കും വലയം ചെയ്തവർക്കു മാത്രമാണ്. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ കൈ പിടിക്കുകയും എഴുന്നേറ്റു പോകുകയും ചെയ്തു.' *(മഅ്രിഫത്തുസ്സ്വഹാബലി അബീ നയീം, ഭാഗം 4, പേജ് 309-310, നിവേദന നമ്പർ 6382, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

മറ്റൊരു നിവേദനമുണ്ട്. നബി(സ) തിരുമേനി പറഞ്ഞു: 'ഏതാനും കുറഞ്ഞ സമയത്തിനുള്ളിൽ അല്ലാഹു നിങ്ങൾക്ക് കിസ്റായുടെ ഭൂമിയും ഭരണവും അവകാശമായി നൽകുകയും അവരുടെ സ്ത്രീകളെ നിങ്ങളുടെ അധീനത്തിൽ കൊണ്ടുവരികയും ചെയ്യുന്നതിന് നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുകയാണ് വേണ്ടത്. അതെ കുറിച്ച് നിങ്ങളെന്താണ് ധരിക്കുന്നത്? ഇതു കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങൾ തയ്യാറാണ്.' അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക; നബി(സ) തിരുമേനി പറഞ്ഞത് അക്ഷരംപ്രതി പൂർത്തിയായി. ഈ മുഥന്നാ അന്ന് കിസ്റായുടെ ശക്തിയിൽ വളരെ പ്രഭാവിതനായിക്കൊണ്ടും അയാളുടെ നീരസത്തെ ഭയപ്പെട്ടുകൊണ്ടും ഇസ്ലാം സ്വീകരിക്കുന്നതിൽനിന്ന് പിന്മാറുകയായിരുന്നു. കുറച്ചു കാലത്തിനുശേഷം ഹദ്റത്ത് അബൂബക്റിൻെറ ഖിലാഫത്തു കാലത്ത് ഇതേ കിസ്റായേ നേരിടുന്നതിനുള്ള ഇസ്ലാമിക സൈന്യത്തിന്റെ സൈന്യാധിപൻ ഇതേ മുഥന്നാ തന്നെയായിരുന്നു. അദ്ദേഹം കിസ്റായുടെ നട്ടെല്ലൊടിക്കുകയും നബി (സ) തിരുമേനിയുടെ സുവാർത്തകളുടെ സാക്ഷ്യമായി മാറുകയും ചെയ്തു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്(റ)ശഖ്സിയ്യത്ത് ഔർ കാർണാമെ, ഉർദു തർജമ, പേജ് 82-84)*

ഒരു ഹജ്ജിന്റെ അവസരത്തിലുള്ള നിവേദനം ഇങ്ങനെയുണ്ട്: ബക്ർ ബിൻ വായിൽ ഗോത്രം ഹജ്ജിനു മക്കയിൽ വന്നപ്പോൾ അബൂബക്റിനോട് നബി(സ) തിരുമേനി പറഞ്ഞു: 'അവരുടെ അടുത്തു പോയി എന്നെ അവർക്ക് പരിചയപ്പെടുത്തുക.' അതായത് തബ്ലീഗ് ചെയ്യുകയും നബി(സ)തിരുമേനിയുടെ ദൗത്യം അവർക്കു മുന്നിൽ സമർപ്പിക്കുകയും ചെയ്യുക. ഹദ്റത്ത് അബൂബക്ർ അവരുടെ അടുക്കൽ പോയി നബി(സ)തിരുമേനിയെ അവർക്ക് പരിചയപ്പെടുത്തി. നബി(സ)തിരുമേനി അവർക്ക് ഇസ്ലാമിനെ പറ്റി പ്രബോധനം ചെയ്തു.' *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 7, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ബാക്കി ഇൻശാ അല്ലാഹ് തുടർന്നു വിവരിക്കുന്നതായിരിക്കും.

ഇന്ന് അഫ്ഗാനിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യാൻ പറയാൻ ഞാനാ ഗ്രഹിക്കുന്നു. വളരെ പ്രയാസത്തിലൂടെയാണ് അവർ കടന്നു പോകുന്നത്. ചിലരെ തടവിലാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളും കുട്ടികളും തങ്ങളുടെ വീടുകളിൽ വളരെ പ്രയാസത്തിലാണ്.

തടവിലല്ലാത്ത പുറത്തു കഴിയുന്ന പുരുഷന്മാരും വീടുകളിൽനിന്ന് പുറത്താണ്. തടവിലാക്കപ്പെടുമോ എന്ന ഭയത്തിലാണ് കഴിയുന്നത്. അല്ലാഹു അവർക്ക് എളുപ്പം ഉണ്ടാക്കുമാറാകട്ടെ. അവരെ പ്രയാസങ്ങളിൽ രക്ഷിക്കുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെയും പൊതുവിൽ അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. എവിടെയെങ്കിലുമൊക്കെയായി അഹ്മദികളെ പ്രയാസത്തിലാക്കുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പൊതുവായ നിലക്കും ദുആ ചെയ്യുക. അല്ലാഹു ഈ ലോകത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ തിരിച്ചറിയാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എല്ലാ ശർറുകളും അവസാനിക്കുമാറാകട്ടെ. ലോകം തങ്ങളുടെ സ്രഷ്ടാവിന്റെ യാഥാർഥ്യം മനസ്സിലാക്കുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതാണ്. പിന്നീട് അവരുടെ ജനാസ നമസ്കരിപ്പിക്കുന്നതുമാണ്. ആദ്യത്തെ അനുസ്മരണം അൽഹാജ് അബ്ദുർറഹ്മാൻ എന്നിൻ (Ennin) സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം മുൻ ഉമൂറെ ആമ സെക്രട്ടറിയും ഘാനയിലെ ഓഫീസർ ജൽസ സാലനായുമായിരുന്നു. ഘാന പൗരനായിരുന്നു. എൺപത്തിയൊന്നാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന്റെ മാതാപിതാക്കളും അഹ്മദികളായി രുന്നു. മാതാപിതാക്കളാണ് ആദ്യം ബയ്അത്ത് ചെയ്തത്. ഈജിപ്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയതിനുശേഷം തന്റെ കർമ ജീവിതം ആരംഭിച്ചു. ഇവിടെ ഘാനയിൽ വിവിധ കമ്പനികളിൽ മാനേജർ എന്ന നിലയിൽ ജോലി ചെയ്തു. പിന്നെ നൈജീരിയയിലും കുറച്ചുകാലം ജോലി ചെയ്തിട്ടുണ്ട്. തുടർന്ന് സ്വന്തമായി ഒരു കമ്പനി ആരംഭിച്ചു. അദ്ദേഹം അതിന്റെ മാനേജിങ് ഡയറക്ടറായിരുന്നു. വളരെ ആത്മാർഥതയുള്ള വ്യക്തിയായിരുന്നു. ജമാഅത്തിൽ മാതൃകാപരമായ സേവനങ്ങൾക്ക് തൗഫീഖ് ലഭിച്ചിരുന്നു. ജീവിതത്തിലുടനീളം ജമാഅത്തി ആവശ്യങ്ങൾക്ക് തന്റെ വ്യക്തിപരമായ കാര്യങ്ങളെക്കാൾ മുൻഗണന നൽകി. വിവിധ സ്ഥാനങ്ങളിലിരുന്ന് ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. എപ്പോഴും അമീർ ജമാഅത്തിനെ അനുസരിക്കുന്നതിലും അദ്ദേഹത്തിന്റെ എല്ലാ വാക്കുകൾക്കും ലബ്ബയ്ക്ക് പറയുന്നതിലുമാണ് തന്റെ നന്മ എന്ന് മനസിലാക്കിയിരുന്നു. അധികവും അതിരാവിലെ മിഷനിൽ വന്ന് അമീർ സാഹിബിനെ കാണുകയും എന്തെങ്കിലും ജമാഅത്തി ജോലികളുണ്ടെങ്കിൽ അത് ആദ്യം പൂർത്തിയാക്കി പിന്നീട് തന്റെ ജോലിക്ക് പോവുകയും ചെയ്യുമായിരുന്നു. ഇദ്ദേഹം ഗ്രേറ്റർ ആക്ര റീജ്യണിൽ(Greter Accra Region) നീണ്ടകാലം സ്വദർ ആയിരുന്നു. പിന്നെ 79 മുതൽ 89വരെ മജ്ലിസ് അൻസ്വാറുല്ലയുടെ സ്വദർ ആയിരുന്നു. പിന്നെ നീണ്ടകാലം ഉമൂറെ ആമ സെക്രട്ടറിയായി ജോലി ചെയ്തു. തുടർന്ന് ജൽസ സാലാന ഓഫീസറായും പ്രവൃത്തിക്കാൻ തൗഫീഖ് കിട്ടിയിട്ടുണ്ട്. മരണംവരെയും നാഷണൽ ട്രസ്റ്റി എന്ന നിലയിൽ സേവനത്തിന് തൗഫീഖ് കിട്ടിക്കൊണ്ടിരുന്ന. എല്ലാവരെയും സഹായിക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. കൈയയച്ച് ചെലവഴിക്കുമായിരുന്നു. സഹാനുഭൂതി കുടുംബത്തിൽ മാത്രം ഒതുങ്ങിയിരുന്നില്ല. അദ്ദേഹത്തിന്റെ ഔദാര്യത്തിന് ബന്ധുമിത്രാദികൾക്ക് പുറമെ ജമാഅത്തിലെ അംഗങ്ങളും മതഭേദമന്യേ നാട്ടിലെ ആളുകളിലേക്കും വ്യാപിച്ചിരുന്നു. ജമാഅത്തിനോട് വളരെ കൂറുള്ളയാളും ഖിലാഫത്തിനുവേണ്ടി ജീവത്യാഗം ചെയ്യാൻ സന്നദ്ധനായ യോദ്ധാവുമായിരുന്നു. എപ്പോഴും ജമാഅത്തി കാര്യങ്ങൾക്ക് മറ്റെല്ലാ കാര്യങ്ങളേക്കാൾ മുൻഗണന നൽകി. ഒരിക്കലും എതിർപ്പിനെ വകവെച്ചതേയില്ല. തഹജ്ജുദ് നമസ്കരിച്ചിരുന്നു. വളരെ കൃത്യമായി തഹജ്ജുദ് അനുഷ്ഠിച്ച് പോന്നു. യാത്രയിലാണെങ്കിലും അല്ലെങ്കിലും അതിൽ കൃത്യനിഷ്ഠയുള്ളയാളായിരുന്നു. മൂസ്വി യായിരുന്നു. ജാമാഅത്തി ചന്ദകളിലും കൃത്യത പുലർത്തിയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ അഞ്ചു ആൺമക്കളും അഞ്ചു പെൺമക്കളുമുണ്ട്.

ഘാനയിലെ മുറബ്ബി ഹാഫിള് മുബശ്ശിർ അഹ്മദ് എഴുതുന്നു: അദ്ദേഹം വളരെ ഉൾക്കാഴ്ചയുള്ളയാളും മിതഭാഷിയും കൃത്യമായി കാര്യങ്ങൾ പറയുന്നയാളും വളരെവേഗം കാര്യങ്ങൾ ഗ്രഹിക്കുന്ന യാളുമായിരുന്നു. ബോർഡിന്റെ മീറ്റിംഗുകളിൽ ഒരിക്കൽ എല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ പറയുകയായിരുന്നു. ഒരു വിഷയത്തിൽ ചർച്ച നീണ്ടു പോകുകയായിരുന്നു. അദ്ദേഹം, നിശബ്ദനായി എല്ലാം കേട്ടുകൊണ്ടിരുന്നു. തന്റെ അവസരം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതു സംബന്ധിച്ച് കാലത്തിന്റെ ഖലീഫയുടെ തീരുമാനം വന്നിരിക്കുന്നു. അതുകൊണ്ട് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമില്ല. കാരണം കാലത്തിന്റെ ഖലീഫയുടെ തീരുമാനം വന്നു കഴിഞ്ഞാൽ പ്പിന്നെ ആരും അഭിപ്രായം പറയുകയല്ല വേണ്ടത്. മറിച്ച് നമ്മൾ അതു പൂർണമായും പ്രവർത്തനപഥത്തിൽ കൊണ്ടുവരികയാണ്. ഇത്തരത്തിലുള്ള ആത്മാർഥരായ ആളുകളെ അല്ലാഹു വിദൂരദേശങ്ങളിൽ പോലും നമുക്ക് തന്നിരിക്കുന്നു.

അടുത്ത അനുസ്മരണം അദ്യാബ് അലി മുഹമ്മദ് അൽജബാലി സാഹിബിനെ കുറിച്ചാണ്. അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ജോർദാൻ ജമാത്തിലെ അംഗമായിരുന്നു. ജോർദാൻ ജമാഅത്ത് സ്വദർ എഴുതുന്നു: ഇദ്ദേഹം 2010 ലാണ് ബയ്അത്തു ചെയ്തത്. തന്റെ പ്രദേശത്തെ ഏക അഹ്മദിയായിരുന്നു. ഇവിടെയുള്ള നാട്ടുനടപ്പനുസരിച്ച് ഭർത്താവിനോടൊപ്പം ഭാര്യയും അദ്ദേഹത്തിന്റെ ദീനിലേക്ക് വരു

ന്നു. അങ്ങനെ അവരും അഹ്മദിയായി. പറയുന്നു: മർഹുമിനു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടുമു ള്ള ഈമാൻ പർവത സമാനം ദൃഢതരമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ കുടുംബവും മറ്റു എതിരാളികളും ശത്രുത കാണിച്ചിട്ടുപോലും അദ്ദേഹം സൈഥര്യത്തിന്റെ മാതൃകയാണ് പ്രകടിപ്പിച്ചത്. അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടും വളരെ അഭിമാനപൂർവമായ ബന്ധമായിരുന്നു. ശക്തിയുക്തം പ്രതിരോധിച്ചിരുന്നു. മാർഹുമിനു കാര്യങ്ങൾ പഠിക്കുന്നതിനും തബ്ലീഗു ചെയ്യുന്നതിനും വലിയ ആവേശമുണ്ടായിരുന്നു. പലപ്പോഴും നീണ്ട രാത്രികൾവരെ ഫോൺ മുഖേന വിഷയങ്ങൾ സംബന്ധിച്ച് ചോദിച്ചറിയുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ വീട്ടിൽ എതിരാളികളുമായും കുടുംബാക്കാരുമായും പല തബ്ലീഗി ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പ്രമേഹ രോഗിയായിരുന്നു. വളരെ പ്രയസത്തിലുമായിരുന്നു. അദ്ദേഹത്തിന്റെ ചില കുടുംബക്കാർ അദ്ദേഹത്തോട് ഈ രോഗത്തെ പറ്റി പറഞ്ഞിരിക്കുന്നത് അഹ്മദിയ്യത്ത് കാരണമാണ് നിനക്ക് ഈ അവസ്ഥ ഉണ്ടായതെന്നാണ്. അഹ്മദിയ്യത്ത് ഒഴിവാക്കുകയാണെങ്കിൽ തങ്ങൾ ഖിയാമത്ത് ദിവസം താങ്കൾക്ക് വേണ്ടി സാക്ഷി നൽകുന്നതാണത്രെ! അപ്പോൾ അദ്ദേഹം വളരെ ആവേശത്തോടെ ഇങ്ങനെ ദുആ ചെയ്തു: 'അല്ലാഹുവേ! നീ എനിക്ക് അഹ്മദി മുസ്ലിമായ അവസ്ഥയിൽത്തന്നെ വഫാത്ത് നൽകേണമേ.'

അടുത്ത അനുസ്മരണം റിട്ടയേർഡ് മുറബ്ബിയായിരുന്ന ദീൻ മുഹമ്മദ് സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം കാനഡയിലായിരുന്നു. 92-മത്തെ വയസിൽ കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാവു മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. പിതാവിന് 1938-ൽ ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. 1940-ൽ ഇദ്ദേഹത്തിന്റെ പിതാവ് ഇദ്ദേഹത്തെയുംകൊണ്ട് ഖാദിയാനിൽ വന്നു. ഖാദിയാനിലെ വിദ്യാഭ്യാസ അന്തരീക്ഷത്തിലും ദീനി ചുറ്റുപാടിലും പ്രഭാവിതനായിക്കൊണ്ട് എഴുത്തും വായനയും കണ്ടുകൊണ്ടും പതിനൊന്നാമത്തെ വയസ്സിൽ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)ന്റെ കീഴിൽ ഇദ്ദേഹത്തെ വിട്ടു. പിന്നെ അവിടെ നിന്നാണ് വിദ്യാഭ്യാസം കരസ്ഥമാക്കിയത്. 1953-ൽ ജാമിയ അഹ്മദിയ്യായിൽ നിന്ന് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. പാകിസ്താനിലെ വിവിധ നഗരങ്ങളിൽ മുറബ്ബിയായും മൂന്നു നാലു വർഷം ഫിജി ദ്വീപുകളിൽ ഇൻചാർജ് മുബല്ലിഗായും സേവനം ചെയ്തിട്ടുണ്ട്. റബ്വയിൽ നീണ്ടകാലം പ്രസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഇദ്ദേഹത്തിന് നാലു ഗ്രന്ഥങ്ങളും നിരവധി വൈജ്ഞാനിക ലേഖനങ്ങളും എഴുതാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. തബ്ലീഗിൽ വലിയ ആവേശമായിരുന്നു. പുതിയ പുതിയ മാർഗങ്ങൾ അവലംബിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ടു ആൺ മക്കളും മൂന്ന് പെൺകുട്ടികളുമുണ്ട്.

അടുത്ത അനുസ്മരണം മിയ റഫീഖ് അഹ്മദ് സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം ജൽസ സാലാനാ ഓഫീസിൽ ജീവനക്കാരനായിരുന്നു. കഴിഞ്ഞ ദിവസം 87-മത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദേഹത്തിന്റെ പിതാവിന്റെ പേര് ബശീർ അഹ്മദ് സാഹിബ് എന്നായിരുന്നു. പാകിസ്താൻ സ്ഥാപിക്കുന്നതിന് മുമ്പേതന്നെ ഇദ്ദേഹം ഖാദിയാനിൽ നിന്നു ഹിജ്റത്ത് ചെയ്തു കോഇട്ടയിൽ വന്നിരുന്നു, കോഇട്ടയിൽ അമീർ ജമാഅത്ത് എന്ന നിലയിൽ പ്രവർത്തിക്കാൻ ഇദ്ദേഹത്തിന്റെ പിതാവിന് അവസരം ലഭിച്ചിട്ടുണ്ട്. മിയാ റഫീഖ് സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഡോക്ടർ അബ്ദുല്ലാഹ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. 1960-ൽ ലാഹോർ എഞ്ചിനിയറിംഗ് കോളേജിൽനിന്ന് മെക്കാനിക്കൽ എഞ്ചിനീറിങ്ങിൽ ബി എസ് സി ചെയ്തു. അതിനുശേഷം വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് ടാൻസാനിയയിൽ സെക്രട്ടറിമാൽ എന്ന നിലക്കും സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. 1986-ൽ വഖ്ഫ് ആർസി എന്ന നിലയിൽ ജൽസ സാലാന ഓഫീസിൽ സേവനം ചെയ്തു തുടങ്ങി. 1987-ൽ ജൽസാ സാലാനാ ഓഫീസിൽ ജീവനക്കാരൻ എന്ന നിലക്ക് പ്രവർത്തനം ആരംഭിച്ചു. (തുടരും)

പേജ് 1 ൽ നിന്ന്

അനുഗ്രഹങ്ങൾകൊണ്ടാണ് ജൽസ സംഘടിപ്പിക്കാൻ കഴിഞ്ഞത്. അതു ഡിസംബർ മാസത്തിൽ ഖാദിയാൻ ദാറുൽഅമാൻ എന്ന നാടിനെ വീണ്ടുമൊരിക്കൽകൂടി സന്തോഷങ്ങൾകൊണ്ടും തിളക്കങ്ങൾകൊണ്ടും നിറച്ചു. ഒരിക്കൽകൂടി ഖാദിയാൻ വാസികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ ആഗമനത്തിലും അവരെ സ്വാഗതം ചെയ്യുന്നതിലുള്ള സന്തോഷത്തിലും അവരവരുടെ വീടുകളും ഇടവഴികളുമെല്ലാം ശുചിയാക്കി. ഓരോരുത്തരും അവരവരുടെ വർണത്തിൽ ജൽസയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തി. സമൂഹപരമായ ശ്രമദാനം മുഖേന ഖാദിയാനൊട്ടുക്കും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജൽസയുടെ കുറച്ചുദിവസം മുമ്പേതന്നെ വൈദ്യുതി- വെളിച്ചം നല്വാമത്തിന്റെ കീഴിൽ മഹല്ലിലെ എല്ലാ ഇടവഴികളിലും റോഡുകളിലും ട്യൂബ് ലൈറ്റുകൾ മുഖേന വെളിച്ചമേകി. ബിഹിശ്തി മഖ്ബറ, ദാറുൽമസീഹ്, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ്വാ, മിനാരത്തുൽമസീഹ് തുടങ്ങിയവയെല്ലാം ദീപാലങ്കാരം കൊണ്ടു നവവധുവിനെപ്പോലെ അണിയിച്ചൊരുക്കി. ഇപ്രകാരം മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും ആത്മീയമായ ഈ നാട് അതിന്റെ ആന്തരികമായ മിന്നിത്തിളക്കത്തോടുകൂടി ബാഹ്യമായും മിന്നിത്തിളങ്ങാൻ തുടങ്ങി.

### നടത്തിപ്പുപരമായ പരിശോധന

2021 ഡിസംബർ 21 ന് ചൊവ്വാഴ്ച ഏകദേശം 10.45ന് 'ബുസ്താനെ അഹ്മദ്' ജൽസാഗാഹിൽ ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസിന്റെ പ്രതിനിധി മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റെ അധ്യക്ഷതയിൽ 'നടത്തിപ്പുപരമായ പരിശോധന' പരിപാടി നടന്നു. ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസിന്റെ പ്രതിനിധി ജൽസാ ഗാഹ് 'ബുസ്താനെ അഹ്മദിൽ' ആഗതരായപ്പോൾ അദ്ദേഹത്തെ 'അഹ്ലൻവ്വ സഹ്ലൻവ്വ മർഹബാ' മുദ്രാവാക്യങ്ങളോടെ സ്വാഗതം ചെയ്തു. അദ്ദേഹം ആദ്യം ജൽസാസാലാന വകുപ്പുകളുടെ പിന്നിൽ അണിനിരന്നുനിന്ന മുൻതളിമീൻ, നാളിമീൻ, കാർകുനാൻ എന്നിവരെ സന്ദർശിച്ചു. അതിനുശേഷം 'പരിശോധനാ പരിപാടി' ലുഖ്മാൻ അഹ്മദ് തഖ്യിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അതിന്റെ പരിഭാഷയും അവതരിപ്പിക്കപ്പെട്ടു. അതിനുശേഷം ഹുദൂറിന്റെ പ്രതിനിധി പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: 'അൽഹംദുലില്ലാഹ് രണ്ടുവർഷത്തിനുശേഷം അല്ലാഹുവിന്റെ കൃപയും കരുണയുംകൊണ്ട് ഖാദിയാൻ ജൽസസാലാന സംഘടിപ്പിക്കാൻ കഴിഞ്ഞിരിക്കുകയാണ്. ഈ ജൽസയിൽ ഭൗതികമായി നോക്കുമ്പോൾ ഹാജർനില കുറവായിരിക്കുമെങ്കിലും തൽസമയ സ്ട്രീമിങ്ങ് മുഖേന രാജ്യമൊട്ടുക്കും ജൽസാസാലാന കേൾക്കുകയും കാണുകയും ചെയ്യുന്നതായിരിക്കും.' അദ്ദേഹം ലൈറ്റ്& സൗണ്ട് വകുപ്പിന്റെ ശ്രദ്ധക്ഷണിച്ചുകൊണ്ടു പറഞ്ഞു, 'തൽസമയ സ്ട്രീമിങ്ങ് മുഖേന രാജ്യമൊട്ടുക്കും ജൽസാസാലാന കേൾപ്പിക്കുകയും കാണിക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. അതുകൊണ്ടു അവർ പ്രത്യേക ശ്രദ്ധയോടുകൂടി ജോലി ചെയ്യേണ്ടതായിവരും.' ഈ ദൈവിക ജൽസയുടെ പ്രാധാന്യത്തേയും അനുഗ്രങ്ങളേയും കുറിച്ചും അദ്ദേഹം പറഞ്ഞു. ജൽസസാലാനയുടെ ജോലികൾ നല്ലനിലയിൽ നിർവഹിക്കുന്നതിന് പ്രധാനമായും മൂന്നുവകുപ്പുകളാണ് പ്രവർത്തിക്കുന്നത്. ഈ മൂന്നുവകുപ്പുകളുടേയും കീഴിൽ ഡ്യൂട്ടിനല്കുന്ന ഉദ്യോഗസ്ഥന്മാരുടെ ചുമതലകളെ കുറിച്ച് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഉദ്യോഗസ്ഥരോടു കഠിനാധ്വാനത്തോടും ഉത്തരവാദിത്വത്തോടും കൂടി പ്രവൃത്തിച്ചുകൊണ്ട് ജൽസയുടെ ഡ്യുട്ടികൾ നിർവഹിക്കാനും അവരവരുടെ ഡ്യൂട്ടി സ്ഥലത്തുതന്നെ ഉണ്ടായിരിക്കണമെന്നും പറഞ്ഞു. സെക്യൂരിറ്റിയെ ഉദ്ധരിച്ചും ചില പ്രധാനപ്പെട്ട മാർഗനിർദേശങ്ങൾ നല്കുകയുണ്ടായി. ജമാഅത്തായി നമസ്കരിക്കുന്നതിൽ ഒരു തരത്തിലുള്ള അലംഭാവവും മടിയും കാണിക്കരുത്. കൃത്യസമയത്ത് കൃത്യതയോടെ നമസ്കരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അവസാനം അദ്ദേഹം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ നിർദേശങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സൽക്കരിക്കുന്നതിന്റെ പ്രാധാന്യത്തിൽ വെളിച്ചം വീശി. അവരോടു അങ്ങേയറ്റം ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറണമെന്ന് ഉപദേശിച്ചു. അവസാനം എല്ലാ പ്രവർത്തകരോടും ദുആകളിൽ ശക്തി ചെലുത്താനും പറഞ്ഞു. അല്ലാഹു ഈ ജൽസാ എല്ലാപ്രകാരത്തിലും വിജയകരവും അനുഗൃഹീതവുമാക്കുമാറാകട്ടെ.അവസാനം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസിന്റെ പ്രതിനിധി ദുആ ചെയ്യിച്ചു. ഇപ്രകാരം നടത്തിപ്പുപരമായ കാര്യങ്ങളുടെ ഈ പരിശോധന സമാപിച്ചു. അതിനുശേഷം അവിടന്ന് അതിഥികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള താമസസൗകര്യവും മറ്റും പരിശോധിച്ചു. അത്യാവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

### 2021 ഡിസംബർ 24 ഉൽഘാടന സമ്മേളനം.

ജൽസാസാലാനയുടെ ഉൽഘാടന സമ്മേളനം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ സ്വദ്ർ ഖാദിയാൻ മൗലാനാ മുഹമ്മദു കരീമുദ്ദീൻ ശാഹിദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഇതിനുമുമ്പേ അദ്ദേഹം കൃത്യം 10 മണിക്ക് അഹ്മദിയ്യത്തിന്റെ പതാക ഉയർത്തി. ദുആ ചെയ്യിച്ചു. കശ്മീരിലെ കാറ്പൂര വാസി ത്വാരിഖ് അഹ്മദ് ലോൺ സാഹിബ് വിശുദ്ധ ഖുർആൻ പാരാണം ചെയ്തു. സൂറ അൻഫാലിലെ 21 മുതൽ 26വരെയുള്ള വചനങ്ങളാണ് അദ്ദേഹം പാരായണം ചെയ്തത്. നൂറുൽ ഇസ്ലാം വകുപ്പ് നാഇബ് ഇൻചാർജ് ജമാൽ ശരീഅത്ത് അഹ്മദ് സാഹിബ് അതിന്റെ പരിഭാഷ കേൾപ്പിച്ചു. വിശുദ്ധ ഖുർആൻ പാരായണത്തിനുശേഷം അധ്യക്ഷൻ ഉൽഘാടന ഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)1891- ൽ അല്ലാഹുവിന്റെ കല്പനയാൽ ഈ ജൽസയ്ക്ക് അടിത്തറപാകി. ഈ ജൽസ ഒരിക്കലും ഭൗതിക സമ്മേളനങ്ങൾപോലെയല്ല. പ്രത്യുത ഇതു സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ഈമാനിലും മഅ്രിഫത്തിലുമുള്ള അഭിവൃദ്ധിയാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ആത്മാർഥരും ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരും അറിയുക, ബയ്അത്തു ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികതയോടുള്ള സ്നേഹം തണുക്കുകയും മൗലാകരീമിനോടും റസൂൽകരീം(സ)മിനോടുമുള്ള സ്നേഹം മനസ്സിൽ അതിജയിക്കുകയും ചെയ്യുക എന്നതാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പുതുവർഷത്തിൽ എത്രത്തോളം ആളുകൾ ജമാഅത്തിൽ ചേർന്നിട്ടുണ്ടോ അവരോരുത്തരും നിശ്ചിതതിയതികളിൽ ഹാജരായി തങ്ങളുടെ മുമ്പേ ജമാഅത്തിൽ പ്രവേശച്ചി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 27 January 2022 Issue-4

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ട്ടുള്ളവരുടെ മുഖം കാണുക എന്ന ഒരു താൽക്കാലിക ഗുണവും ഈ ജൽസകൊണ്ടുണ്ട്.' യോഗാധ്യക്ഷൻ പറഞ്ഞു:ഉമ്മത്തെ വാഹിദ(ഒരേയൊരു സമുദായം)ആക്കുന്നതിനുള്ള വളരെ സുപ്രധാനമായ ആ ഇസ്‌ലാമിക സാഹോദര്യമാണിത്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് യു.കെ. ജൽസയിൽ പങ്കെടുത്തവരുടെ ചില ഈമാൻ വർധക പ്രതികരണങ്ങൾ വിവരിക്കുകയുണ്ടായി. യോഗാധ്യക്ഷൻ ഒന്നു പറഞ്ഞത്, ഗിനികൊണാക്രി(ഏൗശിലമ ഈീമസ്യ്യ) യിലെ അൽഹാജ് മുഹമ്മദു വക്കീൽ അല്ലെങ്കിൽ താരാ സഹിബിന്റേതു വിവരിച്ചതാണ്. അദ്ദേഹം മതകാര്യങ്ങളുടെ ഇൻസ്‌പെക്ടർ ജനറലാണ്. അദ്ദേഹം പറയുന്നു:'ജൽസയുടെ ഈ മൂന്നുദിവസങ്ങളിൽ എന്നെ ഏതൊരു കാര്യമാണോ ഏറ്റവുമധികം സ്വാധീനിച്ചത് അത് അഹ്‌മദി സഹോദരങ്ങളുടെ തർബിയ്യത്ത് അഥവാ ശിക്ഷണം ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് മാത്രം നല്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഇവിടെ സംഘടിച്ചിരിക്കുന്ന സകല അഹ്‌മദികളും എങ്ങനെ തോന്നുന്നുവെന്നാൽ ഇവരെല്ലാം ഇസ്‌ലാമികസാഹോദര്യത്തിന്റെ ഉദാത്തമായ മാതൃകയാണ്. ഒരൊറ്റ മാതാവിന്റെ മക്കളും ഒരേയൊരു വീട്ടിൽനിന്ന് വരുന്നവരും പോലെ! അസാധാരണമായ അച്ചടക്കവും സന്നദ്ധസേവകരുടെ മന്ദസ്മിതമായ മുഖവും ജൽസാഗാഹിൽ ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിലുള്ള വരവുംപോക്കുമെല്ലാം കണ്ട് ഇവർ ഏതോ ആകാശസൃഷ്ടികളാണെന്ന് തോന്നിപ്പോയി. ഇതെല്ലാം കണ്ട് തോന്നിയത് ഇന്ന് ഇസ്‌ലാമായിട്ട് ഏതെങ്കിലും ജമാഅത്ത് ഉണ്ടെങ്കിൽ അത് അഹ്‌മദിയ്യ ജമാഅത്തു തന്നെയാണ്.' അദ്ദേഹം പറയുന്നു: 'എനിക്ക് മറ്റു ഇസ്‌ലാമിക രാജ്യങ്ങൾക്കു പുറമെ സഊദി അറേബ്യയിലും പലപ്രാവശ്യം പോകാൻ സന്ദർഭമുണ്ടായിട്ടുണ്ട്. പക്ഷേ, ഞാൻ ഉന്നതമായ ഉൾക്കാഴ്ചയോടെ പറയുകയാണ്, ഇസ്‌ലാമിക സാഹോദര്യം തുളുമ്പുന്ന ഇത്തരം അന്തരീക്ഷം ഒരിടത്തും ലഭ്യമായില്ല. എനിക്കിതു പറയുന്നതിൽ ഒരു മടിയുമില്ല, ഏകദേശം നാൽപതിനായിരം ആളുകളെ ഒരിടത്തു സംഘടിപ്പിക്കുകയും പിന്നീട് തുടർച്ചയായി ഇസ്‌ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ഒരു വഴക്കും വക്കാണവും കൂടാതെ അല്ലാഹുവിനോടുള്ള റസൂലിന്റെ സ്നേഹത്തിൽ ഈ ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്യുക എന്നത് അഹ്‌മദിയ്യ ജമാഅത്തിന്റെ മാത്രം പൊൻതൂവലാണ്.'അവസാനം യോഗാധ്യക്ഷൻ ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആകൾ സമർപിച്ചുകൊണ്ട് തന്റെ പ്രസംഗം അവസാനിപ്പിച്ചു. ഇതിനുശേഷം നബി(സ)തിരുമേനിയെ കുറിച്ചുള്ള സ്തുതിഗീതം മുർശിദ് അഹ്‌മദ് ഡാറും കൂട്ടുകാരും അവതരിപ്പിച്ചു.

ഇന്ന് ജൽസാസാലാനയുടെ ആദ്യയോഗത്തിലെ ആദ്യ പ്രസംഗം നാള്വിർ അഅ്‌ലാ വ അമീർ മഖാമി ഖാദിയാൻ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറിയുടേതായിരുന്നു. അദ്ദേഹത്തിന്റെ വിഷയം 'ഭരണകർത്താക്കൾക്ക് നബി(സ)തിരുമേനി മാതൃക' എന്നതായിരുന്നു. ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം 'സ്വഹാബത്തിന്റെ ജീവചരിത്രം ഹദ്റത്ത് ഇമാം ഹസനും(റ)ഹദ്റത്ത് മിർസാ ബശീർ അഹ്‌മദും'എന്ന ശീർഷകത്തിൽ മുഹമ്മദു ശരീഫ് കൗഥർ സാഹിബിന്റേതായിരുന്നു. ഈ പ്രസംഗം സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് പാക്കിസ്താൻ ഡോക്ടർ അബ്ദുൽഖാലിഖ് സാഹിബിന്റേതായിരുന്നു. അതാണ് ജാമിഅ അഹ്‌മദിയ്യ ഉസ്താദുംകൂടിയായ മുഹമ്മദു ശരീഫ് കൗഥർ സാഹിബ് വായിച്ചു കേൾപ്പിച്ചത്. ഈ പ്രസംഗത്തിനുശേഷം 12 മണിക്ക് ഉൽഘാടന പരിപാടി സമാപിച്ചു.

ജുമുഅ നമസ്കാരം

ജൽസാഗാഹിൽ ജുമുഅ നമസ്കാരത്തിനുള്ള ഒന്നാമത്തെ ബാങ്ക് ഒരു മണിക്ക് വിളിച്ചു. 1.30 ന് ഖുത്ബ്ബ ആരംഭിച്ചു. ഖുത്ബ്ബ നിർവഹിച്ചത് നാഇബ് നാള്വിർ അഅ്‌ലാ ഹാഫിള് മഖ്ദൂം ശരീഫ് സാഹിബായിരുന്നു. ഹുദൂർ അൻവറിന്റെ ഖുത്ബ്ബയുടെ സംക്ഷിപ്തമാണ് കേൾപിച്ചത്.

**ആദ്യദിവസത്തെ രണ്ടാമത്തെയോഗം**

ആദ്യദിവസത്തെ രണ്ടാമത്തെ യോഗനടപടികൾ ഉച്ചയ്ക്ക് കൃത്യം രണ്ടു മണിക്ക് തുടങ്ങി. സ്വദ്ർ മജ്‌ലിസ് തഹ്‌രീക്കെ ജദീദ് ജലാലുദ്ദീൻ നയ്യർ സാഹിബ് അധ്യക്ഷനായി. ജാമിഅ അഹ്‌മദിയ്യ ഉസ്താദ് മുർശിദ് അഹ്‌മദ് സാഹിബ് സൂറ അഅ്റാഫിലെ 55മുതൽ 59വരെയുള്ള വചനങ്ങൾ പാരായണം ചെയ്തു. മർകസ് ഖാളി ദാറുൽഖളാ മൗലവി സയ്യിദ് കലീമുദ്ദീൻ അഹ്‌മദ് സാഹിബ് തഫ്സീറെ സ്വഗീറിൽനിന്നുള്ള തർജമ കേൾപ്പിച്ചു. അതിനുശേഷം നാഇബ് നാള്വിർ ഉമൂറെ ആമ ഖാദിയാൻ നസ്വ്റുൻമിനല്ലാഹ് സാഹിബ് ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)ന്റെ

*നൗനെ ഹാലാനെ ജമാഅത്ത് മുജെ കുച്ഛ് കഹ്നാ ഹെ*

*പർ ഹെ യെ ശർത്വ് കെ സായിഅ് മേരാ പേഗാമ് ന ഹൊ*

എന്നു തുടങ്ങുന്ന പദ്യത്തിലെ ഏതാനും വരികൾ മനോഹരമായ് കേൾപ്പിച്ചു.

ഈ യോഗത്തിൽ രണ്ടു പ്രസംഗങ്ങളാണ് നടന്നത്. ആദ്യ പ്രസംഗം സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യ സ്വദ്ർ ഖാദിയാൻ മൗലാനാ മുഹമ്മദു കരീമുദ്ദീൻ ശാഹിദ് സാഹിബിന്റേതായിരുന്നു. 'ദൈവാസ്തിക്യം ദുആ സ്വീകാര്യതയുടെ വെളിച്ചത്തിൽ' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം.

രണ്ടാമത്തെ പ്രസംഗം സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ ഭാരത് ത്വാരിഖ് അഹ്‌മദ് സാഹിബിന്റേതായിരുന്നു. 'പുതിയതലമുറയുടെ തർബിയ്യത്തും അഹ്‌മദിയ്യ ഖിലാഫത്തും' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം.

ഇതിനുശേഷം യോഗാധ്യക്ഷന്റെ അനുമതിയോടെ ആദ്യദിവസത്തിന്റെ രണ്ടാമത്തെ യോഗം സമാപിച്ചു.

**2021 ഡിസ്ബർ 25 ജൽസയുടെ രണ്ടാമത്തെ ദിവസം**

**രണ്ടാം ദിവസം ആദ്യയോഗം**

രണ്ടാം ദിവസത്തെ ആദ്യയോഗം കൃത്യം 10 മണിക്ക് തുടങ്ങി. ഈ യോഗത്തിന്റെ അധ്യക്ഷൻ നാഇബ് നാള്വിർ അഅ്‌ലാ ജുനൂബി ഹിന്ദ് ശീറാസ് അഹ്‌മദ് സാഹിബായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം ഹാഫ്ള് ഫാറൂഖ് അഅ്ള്വം സാഹിബ് നിർവഹിച്ചു. അദ്ദേഹം സൂറ ബഖറയിലെ 262മുതൽ 265വരെയുള്ള ആയത്തുകളാണ് അദ്ദേഹം പാരായണം ചെയ്തത്. നാഇബ് ഇൻചാർജ് നൂറുൽ ഇസ്‌ലാം മുഹമ്മദു നസ്വ്ർ ഗോറി സാഹിബാണ് ഈ വചനങ്ങളുടെ തർജമ തഫ്സീറെ സ്വഗീറിൽനിന്ന് കേൾപ്പിച്ചത്. അതിനുശേഷം അബ്ദുൽവാസിഅ് മൽക്കാന സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'നൂറെ ഫുർഖാൻ ഹെ ജോ സബ് നൂറോം സെ അജ്‌ലാനിക്‌ലാ' എന്ന പദ്യത്തിൽനിന്ന് ഏതാനും വരികൾ മനോഹരമായ ഈണത്തിൽ കേൾപ്പിച്ചു. ഇതിനുശേഷം ഈ യോഗത്തിൽ മൂന്നു പ്രസംഗങ്ങളാണ് നടന്നത്.

ആദ്യത്തെ പ്രസംഗം നാള്വിം തഅ്മീറാത്ത് അത്വാ ഇലാഹി അഹ്സൻ ഗോറി സാഹിബിന്റേതായിരുന്നു. 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം, ഖുർആനോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തിന്റേയും ഖുർആനിന്റെ സേവനത്തിന്റേയും വെളിച്ചത്തിൽ' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം.

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം നാള്വിർ ബയ്ത്തുൽമാൽ ആമദ് മൗലാനാ റഫീഖ് അഹ്‌മദ് ബേഗ് സാഹിബിന്റേതായിരുന്നു. 'ധനത്യാഗത്തിന്റെ പ്രാധാന്യം നബി(സ)തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജീവചരിത്രത്തിന്റെ വെളിച്ചത്തിൽ' എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

ഈ യോഗത്തിലെ മൂന്നാമത്തെ പ്രസംഗം നാള്വിർ ദഅ്വത്തെ ഇലല്ലാഹ് ശുമാലിഹിന്ദ് മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റേതായിരുന്നു. 'സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസിന്റെ ദുആ സ്വീകാര്യതയുടെ ഈമാൻ വർധക സംഭവങ്ങൾ'എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

**രണ്ടാമത്തെ ദിവസം രണ്ടാമത്തെ യോഗം**

ഈ യോഗത്തിന്റെ അധ്യക്ഷൻ സ്വദ്ർ മജ്‌ലിസ് വഖ്ഫെ ജദീദ് സയ്യിദ് തൻവീർ അഹ്‌മദ് സാഹിബായിരുന്നു. മുത്തഅല്ലിം ജാമിഅ അഹ്‌മദിയ്യ ഖാദിയാൻ ഉമയ്ർ അഹ്‌മദ് അബ്ബാസ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. അദ്ദേഹം സൂറ സ്വഫ്ഫിലെ 7മുതൽ 10വരെയുള്ള ആയത്തുകളാണ് പാരായണം ചെയ്തത്. ഖമറുൽ ഹഖ് ഖാൻ സാഹിബ് ഈ വചനങ്ങളുടെ തർജമ കേൾപ്പിച്ചു. അതിനുശേഷം ഉസ്താദ് ജാമിഅ അഹ്‌മദിയ്യ രിള്‌വാൻ അഹ്‌മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

*ഹമെ ഉസ് യാർ സെ തഖ്‌വാ അത്വാ ഹെ*

*ന യെ ഹം സെ കെ ഇഹ്സാനെ ഖുദാ ഹെ*

എന്ന പദ്യത്തിൽനിന്ന് ഏതാനും വരികൾ സ്വരമാധുര്യത്തോടെ കേൾപ്പിച്ചു.

ഇതിനുശേഷം അഡീഷണൽ നാള്വിർ ഇസ്വ്‌ലാഹ് വ ഇർശാദ് മൗലാനാ മുനീർ അഹ്‌മദ് ഖാദിം സാഹിബ് 'അഹ്‌മദിയ്യ ജമാഅത്തിന്റെ അഭിവൃദ്ധികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ' എന്ന ശീർഷക്കത്തിൽ പ്രസംഗിച്ചു.

അതിനുശേഷം 2021 ഒക്ടോബർ 9ന് ജർമനി ജൽസാസാലാനയിൽ അമീറുൽമുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് അയ്യദഹുല്ലാഹ് ചെയ്ത സമാപന പ്രഭാഷണം ജൽസാഗാഹിൽ കേൾപച്ചു.

**2021 ഡിസ്ബർ 26 ജൽസയുടെ മൂന്നാമത്തെ ദിവസം**

**മൂന്നാമ ദിവസം ആദ്യയോഗം**

മൂന്നാം ദിവസത്തെ ആദ്യയോഗ നടപടികൾ നാള്വിർ ദഅ്വത്തെ ഇലല്ലാഹ് ശുമാലി ഹിന്ദ് മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റെ അധ്യക്ഷതയിൽ തുടങ്ങി. വിശുദ്ധ ഖുർആൻ പാരായണം മുബല്ലിഗ് ഹാഫ്ള് സയ്യാർ അഹ്‌മദ് സാഹിബ് നിർവഹിച്ചു. സൂറ നിസാഇലെ 58മുതൽ 60വരെയുള്ള ആയത്തുകളാണ് അദ്ദേഹം പാരായണം ചെയ്തത്. നാഇബ് അഫ്സർ സാലാന ഖാദിയാൻ മൗലവി മള്ഹർ അഹ്‌മദ് വസീം സാഹിബാണ് ഈ വചനങ്ങളുടെ തർജമ കേൾപ്പിച്ചത്. അതിനുശേഷം മുബല്ലിഗ് സയീദ് അഹ്‌മദ് മൽക്കാന സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'കിയോം അജബ് കർത്തെ ഹൊ ഗർ മെ ആഗയ ഹോക്കർ മസീഹ്

ഖുദ് മസീഹാഇ ക ദം ഭർത്തീ ഹെ യെ ബാദെ ബഹാർ' എന്ന പദ്യത്തിൽനിന്ന് ഏതാനും വരികൾ മനോഹരമായ ഈണത്തിൽ കേൾപ്പിച്ചു.

ഇതിനുശേഷം ഈ യോഗത്തിലെ ആദ്യ പ്രസംഗം നാള്വിർ ദീവാൻ സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യ ഖദിയാൻ ജാവേദ് അഹ്‌മദ് ലോൺ സാഹിബിന്റേതായിരുന്നു. 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുവിശേഷപരവും തക്കീതുപരവുമായ പ്രവചനങ്ങളും വർത്തമാനകാലവും' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം.

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം അഡീഷണൽ നാള്വിർ അഅ്‌ലാ ജുനൂബി ഹിന്ദ് ശീറാസ് അഹ്‌മദ് സാഹിബിന്റേതായിരുന്നു. അദ്ദേഹത്തിന്റെ വിഷയം 'വർത്തമാനകാല മാധ്യമങ്ങളും ദഅ്വത്തെ ഇലല്ലായും' എന്നതായിരുന്നു.

ഈ യോഗത്തിലെ മൂന്നാമത്തെ പ്രസംഗം നാഇബ് നാള്വിർ അഅ്‌ലാ വ നാള്വിർ നശ്ർ വ ഇശാഅത്ത് ഖാദിയാൻ ഹാഫിള് മഖ്ദൂം ശരീഫ് സാഹിബിന്റേതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങളുടേയും ജമാഅത്തിന്റെ പത്രമാസികകളുടേയും പ്രാധാന്യം' എന്നതായിരുന്നു പ്രസംഗവിഷയം. ഇതോടെ മൂന്നാം ദിവസത്തെ ആദ്യത്തെ യോഗം സമാപിച്ചു.(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin